# തണൽ

## Thanal | Author : JK | www.kambistories.com

" സഖീ. വെയിലേറ്റപോൽ വാടി നിൽപ്പൂ നിൻ ജീവിതം. അതിനുമേൽ ഒരു പൂമരമായി തണലേകാൻ കൊതിപ്പൂ എൻ ജീവിതം" "ഈ.. കഥ മനസ്സിലേക്ക് വന്നപ്പോൾ നല്ല സ്റ്റോറിയാവും എന്ന് തോന്നി. പക്ഷേ എഴുതികഴിഞ്ഞപ്പോൾ ആ പ്രദീക്ഷ പോയി. അതുകൊണ്ട് നിങ്ങളും അമിത പ്രദീക്ഷയോടെ വായിക്കാതിരിക്കുക"

ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിൻ നീങ്ങി കൊണ്ടിരിക്കുമ്പോൾ വെറുതെയെങ്കിലും ആ സ്റ്റേഷനെ ഒന്ന് കൂടെ മനസ്സിൽ പകർത്തി.

ഉവാനം ഉമ്പികൾ എന്ന സിനിമയിൽ ക്ലൈമെക്സിൽ ലാലേട്ടൻ സുമലതയെ യാത്രയാകുന്ന സീൻ മനസ്സിലേക്ക് ഓടിവന്നു.

ട്രെയിൻ അതിന്റെ ലക്ഷ്യ സ്ഥാനത്തേക് കുതിക്കുകയാണ്. പിന്നിട്ടുകൊണ്ടിരിക്കുന്ന ഓരോ സ്ഥാലങ്ങളും മനസ്സിലേക്ക് ഒരുപിടി ഓർമ്മകൾ സമാനിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അതിലൊന്നും ഒരു പെൺ കുട്ടിയുടെ മുഖം ഇല്ല എന്നതാണ് സത്യം.

ഇരുപത്തിയറ് വയസ് എത്തിനില്ക്കുമ്പോഴും പ്രണയം ഒരു തിണ്ടപ്പാട് അകലെതന്നെയാണ് .

കാണാൻ ചന്തമില്ലാഞ്ഞിട്ടാണോ.. ഒരിക്കലും അങ്ങനെ വരാൻ വഴിയില്ല. അല്ലങ്കിൽ പിന്നെ പ്ലസ്ടുവിന് പഠിക്കുമ്പോഴും ഡിഗ്രിക്ക് പഠിക്കുമ്പോഴും ആ കുട്ടികൾ വന്ന് എന്നോട് ഇഷ്ടമാണ് എന്ന് പറയുമോ… അതിനർത്ഥം ഞാൻ കാണാൻ തിരക്കേടില്ല എന്നുതന്നെയാലേ…

അത് പോട്ടെ സൗന്ദര്യം ഉണ്ട് എന്നും ഇല്ല എന്നും പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്. അതിന് ഒരു അളവു കോൽ ഉണ്ടോ… എനി അല്പം വെള്ളുത്താൽ ഭംഗിയുണ്ട് എന്നാണോ അർത്ഥം. അങ്ങനെയെങ്കിൽ വെള്ളക്കാരെ കവച്ച വെയ്ക്കുവാൻ നമ്മുക്കാവുമോ…

എന്തെല്ലാമാണ് ഞാൻ ഈ ചിന്തിച്ച കൂട്ടുന്നത്. ഞാൻ മുടിഞ്ഞ ഗ്ലാമറാണ് എന്നുപറയുന്നതും എന്താണ് ഗ്ലാമറിന്റെ അർത്ഥം എന്ന് ചോദിക്കുന്നതും ഞാൻ തന്നെ. അല്ലെങ്കിലും ഈ യാത്ര എന്ന് പറയുന്നത് വല്ലാത്ത ഒരു സംഭവമാണ്. ഇതുപോലെയുള്ള അനാവശ്യ ചിന്തകൾ മനസ്സിലേക്ക് കടന്നുവരും. ഒരുപാട് കാര്യങ്ങൾ വെറുതെങ്കിലും ചിന്തിച്ചുകൂട്ടും.

ട്രെയിൻ വള്ളത്തോൾ നഗറിലൂടെ കടന്ന് പോവുമ്പോൾ മലയാളികളുടെ അഭിമാനമായ കലാമണ്ഡലത്തിലൂടെ വെറുതെ ഒന്ന് കണ്ണോടിച്ചു. ഒരുപാട് പെൺ കുട്ടികൾ പഠിക്കുന്ന സ്ഥലമാണ്. ചിലപ്പോൾ അതിനുള്ളിൽ ആയിരികം എന്റെ വാരിയെല്ല്. ഇത് കേട്ടാൽ നിങ്ങള് വിചാരിക്കും ഇന്നലെ എന്റെ വാരിയെല്ല് ഒരു പട്ടി കടിച്ചുംകൊണ്ട് ഓടി എന്ന്. ഞാൻ അതല്ല ഉദ്ദേശിച്ചത്. പുരുഷന്റെ വാരിയെല്ല് കൊണ്ടാണ് അവന്റെ ഇണയെ സൃഷ്ടിച്ചത് എന്നാണല്ലോ പ്രമാണം ഞാനതിനെ ഉദ്ധരിച്ച എന്നു മാത്രം.

ഉത്രാളിക്കാവ് പിന്നിട്ട് കൊണ്ട് ട്രെയിൻ നീങ്ങികൊണ്ടിരിക്കുമ്പോൾ പ്രകൃതി ഭംഗിയുടെ കാര്യത്തിൽ പാലക്കാടിന് ഒട്ടും പിറകിലല്ല തൃശ്ശൂർ എന്ന കാര്യവും ചിന്തിച്ചു പോയി.

അനവധി സ്റ്റേഷനുകൾ പിന്നിട്ട് ട്രെയിൻ എറണാകുളം ജംഗ്ഷനിൽ എത്തുമ്പോൾ സമയം ഒന്നേമുക്കാൽ. ഇന്ത്യൻ റെയിൽവേ സമയക്രമം പാലിക്കുന്ന കാര്യത്തിൽ അല്പം പുറകിലായതുകൊണ്ട് കൃത്യസമയത്ത് തന്നെ ലക്ഷ്യസ്ഥാനത്തെത്തി.

കാണാൻ തരക്കേടില്ലാത്ത ഒരു ഹോട്ടലിൽ കയറി ഫുഡ് കഴിച്ച ശേഷം നേരെ ഹോസ്റ്റലിലേക്ക് വിട്ടു.

ഞാൻ കിഷോർ. ഒറ്റപ്പാലം മനിശ്ശിരി എന്ന ഗ്രാമത്തിലാണ് വീട്. അച്ഛനും അമ്മയും ചേട്ടനും അടങ്ങിയ ഒരു സാദാരണ ചെറിയ കുടുബം. പഠിപ്പ് കഴിഞ്ഞ് ഇത്രയും കാലം അച്ഛന്റെയും ചേട്ടന്റെയും ചിലവിൽ കഴിഞ്ഞു.

പക്ഷേ ചേട്ടന്റെ കല്യാണം കഴിഞ്ഞതോടുകൂടി അവിടെന്ന് കിട്ടിക്കൊണ്ടിരുന്ന ഫണ്ട് നിലച്ചു. പിന്നെയുണ്ടായിരുന്ന ധനസഹായം അച്ഛനായിരുന്നു. അമ്മയുടെ ഇടപെടൽ മൂലം അതുകൂടി നിലച്ചപ്പോൾ നിത്യ ചിലവ് വഴിമുട്ടി. പിന്നീട് ജോലി ഒരു അനിവാര്യ ഘടകമായപ്പോൾ ബാങ്ക് ടെസ്റ്റ് എഴുതി. ശുക്രൻ ഉച്ചിയിലായതുകൊണ്ട് അത് കിട്ടി.

പക്ഷേ ഒരു പ്രശ്നം പറ്റി. എറണാകുളത്തുള്ള ഒരു ബ്രാഞ്ചിലേക്ക് ആയിരുന്നു പോസ്റ്റിങ്. ജോലി അനിവാര്യമായതുകൊണ്ട് തന്നെ തള്ളിക്കളയാനും പറ്റാത്ത അവസ്ഥ.

അങ്ങനെ ഒറ്റപ്പാലത്തുള്ള ഒരു ഉൾനാടൻ ഗ്രാമത്തിൽ നിന്നും കേരളത്തിലെ ഹൈടെക് സിറ്റി ആയ കൊച്ചിയിലേക്ക് ഒരു പറിച്ചു നടൽ.

*******************************************

തലേന്ന് അലാറം സെറ്റ് ചെയ്തിട്ടാണ് കിടന്നത്. പിറ്റേന്ന് അലാറം അടികുന്ന സൗണ്ട് കേട്ടാണ് ഞാൻ ഉണർന്നത്. ഫോണെടുത്ത് അലാറം ഓഫ് ചെയ്ത് സമയം നോക്കി. എട്ട് മണി.

സ്കൂൾ ലൈഫിന് ശേഷം ഇത്രയും നേരത്തെ എഴുനേൽക്കുന്നത് ഒട്ടും പതിവില്ലാത്തതാണ്. അപ്പോൾ തന്നെ കാര്യത്തിന്റെ കിടപ്പ് മനസ്സിലായി കാണുമല്ലോ. നേരത്തെ എഴുനേൽക്കേണ്ട മടിക്ക് ജിമ്മിൽ പോവുന്നതുപോലും വൈകിട്ടുള്ള ഷിഫ്റ്റിനാണ്.

ബാങ്ക് ടൈം പത്തു മണിക്കാണ് എങ്കിലും ഒരു ഒമ്പതരക്ക് എങ്കിലും എത്തേണ്ടേ.. പ്രത്യേകിച്ച് ഫസ്റ്റ് ഡേ ആവുമ്പോൾ.

രാവിലത്തെ ഫുഡ് ഹോസ്റ്റൽ മേസിൽ നിന്നും കഴിച്ചു. ഉച്ചത്തെക്കുള്ളത് ഹോട്ടലിൽ നിന്നും കഴിക്കണം.

വീട്ടിൽ ആകെയുള്ളത് ചേട്ടന്റെ ബൈക്കാണ്. അത് ഇങ്ങോട്ട് കൊണ്ടുവരാൻ ചേട്ടൻ സമ്മദിച്ചില്ല. അതുകൊണ്ട് ബസ്സ് തന്നെ ശരണം.

ബസ്സിൽ നല്ല തിരക്കാണ്. രാവിലെ ആയതുകൊണ്ട് തന്നെ ജോലിക്ക് പോവുവരുടെയും സ്റ്റുഡൻസിന്റെയും നല്ല തിരക്ക്. പോരാത്തതിന് ഒട്ടും വശമില്ലാത്ത എക്സിക്യൂട്ടീവ് ലുക്കും. ഷർട്ട് ഇൻ ചെയ്തത് കാരണം ജെട്ടിക്കുള്ളിൽ ഉറുമ്പ് കയറിയ അവസ്ഥ.

പത്ത് മിനുട്ടുള്ള യാത്ര അവസാനിച്ചത് ഞാൻ വർക്ക് ചെയ്യാൻ പോവുന്ന ബാങ്കിന്റെ മുന്നിലാണ്.

സെക്യൂരിറ്റി മുന്നിൽ തന്നെ നിൽപ്പുണ്ട്. ഞാൻ ഒന്ന് ചിരിക്കാൻ ശ്രമിച്ചു. പക്ഷേ അയാൾ അത് കണ്ട ഭാവം നടിച്ചില്ല. ഞാൻ അയാൾക്കാടുത്തേക് ചെന്നു.

ഞാൻ ഇവിടെ പുതുതായി ജോയിൻ ചെയ്യാൻ വന്നതാണ്. മേനേജർ എത്തിയോ..

ഇല്ല.. മാഡം വരാൻ പത്തുമണിയാവും. അയാൾ മറുപടി തന്നു.

ഞാൻ കുറച്ച് അപ്പുറത്തേക്ക് മാറി നിൽക്കാൻ ശ്രമിച്ചു.

ഉള്ളിൽ കയറി ഇരുന്നോളൂട്ടോ.. അയാൾ മാന്യമായി പറഞ്ഞു.

ഞാൻ ബാങ്കിന്റെ വാതിൽ തുറനാശേഷം ഉള്ളിലേക്ക് കയറി.

എന്ത് ചെയ്യണമെന്ന് ഒരു പിടിയുമില്ല. മാനേജരാണെങ്കിൽ എത്തിയിട്ടുമില്ല. ഒന്നരണ്ട് പേർ ഉള്ളത് ഒഴിച്ചാൽ മറ്റു കസേരകൾ ഒഴിഞ്ഞ് കിടന്നു.

ഞാൻ വിസിറ്റേഴ്സ് ഇരിക്കുന്ന ചെയറിലേക്ക് ഇരുന്നു. രണ്ട് മിനിറ്റ് കഴിഞ്ഞതും ബാങ്കിന്റെ വാതിൽ തള്ളി തുറന്നുകൊണ്ട് ഒരു പെൺ കുട്ടി ഉള്ളിലേക്ക് കടന്നുവന്നു. അവൾ ഞാൻ ഇരിക്കുന്നിടത്തേക്ക് നോക്കിചിരിച്ചു. ശേഷം അവൾ എനിക്കരികിലേക്ക് നടന്നുവന്നു.

ഹായ്... അവൾ എനിക്ക് നിറ പുഞ്ചിരിയോടെ ഒരു ഹായ് തന്നു.

ഹായ്.. ഞാനും തിരിച്ചും വിഷ്ചെയ്തു.

ഞാൻ രമ്യ. പുതിയ അപ്പോയിമെന്റ് ആണല്ലെ... എന്താ പേര്.

കിഷോർ...

സെക്യൂരിറ്റി ചേട്ടൻ പറഞ്ഞിരുന്നു പുതിയ അപ്പോയിമെന്റ് ഉണ്ടെന്ന്. ഞാൻ ഇവിടെ ഗോൾഡ് ലോൺ സെക്ഷനിലാണ്. അവൾ പറഞ്ഞു.

ഞാൻ അവളെ നോക്കി ചിരിക്കുക മാത്രം ചെയ്തു.

പിന്നീടാങ്ങോട്ട് ഓരോരുത്തരായി കയറി വന്ന് അവരവരുടെ സീറ്റിൽ ഇരുന്നു. ചിലർ അവിടെനിന്നും കൊണ്ട് തന്നെ ചിരിച്ച് കാണിച്ചു. ചിലർക്ക് അതിനും സമയമില്ലായിരുന്നു.

പത്ത് മണി ആയതും ഒരു നാല്പത് നാൽപതി അഞ്ചിനോട് അടുത്ത് പ്രായം വരുന്ന ഒരു സ്ത്രീ ഉള്ളിലേക്ക് കയറി വന്നു. അവർ നേരെ മാനേജറുടെ കേബിനിലേക്ക് പോയി.

ആഹാ.. അപ്പോ ഇതാണ് മാനേജർ. ഞാൻ ചെയറിൽ നിന്നും എഴുനേറ്റ് നേരെ അവരുടെ അടുത്തേക്ക് നടന്നു.

മെ ഐ കമിങ്..

യെസ്..

ഞാൻ ക്യാബിനിൽ കടന്നതും അവരെ നോക്കി ചിരിച്ചു. അതിന്റെ പ്രതിഫലനം എന്നോണം തിരിച്ച് അവരുടെ മന്ദസ്മിതം എനിക്കുനേരെ നീണ്ടു.

കിഷോർ അല്ലെ...

അതെ മാഡം. എന്റെ കയ്യിലെ ഫയലും എക്സിക്യൂട്ടീവ് ലുക്കും കണ്ടതിനാലാവണം അവർ എന്നെ തിരിച്ചറിഞ്ഞു.

പിന്നിട് അവർ എനിക്ക് വേണ്ട നിർദേശങ്ങൾ നൽകി. തൽകാലം ലോൺ സെക്ഷൻ നോക്കാൻ പറഞ്ഞു.

വരു.. അവർ എനിക്ക് മുന്നിൽ കേബിനിൽ നിന്നും പുറത്തിറങ്ങി.

ദാ.. ആ കാണുന്ന സിറ്റ് കിഷോറിന്റെയാണ്. അവർ ഒരു സീറ്റ് ചൂണ്ടിക്കൊണ്ട് എന്നോട് പറഞ്ഞു.

Ok മാഡം. ഞാൻ അവർ ചൂണ്ടി കാണിച്ച സീറ്റിൽ പോയിരുന്നു.

എന്റെ തോട്ട അപ്പുറത്തെ സീറ്റിൽ ഇരിക്കുന്നുണ്ട് ഒരുത്തൻ. ഞാൻ വന്നപ്പോൾ മൈന്റ് ചെയ്യാതിരുന്ന തെണ്ടി. അപ്പോഴാണ് അവന്റെ മുന്നിൽ ഇരിക്കുന്ന ബോർഡ് ഞാൻ ശ്രദ്ധിച്ചത്. മെ ഐ ഹെല്പ് യൂ .

ഒ... അപ്പോ അതാണ്. ഇതിനാണോടാ തെണ്ടി നിനക്കിത്ര ജാഡ. എനിയിപ്പോ എന്തായാലും ഞാൻ അങ്ങോട്ട് കയറി സംസാരിക്കാൻ പോവുന്നില്ല. ജാഡ തെണ്ടി.

എന്റെ അടുത്തേക്ക് പ്രത്യകിച്ച് ആളുകൾ ഒന്നും വരുന്നില്ല. കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ വെറുതെ ഇരിക്കുനത് കണ്ടതുകൊണ്ടാവണം. ആളുകൾ ഓരോ സംശയവും ചോദിച്ച് എന്റെയടുക്കൽ വന്നുകൊണ്ടിരുന്നു. അങ്ങനെ അവന്റെ പണികൂടി ഞാൻ ചെയേണ്ടിവന്നു.

അപ്പോഴാണ് ഞാനത് ശ്രദ്ധിക്കുന്നത്. രമ്യ ഇടക്കിടക്ക് ഇങ്ങോട്ട് നോക്കുന്നുണ്ട്. ആ ബ്രാഞ്ചിൽ ആകെയുള്ള രണ്ട് പെൺ തരികളിൽ ഒന്ന്. ആളൊരു ആവറേജ് ആണെങ്കിലും ഇവിടതെ അവസ്ഥ വച്ച് നോക്കുബോൾ അത് ഒരു മരുഭ്രമിയിലെ മഴ തന്നെയാണ്.

നമ്മുടെ നാട്ടിലെ ബാങ്കുകളിലെ സ്റ്റാഫുകളെ കണ്ടാൽ അവിടെ നിന്നും ഇറങ്ങാൻ തോന്നില്ല. പക്ഷേ ഇവിടത്തെ അവസ്ഥ വളരെ പരിതാപകരമാണ്. കൊച്ചി പോലുള്ള നഗരത്തിലും കുട്ടികൾക്ക് ഇത്രക്ക് ക്ഷമമോ... ഞാൻ ചിന്തിച്ചു.

അപ്പോഴാണ് ഞാൻ ആ കാര്യം ശ്രദ്ധിച്ചത്. മാനേജർ മാഡം അസിസ്റ്റന്റ് മാനേജറുടെ ചെയറിൽ ഇരുന്നുകൊണ്ട് ജോലി ചെയുന്നു.

അപ്പോ ശരിക്കും ഇവർ ആരാണ്. മാനേജരോ അതോ അസിസ്റ്റന്റ് മാനേജരോ.. ചെറിയ ഒരു സംശയം എനിക്ക് തോന്നി.

ലഞ്ച് ടൈം ആയപ്പോൾ എല്ലാവരും അവരവർ കൊണ്ടുവന്ന ഫുഡും കൊണ്ട് ഡൈനിങ് ഏരിയയിലേക്ക് പോയി. രമ്യ മാത്രം എന്റെ അടുത്തേക്കാണ് വന്നത്.

കിഷോർ.. ഫുഡ് കൊണ്ടുവന്നിട്ടുണ്ടോ...

ഇല്ല രമ്യ. ഹോട്ടലിൽ പോവണം. ഞാൻ പറഞ്ഞു.

മ്മ്.. ശരി. അവൾ അതും പറഞ്ഞ് ഫുഡ് കഴിക്കാൻ പോയി.

സത്യം പറഞ്ഞാൽ അവളുടെ ആ ഒരു പ്രവർത്തിയിൽ നിന്ന് എനിക്ക് അവളോട് അല്പം ബഹുമാനം തോന്നി. കാരണം മറ്റാരും എന്നോട് ഇതുവരെ സംസാരിക്കാൻ പോലും വന്നിട്ടില്ല എന്നത് തന്നെ.

നമ്മൾ ആദ്യമായി ഒരു ജോലിക്ക് കയറുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന വലിയൊരു പ്രശ്നം.

പുറത്ത് പോയി തരക്കേടില്ലാത്ത ഒരു ഹോട്ടൽ കണ്ടുപിടിച്ച് അവിടെ നിന്നും നാടൻ ഫുഡ് കഴിച്ചു.

അത് കഴിഞ്ഞ് ഞാൻ വീണ്ടും ബാങ്കിലേക്ക് നടന്നു. എനി രണ്ട് മണിക്ക് ശേഷം മാത്രമേ ബാങ്ക് പ്രവർത്തിക്കുകയൊള്ളു. അതുവരെ ഫ്രീയാണ്.

ഞാൻ എന്റെ ചെയറിൽ പോയി ഇരുന്നതും ഓരോരുത്തരായി എന്റെ അടുത്ത് വന്ന് പരിജയപെട്ടു.

അവസാനം ആ ജാഡ തെണ്ടിയും എന്റെ അടുത്തുവന്നു.

ഹായ്.. ഞാൻ രാഹുൽ.

ഹായ്... ഞാൻ കിഷോർ.

പിന്നീട് മറ്റ് കാര്യങ്ങൾ എല്ലാം ഞങ്ങൾ ഫ്രീയായി സംസാരിക്കുവാൻ തുടങ്ങി. അതിൽനിന്നും ഒരു കാര്യം എനിക്ക് വ്യക്തമായി. ഒന്നുകിൽ ഇവിടെ എന്റെ ഏറ്റവും അടുത്ത സുഹൃത്താവാൻ പോകുന്നവൻ. അല്ലങ്കിൽ ഇവനാവും എനിക്ക് ഏറ്റവും വലിയ പാരയവൻ പോവുന്നത്.

മൂന്ന് മണി കഴിഞ്ഞപ്പോൾ പിന്നെ ബാങ്കിൽ ഞങ്ങൾ സ്റ്റാഫുകൾ മാത്രമായി. പിന്നീടങ്ങോട്ട് നാല് മണിവരെ ഓരോ സെക്കൻഡുകളും തള്ളി നീക്കുകയായിരുന്നു.

ഇതിനിടയിലും രമ്യ ഇടക്ക് എന്റെ അടുത്ത് വന്ന് ഓരോന്ന് സംസാരികാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ അത് മറ്റുള്ളവർ ശ്രദ്ധിക്കുന്നുണ്ട് എന്ന് മനസ്സിലായപ്പോൾ ഞാൻ അല്പം അകലം പാലിച്ചു. എന്റെ പണികൾ കഴിഞ്ഞപ്പോൾ ഞാൻ നേരെ ഹോസ്റ്റലിലേക്ക് തിരിച്ചു.

വഴിമദ്യ ഒരു ചായ കുടിച്ചതിനുശേഷം ഹോസ്റ്റലിലേക്ക് പ്രയാണം ആരംഭിച്ചു.

സായാഹ്ന രശ്മിയിൽ പൊതിഞ്ഞ കൊച്ചിക്ക് ഒരു പ്രത്യേക ഭംഗിയാണ്. മെട്രോ പലതിനടിയിലൂടെ തണൽ പറ്റി കലപില കൂട്ടി പോവുന്ന സ്കൂൾ കുട്ടികളും.

മോഡേൺ രീതിയിൽ ആരെയും ആകർഷികാൻ പോന്ന വസ്ത്രങ്ങളണിഞ്ഞ് ഫുഡ് പാതിലൂടെ അന്നനട നടന്നുകൊണ്ട് വരുന്ന തരുണി മണികളും.

കൈ വിട്ടാൽ അകന്ന് പോവും എന്ന ഭയത്തോടെ കരുതലോടെ കോർത്ത് പിടിച്ച കൈകളാൽ നടന്നുവരുന്ന ഇണ പ്രാവുകളും.

വെയിലേറ്റ് വാടിയ മുഖത്ത് വാടാതെ സൂക്ഷിച്ച പുഞ്ചിരിയുമായി കയ്യിൽ അന്നന്നത്തെക്കുള്ള അരിയുമായി വീട്ടിലേക്ക് മടങ്ങുന്ന പാവങ്ങളും.

ലുലുമാളിന്റെ ശീതളിമയിൽ ഷോപ്പിങ് കഴിഞ്ഞ് ആഡംബര കറുകളിൽ കോടികളുടെ അപർട്ട്മെൻഡിലേക്ക് പോവുന്ന ധനികരും.

കൊച്ചിയുടെ കാഴ്ചകൾ എനിയും അനവതി. അവ വർണിക്കാൻ നമ്മുക്ക് ദിവസങ്ങൾ എടുത്തേക്കാം. ഞാൻ ഹോസ്റ്റലിൽ എത്തി.

ബോയ്സ് ഹോസ്റ്റൽ എന്ന് പറയുമ്പോൾ പല മേഖലയിലുള്ളവരുമുണ്ട്.

പഠിക്കുന്നവരുണ്ട് ജോലി ചെയുന്നവരുണ്ട്. ഒറ്റക്ക് താമസിക്കുന്നവർക് ബഡ്ജറ്റ് ഫ്രണ്ട്ലിയായി താമസിക്കാൻ പറ്റിയ ഒരിടം.

ഡ്രസ്സ് എല്ലാം നമ്മൾ തന്നെ കഴുകണം എന്നതൊഴിച്ചാൽ മറ്റ് പ്രശ്നങ്ങൾ ഒന്നുമില്ല. ഹോസ്റ്റൽ ലൈഫിലെ ഏതൊരു ആളെയും മടുപ്പിക്കുന്ന ഒരു പണിയും അതാണലോ.

ഒരു ദിവസം മടി പിടിച്ചിരുന്നാൽ അടുത്ത ദിവസതെക്ക് ഇരട്ടി പണിയായി മാറുകയ്യും ചെയ്യും.

ഞാൻ ഇന്നലെ ഇങ്ങോട്ട് വരുമ്പോൾ ഇട്ടതും. ഇന്ന് ബാങ്കിലേക്ക് പോവുമ്പോൾ ഇട്ടതുമായ രണ്ട് ജോഡി ഡ്രസ്സ് കഴുകി.

ആ പണി കഴിഞ്ഞപ്പോൾ സത്യം പറഞ്ഞാൽ അമ്മ എന്റെ മുന്നിൽ ഉണ്ടെങ്കിൽ ഒന്ന് തൊഴണം എന്ന് തോന്നിപോയി.

###############################

പിറ്റേന്ന് പതിവ് പോലെ ബാങ്കിലേക്ക് വിട്ടു. പോകുന്ന വഴിക്ക് ഒരുപാട് സുന്ദരികളായ പെൺകുട്ടികളെ കാണം. ചിലർ നമ്മളിലൂടെയും ഒന്ന് നോട്ടം പായിക്കും. നല്ല സുഖകരമായ കാഴ്ചത്താനെയാണത്.

പത്തുമണിക്ക് പത്ത് മിനിറ്റ് ഉള്ളപ്പോൾ ഞാൻ ബാങ്കിലെത്തി. ഇന്ന് സെക്യൂരിറ്റി ചേട്ടനോട് അങ്ങോട്ട് ചിരിക്കുന്നതിനുമുൻപ് അയാൾ ഇങ്ങോട്ട് ചിരിച്ചു.

അങ്ങനെ ഞാൻ എന്റെ ചെയറിൽ പോയിരുന്നു. രാഹുൽ എനിക്ക് നേരെ കൈ ഉയർത്തികാണിച്ചു. ഞാനും അവന് നേരെ കൈവീശി കാണിച്ചു.

പിന്നിട് അങ്ങോട്ട് ഓരോരുത്തരായി കയറിവന്നു. അതിനിടയിൽ രമ്യയും കയറി വന്നു. അവരെല്ലാം എനിക്കും ഒരു ചിരി തരാൻ മടിച്ചില്ല. സത്യം പറഞ്ഞാൽ ആ ഒരു പ്രവർത്തി എനിക്കല്പം സന്തോഷം പകരുകയും ചെയ്തു.

പത്ത് മണിക്ക് ബാങ്കിംഗ് ടൈം തുടങ്ങുന്നതിന് സെക്കൻഡുകൾ മാത്രം ശേഷിക്കെ ബാങ്കിന്റെ വാതിലും തള്ളി തുറന്നു കൊണ്ട് ഒരു സ്ത്രീ രൂപം ഉള്ളിലേക്ക് പ്രേവേശിച്ചു.

വാടമാലി കളർ ചുരിതാറിനുള്ളിൽ നിറഞ്ഞ് നിൽക്കുന്ന സൗന്ദര്യം എന്നെ അവളിലേക്ക് ആകർഷിച്ചു.

അഞ്ചരയടിക്ക് മുകളിൽ ഉയരമുണ്ട്. അതിനൊത്ത താടിയും കൂടി ആയപ്പോൾ ഒരു മോഡലിനെപോലെ തോന്നി. ഈ.. രണ്ട് ദിവസം കൊണ്ട് ഞാൻ കൊച്ചിയിൽ കണ്ടതിൽ വച്ച് ഏറ്റവും സൗന്ദര്യമുള്ള സ്ത്രീ രൂപം അതാണെന്ന് തോന്നി.

പാലക്കാടൻ നടൻ സൗന്ദര്യവും കൊച്ചിയുടെ ആധുനിക സൗന്ദര്യവും ചേർന്ന പെണ്ണ്. ഒറ്റ നോട്ടത്തിൽ നിന്നുതന്നെ സൗന്ദര്യം അതീവ ശ്രദ്ധയോടെ പരിപാലിക്കുന്ന ആളാണെന്ന് മനസ്സിലായി.

ഞാൻ വെറുതെയൊന്ന് രാഹുലിനെ നോക്കി. സ്ത്രീകൾക്ക് നേരെയുള്ള കഴുകാൻ കണ്ണ് എന്ന് പറയുന്നത് ഇതിനെയാണ് എന്നെനിക്ക് തോന്നി പോയി.

അവനിൽ നിന്നും ഞാൻ കണ്ണ് അവിടെ ഇരിക്കുന്ന മറ്റ് പുരുഷൻമാരിലേക്ക് പായിച്ചു.

സത്യം പറഞ്ഞാൽ ഞാൻ ഒരു പുരുഷനയത്തിൽ ഒരല്പം അഭാമാനം തോന്നിയ നിമിഷം.

ആരാണ് തമ്മിൽ ഭേദം എന്ന് തിരിച്ചറിയാൻ പോലും കഴിയാത്ത അവസ്ഥ. പിന്നീട് കണ്ണ് നീണ്ടത് രമ്യയുടെ നേർക്കായിരുന്നു. പക്ഷേ ആ കണ്ണുകൾ മാത്രം എനിക്ക് നേരെ ആയിരുന്നു.

അവർ വന്ന് അസിസ്റ്റന്റ് മാനേജറുടെ സീറ്റിൽ ഇരുന്നപ്പോഴാണ് ഞാൻ ശരിക്കും ഞെട്ടിയത്.

ഒരല്പം നേരം കൂടിക്കഴിഞ്ഞപ്പോഴാണ് മറ്റുള്ളവരുടെ നോട്ടത്തിന്റെ അർത്ഥം എനിക്ക് മനസ്സിലാവാൻ തുടങ്ങിയത്.

എത്രയൊക്കെ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടും എന്റെ കണ്ണുകളും അവർക്ക് നേരെ നീണ്ട് പോവുന്നതുപോലെ.

ഞാൻ കുറച്ച് പാട്പെട്ട് എന്റെ കണ്ണുകളെ നിയാത്രിച്ച് നിർത്തി.

ഉച്ചത്തെ ഫുഡ് കഴിക്കാൻ പതിവ് പോലെ ഹോട്ടലിലേക്ക് പോയി. തിരിച്ച് വരുമ്പോൾ എല്ലാവരും ഫുഡ് കഴിക്കുന്ന തിരക്കിലായിരുന്നു. ഞാൻ എന്റെ ഫോണിൽ തോണ്ടികൊണ്ടിരിക്കുമ്പോൾ രമ്യ എന്റെ അടുത്തേക് വന്നു. വരവ് കണ്ടപ്പോൾ തന്നെ കൊഞ്ചനുള്ള വരവാണ് എന്ന് മനസ്സിലായി.

കുറച്ച് നേരം അവൾ എന്തൊക്കെയോ ചോദിച്ചു. ഞാൻ അതിന് വെറും മൂളലോടെ മറുപടി കൊടുത്തുകൊണ്ടിരുന്നു. പെട്ടനാണ് ഫുഡ് കഴിക്കല് കഴിഞ്ഞ് അസിസ്റ്റന്റ് മാനേജർ അത് വഴി പോവുന്നത് കണ്ടത്.

രമ്യ... അതാണോ നമ്മുടെ അസിസ്റ്റന്റ് മാനേജർ.. ഞാൻ അവൾ മാത്രം കേൾക്കാൻ പാകത്തിന് ചോദിച്ചു.

അതെ... അഭിചേച്ചി.

അഭി. ചേച്ചിയോ...

അതേടാ ഇവിടെ അഖില മാഡത്തിനെ മാത്രമേ മാഡം എന്ന് വിളിക്കാറുള്ളൂ. മറ്റ് എല്ലാരും പരസ്പരം പേരാണ് വിളിക്കാറ്.

ആഹാ എന്നിട്ട് നീയെന്ത ചേച്ചി എന്ന് വിളിക്കുന്നത്.

പിന്നെ പ്രായത്തിന് മൂത്തവരെ ചേച്ചി എന്ന് വിളിക്കേണ്ടേ...

ങേ... അപ്പോ നിനക്ക് എത്ര വായസുണ്ട്.

എനിക്കോ.. എനിക്ക് ഇരുപത്തി നാല്.

അപ്പോ അവർക്ക് നിനെക്കാൾ പ്രായമുണ്ട് എന്നാണോ നീ പറയുന്നത്.

അതേടാ... അവർക്ക് മുപ്പത് മുപ്പതൊന് വയസുണ്ട്. പിന്നെ ഒരു കുട്ടിയുമുണ്ട്.

അവൾ പറഞ്ഞ കാര്യങ്ങൾ കേട്ട് എന്റെ വാ തുറന്നുപോയിരുന്നു.

കണ്ടാൽ അത്രയും പറയില്ലാട്ടോ... ഞാൻ അറിയാതെ പറഞ്ഞുപോയി.

മ്മ്... രമ്യയുടെ മുഖത്ത് നോക്കിയപ്പോൾ ഗൗരവത്തിലുള്ള ഒരു മൂളലായിരുന്നു മറുപടി.

ഞാൻ ഒന്ന് ചിരിച്ച് കാണിച്ചു.

അല്ല... അപ്പോ.. എന്താ അവര് സിഗ്നൽ ഇടാത്തത്..

സിഗ്നലോ...

ആ.. കല്യാണം കഴിഞ്ഞവർ സിന്ധുരം തൊടിലെ അത്.

അവര് ഡിവോഴ്സാണ്.. അവൾ പറഞ്ഞു.

അത് കേട്ടപ്പോൾ എനിക്ക് പ്രത്യകിച്ച് ഒന്നും തോന്നില്ല. ഇന്നത്തെ കാലത്ത് ഒരു സാദാരണ പരുപാടി ആണലോ അത്.

അല്ലെടീ അപ്പൊ അവരുടെ ശരിക്കുള്ള പേരെന്താ...

അഭിരാമി.. അഭിരാമി മേനോൻ.

പിന്നീട് ബാങ്ക് തുടങ്ങിയപ്പോൾ ഒരു മണിക്കൂർ തലങ്ങും വിലങ്ങും നോക്കാൻ സമയം കിട്ടിയില്ല. അത്രത്തോളമുണ്ടായിരുന്ന തിരക്ക്.

##########################

പിന്നിട്ടുള്ള ദിവസങ്ങൾ സാദാരണ പോലെ കഴിഞ്ഞു പോയി. രമ്യക്ക് എന്നും എന്റെയടുത് വന്ന് സംസാരിച്ചില്ലെങ്കിൽ ഉറക്കം വരില്ല എന്ന് പറയുന്ന അവസ്ഥ. ഞാൻ കഴിയുന്നിടത്തോളം ഒഴിഞ്ഞ് മാറികൊണ്ടിരുന്നു.

അഭിരാമി ആവശ്യങ്ങൾക്ക് മാത്രമാണ് എന്നോടും അതുപോലെ തന്നെ മറ്റ് സ്റ്റാഫുകളോടും സംസാരിക്കാറുള്ളൂ. അവൾ രമ്യയോട് ഒഴികെ മറ്റാരോടും അളവിൽ കവിഞ്ഞ സംസാരം ഇല്ല എന്നതാണ് സത്യം.

എന്നാലും അവൾ എനിക്ക് മുനിലൂടെ ബാങ്കിലേക്ക് കയറിവരുബോൾ എന്നും ഞാൻ പ്രദീക്ഷയോടെ നോക്കും . ഒരു നോട്ടത്തിനായി.

പക്ഷേ നിരാശയായിരുന്ന ഫലം. എങ്കിലും മറ്റുള്ളവരെ പോലെ നോക്കി വെറുപ്പിക്കാൻ എനിക്ക് ഒട്ടും താല്പര്യം ഉണ്ടായിരുന്നില്ല. ഒരുപക്ഷേ പണ്ടുമുതലേ ഞാൻ അങ്ങനെ ആയിരുന്നത് കൊണ്ടായിരിക്കാം .

രണ്ടാം ശനിയും നാലാം ശനിയും ബാങ്ക് അവധി ആയതുകൊണ്ട് ഞാൻ നാട്ടിൽ പോവും.

അങ്ങനെ എന്റെ ആദ്യ ശമ്പളം വരുന്ന ദിവസം. രമ്യ രണ്ട് ദിവസം മുൻപ് തന്നെ ചിലവ് വേണം എന്ന് പറഞ്ഞിരുന്നു. ഇന്ന് രാഹുല് കൂടെ ആ ആവശ്യം മുൻപോട്ടു വച്ചപ്പോൾ കുറച്ച് ലഡ്ഡുവെങ്കിലും വാങ്ങി കൊടുക്കാൻ തീരുമാനിച്ചു.

അന്ന് പതിനൊന്ന് മണിയോടെ തന്നെ സാലറി ക്രെഡിറ്റായി എന്ന് മെസ്സേജ് വന്നു. ഞാൻ ലഞ്ച് ടൈമിനിടയിൽ കുറച്ച് ലഡ്ഡു വാങ്ങി വന്നു.

അത് ഞാൻ ഓരോരുത്തർക്കായി കൊടുക്കുവാൻ തുടങ്ങി. പണ്ട് സ്കൂളിൽ പഠിക്കുന്ന സമയത്ത് പിറന്നാളിന്റെ അന്ന് മിഠായി വിതരണം ചെയ്യുന്നത് ഓർമ്മവന്നു.

രാഹുലും രമ്യയും രണ്ട് ലഡ്ഡു വീതം എടുത്തതിനുശേഷം. അവർക്ക് ഇത് മാത്രം പോരാ എന്ന് കട്ടയം പറഞ്ഞു.

മറ്റുള്ളവർക്കെല്ലാം കൊടുത്തതിനുശേഷം അവസാനം ഞാൻ അഭിരാമിയുടെ അടുത്തേക് ചെന്നു. ആദ്യമായാണ് ഒരു പേഴ്സണൽ കാര്യവുമായി ഞാൻ അവളുടെ അടുത്തേക് ചെല്ലുന്നത്.

അവൾ അവളുടെ ചെയറിൽ ഇരുന്നുകൊണ്ട് ഫോണിൽ എന്തോ നോക്കുകയാണ്.

മാഡം... ഞാൻ അവളെ വിളിച്ചു. രമ്യ ചേച്ചി എന്ന് വിളിക്കുന്നുണ്ടെകിലും എനിക്ക് എന്തോ അങ്ങനെ വിളിക്കാൻ എന്റെ മനസ്സനുവദിക്കുന്നില്ല. അഭിരാമി എന്ന് വിളിക്കാനും പറ്റുന്നില്ല. അതുകൊണ്ട് ഞാൻ അവരെ മാഡം എന്നാണ് വിളിച്ചിരുന്നത്. അവൾക്കും അതിൽ പ്രശ്നമില്ലാത്തതുകൊണ്ടാണ് എന്ന് തോന്നുന്നു അവളും അത് തിരുത്തിയില്ല.

അവൾ എനിക്ക് നേരെ മുഖമുയർത്തി നോക്കി. എന്റെ കയ്യിലെ ലഡ്ഡുവിന്റെ ബോക്സ് കണ്ടതുകൊണ്ടാവണം അവളുടെ മുഖത്ത് ഒരു ആകാംശ രൂപം കൊണ്ടു.

മാഡം.. എന്റെ ഫസ്റ്റ് സാലറിയുടെ ചെറിയ ഒരു ചിലവാണ്. ഒരു ലഡ്ഡു എടുക്കണം. ആദ്യമായി എന്റെ പേർസണൽ കാര്യം പറയുന്നതിന്റെ സന്തോഷത്തിലായിരുന്നു ഞാൻ. എന്നി ഇതിൽ പിടിച്ചുവേണം കയറാൻ എന്ന അമിത ആത്മവിശ്വാസം കൂടി ഉണ്ടായിരുന്നതുകൊണ്ട് തന്നെ സന്തോഷത്തിന് പരിധി ഉണ്ടായിരുന്നില്ല.

സോറി... ഞാൻ മധുരം കഴിക്കാറില്ല.

മുഖത്തടിച്ചതു പോലെ ഞാൻ ഒട്ടും പ്രദീക്ഷിക്കാത്ത മറുപടി കേട്ടപ്പോൾ ഞാനൊന്ന് പകച്ചുപോയി. ഞാനത് മുഖതത് പ്രതിധ്വനികാത്തിരിക്കാൻ പരമാവധി ശ്രമിച്ചു.

എന്റെ സന്തോഷതിന് അവർക്ക് നേരെ വച്ച് നീട്ടിയ ഒരു നുള്ള് മധുരം ഒറ്റ വാക്കുകൊണ്ട് വേണ്ട എന്ന് പറഞ്ഞപ്പോൾ എനിക്കത് വലത്തേ ഹെർട്ടായി. ഞാൻ പതിയെ അവളുടെ അടുത്ത് നിന്നും വലിഞ്ഞു.

പിന്നീടുള്ള രണ്ട് മൂന്ന് ദിവസങ്ങളിൽ അതിന്റെ ചെറിയ ഒരു മൂടൽ എന്റെ മനസ്സിൽ തങ്ങി നിന്നു.

ആ ദിവസങ്ങളിൽ അവൾ ബാങ്കിലേക്ക് കയറിവരുബോൾ ഞാൻ അവളെ നോക്കാൻ പോയില്ല. ബാങ്കിൽ ഇരികുബോഴും അവൾ ഇരിക്കുന്ന ഭാഗത്തേക്ക് നോക്കാൻ വല്ലാത്ത ഒരു മടി പോലെ.

പിന്നീടാങ്ങോട്ടുള്ള ദിവസങ്ങളിൽ ഒന്നോ രണ്ടോ നോട്ടത്തിൽ കൂടുതൽ ആവാതെ ഞാൻ ശ്രദ്ധിച്ചു.

അങ്ങനെ ദിവസങ്ങൾ കടന്നുപോയികൊണ്ടിരുന്നു. രണ്ടാമത്തെ സാലറിയും കിട്ടി. രമ്യ എന്നും പതിവ് പോലെ എന്തെങ്കിലുമൊക്കെ പറഞ്ഞ് പോവും. ഞാനും അത് എൻജോയ് ചെയുവാൻ തുടങ്ങിയിരുന്നു. കാരണം ഞങ്ങൾക്കിടയിൽ നല്ലൊരു സൗഹൃദം രൂപം കൊണ്ടിരുന്നു.

അഭിരാമി എന്നത്തേയും പോലെ എന്നെയും അതെ പോലെ മറ്റുള്ളവരെയും മൈൻഡ് ചെയ്യാതെ കടന്നുപോകും. ആരോടും പതിവിൽ കവിഞ്ഞ സംസാരം ഉണ്ടാവാറില്ല. തന്റെ ജോലിക്ക് ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ സംസാരിക്കു എന്ന് പ്രതിജ്ഞയെടുത്തത് പോലെയായിരുന്നു അത്.

പലരും കൂടുതൽ അടുക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പക്ഷേ അവൾ ആരോടും കൂടുതൽ ഇടപഴകാൻ ശ്രമിക്കാറില്ല. ഞാനാണെങ്കിൽ അതിന് പോലും ശ്രമിക്കാറില്ല.

അങ്ങനെ ഇരിക്കെ കുറച്ച് ദിവസങ്ങൾക്ക് ശേഷം. രമ്യ ലീവാണ് എന്ന് എന്നോട് മുൻകൂട്ടി പറഞ്ഞിരുന്നു. പോരാത്തതിന് ഇന്ന് രാവിലെയും വാട്സാപ്പിൽ മെസ്സേജ് അയക്കുക കൂടി ചെയ്തു.

ഞാൻ പതിവ് പോലെ കൊച്ചിയുടെ സൗന്ദര്യവും ആസ്വദിച്ച് ബാങ്കിലേക്ക് ചെന്നു.

good മോർണിംഗ്.. സെക്യൂരിറ്റി ചേട്ടന്റെ സ്ഥിരമുള്ള ഗുഡ് മോർണിംഗ് കിട്ടി. ഞാൻ തിരിച്ചും ഒരു ഗുഡ്മോർണിംഗ് പറഞ്ഞു.

പതിവ് പോലെ പത്ത് മണിക്ക് മിനിറ്റുകൾ മാത്രം ശേഷിക്കെ അഭിരാമി ബാങ്കിലേക്ക് കയറി വന്നു.

ഒരു ലൈറ്റ് മഞ്ഞ ചുരിദാറാണ് വേഷം. ഇവൾക്കിത് ചുരിദാറ് മാത്രം ഒള്ളോ... ഒരു സാരീയൊക്കെ ഇടുത്ത് വന്നൂടെ ഞാൻ ചിന്തിച്ചു.

അവൾ പതിവ് തെറ്റിക്കാതെതന്നെ എന്റെ ഭാഗത്തേക്ക് ഒന്ന് നോക്കുക കൂടി ചെയ്യാതെ അവളുടെ ചെയറിൽ പോയിരുന്നു.

ബാങ്ക് ടൈം തുടങ്ങിയശേഷം ഓരോരുത്തരായി കയറിവന്നുതുടങ്ങി. ഇന്ന് ബുധനാഴ്ച ആയതുകൊണ്ട് തിരക്ക് വളരെ കുറവായിരുന്നു.

ബാങ്കുകളിൽ പൊതുവേയുള്ള ഒരു പ്രശ്നമാണിത് അവധി വരുന്ന ദിവസത്തിന് മുമ്പുള്ള ദിവസവും ശേഷമുള്ള ദിവസവും നല്ല തിരക്കാവും ഇട ദിവസങ്ങളിൽ അത്ര തിരക്ക് ഉണ്ടാവാറുമില്ല.

ഒരു പതിനൊന്ന് മണിയൊക്കെ ആയി കാണും. എനിക്ക് ചെറുതായി രമ്യയെ മിസ്സ് ചെയുന്നതുപോലെ. ഒഴിവുണ്ടെങ്കിൽ ഈ സമയം കൊണ്ട് തന്നെ രണ്ട് വട്ടമെങ്കിലും അവൾ വന്ന് സംസാരിക്കേണ്ട നേരം കഴിഞ്ഞു.

എനി തിരക്കാണങ്കിൽ കൂടി അവളുടെ സീറ്റിൽ ഇരുന്നുകൊണ്ട് തന്നെ പലപ്പോഴും നോട്ടമെങ്കിലും കിട്ടും. ഇന്ന് അതൊക്കെ വല്ലാതെ മിസ്സ് ചെയ്യുന്ന പോലെ.

പെട്ടെന്നാണ് ടേബിളിൽ വച്ചിരുന്ന ഫോൺ റിംഗ് ചെയ്തത്. ഞാൻ ഫോണിന്റെ ഡിസ്പ്ലെയിലേക്ക് നോക്കി.

രമ്യ..

അവളെ കുറിച്ച് ചിന്തിച്ചപ്പോൾ തന്നെ അവളുടെ കാൾ വന്നത് കാരണം എനിക്ക് ചെറിയ ഒരു അതിശയം തോന്നാതിരുന്നില്ല. ഞാനൊരു ചിരിയോടെ കോൾ എടുത്തു.

ഹലോ... എന്താടി..

ടാ.. എനിക്ക് ഒരു ഹെല്പ് വേണം.

ആ നീ പറ. എന്നെകൊണ്ട് പറ്റുന്നതാണെങ്കിൽ നോക്കാം. ഞാൻ ഒഴുകാൻ മട്ടിൽ മറുപടി പറഞ്ഞു.

ടാ.. എനിക്കല്ല. അഭിചേച്ചിക്കാണ്.

അവൾ ആ പേര് പറഞ്ഞതും എന്റെ മനസ്സിലേക്ക് ആ മുഖം കടന്നുവന്നു. ഞാൻ വേഗം അഭിരാമി ഇരിക്കുന്നിടത്തേക് നോക്കി. കാരണം എന്റെ അറിവിൽ ഞാൻ അറിയുന്ന അഭിചേച്ചി അത് അഭിരാമിയാണ്. എന്നാൽ അവൾ അവിടെ ഉണ്ടായിരുന്നില്ല.

ഏത് അഭിചേച്ചി... അഭിരാമിയുടെ കാര്യം തന്നെയാണോ അവൾ ഉദ്ദേശിച്ചത് എന്ന് ഉറപ്പ് വരുത്തുവാൻ വേണ്ടി ഞാൻ ചോദിച്ചു.

നീ തമാശ കളിക്കല്ലേ.

Ok.. നീ കാര്യം പറ. ആളെ തീർച്ച പെടുത്തിയിലെങ്കിലും രമ്യയുടെ ആ നേരത്തെ സംസാരത്തിൽ നിന്നും കാര്യം അല്പം സീരീസ് ആണെന്ന് മനസ്സിലായി.

നീ ചേച്ചിക്ക് ഒരു പാഡ് വാങ്ങി കൊടുക്.

പെടോ... എന്ത് പെട്...

ടാ.. നീ ശരിക്കും പൊട്ടനാണോ അതോ.. അങ്ങനെ അഭിനയിക്കുന്നതാണോ.... അവൾ ചെറിയ കലിപ്പോടെ പറഞ്ഞു.

നീ കാര്യം തെളിച്ച് പറ. അല്ലാതെ എനിക്ക് എങ്ങനെ അറിയാന. ഞാൻ അല്പം ഗൗരവത്തിൽ പറഞ്ഞു.

ടാ... നീ whisper എന്ന സാധനത്തെ കുറിച്ച് കേട്ടിട്ടുണ്ടോ...

പോടീ... എനിക്കറിയാം ഞാൻ അത്രക് മണ്ടൻ ഒന്നുമല്ല.

ടാ.. മണ്ട അതിന് പറയുന്ന പേരണ് പാഡ്.

ഓ... അങ്ങനെയും പറയുമോ.. അതെനിക്ക് അറിയില്ലായിരുന്നു. ഞാൻ ഒഴുകാൻ മട്ടിൽ പറഞ്ഞു.

ങേ... Whispero... ഞാനോ... പെട്ടെന്നാണ് എനിക്ക് കാര്യത്തിന് കിടപ്പ് മനസ്സിലായത്.

ആ... നീ തന്നെ. അവൾ ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

ഡി... അത്... ഞാൻ എന്ത് പറയണം എന്ന് അറിയാതെ കുഴഞ്ഞു.

നീ ഒന്നും പറയണ്ട. നീയത് വാങ്ങികൊടുക്ക്. അവൾ പറഞ്ഞു.

രമ്യ... ഞാൻതന്നെ വാങ്ങണോ..

ഡാ... ചേച്ചി നിന്നോട് വാങ്ങാനാ പറഞ്ഞത്. അവൾ ആ പറഞ്ഞ കാര്യം കേട്ടപ്പോൾ ഞാൻ ശരിക്ക് ഞെട്ടി. എന്റെ അറിവിൽ അങ്ങനെ വരാൻ ഒരു വഴിയും ഇല്ല. എനി ഇവൾക്ക് തെറ്റിയതാവുമോ... ഞാൻ ചിന്തിച്ചു.

പ്ലീസ്.. ഡാ. ഇതിന്റെ ഒക്കെ ബുദ്ധിമുട്ട് അത് അനുഭവിക്കുന്നവർക്കെ മനസ്സിലാവൂ. അവളുടെ ആ വാക്കുകളിലുണ്ടായിരുന്നു സ്ത്രീകൾ ആ സമയത്ത് അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ .

നീ വേഗം ചെല്ല്.. ചേച്ചി ആ ബാത്റൂമിന്റെ അടുത്ത് ഉണ്ടാവും.

ആ.. ok. ഞാൻ അറിയാതെ പറഞ്ഞുപോയി.

കാൾ കട്ട് ചെയ്തതിനുശേഷം ബാങ്കിൽ നിന്നും പുറത്തേക്കിറങ്ങി. ഞാൻ അവിടെ ആകമൊത്തം ഒന്ന് കണ്ണോടിച്ചു. അടുത്ത് അതിന് പറ്റിയ കടയൊന്നും കാണുന്നില്ല.

ഞാൻ ആദ്യമായിട്ടാണ് ഇത് വാങ്ങുന്നത്. അതുകൊണ്ട് തന്നെ അതിനെക്കുറിച്ച് എനിക്ക് യാതൊരു ഐഡിയയുമില്ലയിരുന്നു.

ഞാൻ കുറച്ച് അപ്പുറത് ഒരു മെഡിക്കൽ സ്റ്റോർ കണ്ടു. ഞാൻ അങ്ങോട്ട് വച്ച് പിടിച്ചു.

ഈശ്വര.. ഇതിന് സൈസ് വല്ലതും ഉണ്ടാവുമോ. എന്റെ ഉള്ളിൽ സംശയം രൂപംകൊണ്ടു.

എന്തായാലും രമ്യയോട് വിളിച്ച് ചോദിക്കാം .

ഫാസ്റ്റ് റിങ്ങിൽ തന്നെ അവൾ കാൾ എടുത്തു. എടുത്ത വഴിക്ക് ചോദ്യമെത്തി.

നീ കൊടുത്തോ...

അത് കേട്ടപ്പോൾ എനിക്ക് ദേഷ്യമാണ് വന്നത്.

അതിന് ഇത് എന്റെ കയ്യിൽ ഇല്ല. വാങ്ങിട്ട് വേണം.

എന്ന വേഗം ചെല്ലടാ.

മ്മ്.. ശരി... പിന്നേയ്..

മ്മ്... എനി എന്താടാ..

ഇതിന് സൈസ് വല്ലതും ഉണ്ടോ...

അതൊന്നും ഇല്ല. നീ whisper എന്ന് പറഞ്ഞാൽ മതി അവര് തരും.

ആ ok ഞാൻ കാൾ കട്ട് ചെയ്തു.

ചേട്ടാ.. ഒരു whisper. ഞാൻ മടിച്ചുമടിച്ച് പറഞ്ഞൊപ്പിച്ചു.

അയാൾ ഒരു പാക്കറ്റ് whisper എടുത്ത് അത് ഒരു ന്യൂസ് പേപ്പറിൽ പൊതിഞ്ഞ് എനിക്ക് നേരെ നീട്ടി. ഞാൻ അത് വാങ്ങി ക്യാഷ് കൊടുത്ത് അതുകൊണ്ട് നേരെ ബാങ്കിലേക്ക് പൊന്നു.

അഭിരാമി ബാത്റൂമിന്റെ അടുത്ത് ഉണ്ടാവും എന്നെനിക്ക് തോന്നി. ഞാൻ അതും കൊണ്ട് നേരെ ബാത്റൂമിന്റെ സൈഡിലേക്ക് ചെന്നു.

അവൾ എന്നെയും കാത്ത് അവിടെ നിൽക്കുന്നുണ്ടായിരുന്നു. എന്റെ കണ്ണ് ഒന്ന് അവളുടെ മുഖത്തേക് പാളി.

അവൾ എന്നെയും നോക്കി നിൽക്കുകയായിരുന്നു. എന്റെ നോട്ടം കണ്ടതും അവൾ പെട്ടന്ന് നോട്ടം തിരിച്ച് കളഞ്ഞു.

അവളുടെ മുഖത്ത് അന്നേരം എനിക്ക് മനസിലാക്കാൻ കഴിയാത്ത എന്തൊക്കെയോ ഭാവങ്ങൾ ഉണ്ടായിരുന്നു.

ഞാൻ ആ whisper പാക്കറ്റ് അവൾക്ക് നേരെ നീട്ടി.

അവൾ അത് വാങ്ങി എന്റെ മുഖത്തേക്ക് ഒന്ന് നോക്കുക കൂടി ചെയ്യാതെ ശര വേഗത്തിൽ ബാത്റൂമിലേക്ക് കയറി പോയി.

അഭിരാമിയുടെ ആ ഒരു പ്രവർത്തിയിൽ എനിക്ക് ശരിക്കും ദേഷ്യം വന്നിരുന്നു. മുൻപ് ഒരു ലഡ്ഡു കൊടുക്കാൻ നോക്കിയതിന്റെ ക്ഷീണം ഇതുവരെ മാറിട്ടില്ല. അതിന്റെ കൂടെ ഇതുകൂടി ആയപ്പോൾ ശരിക്ക് ദേഷ്യം വന്നു.

ഞാൻ എന്റെ ദേഷ്യം പല്ലുകൾ തമ്മിൽ ഞെരിച്ചുകൊണ്ട് കടിച്ചമർത്തി.

അതുകൊണ്ടും രോഷം തീരത്തെ വന്നപ്പോൾ രമ്യയെ വിളിച്ച് രണ്ട് തെറി പറയണമെന്ന് തോന്നി.

ഒരു നന്ദി വാക്ക് പ്രദീക്ഷിച്ചിരുന്ന എന്നെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ പോയപ്പോൾ എനിക്കത് വല്ലാത്ത അഭാമാനമായി തോന്നി.

ഞാൻ ബാത്റൂമിന്റെ അടുത്ത് നിന്നും എന്റെ ചെയറിലേക്ക് നടക്കുന്നതിനിടയിൽ ഞാൻ രമ്യയെ വിളിച്ചു. കുറച്ച് നേരം റിങ് ചെയ്തപ്പോൾ രമ്യ ഫോൺ എടുത്തു.

ആട.. എന്തായി. അവളുടെ ചോദ്യമെത്തി.

നാണം കേട്ട മനുഷ്യൻ. ഞാൻ ഇർഷ്യ കൊണ്ട് പല്ലിറുമികൊണ്ട് പറഞ്ഞു.

എന്തുപറ്റി...

ഞാനത് കൊണ്ടുപോയി കൊടുത്തപ്പോ ഒരു താങ്ക്സ് പോയിട്ട് ഒന്ന് നോക പോലും ചെയ്യാതെപോയി. ഞാൻ എന്റെ ആത്മരോഷം നിയന്ത്രിച്ചുകൊണ്ട് അവളോട് പറഞ്ഞു.

ഓ... അതാണോകാര്യം. ടാ... കാലം എത്ര പുരോകമിചെന്ന് പറഞ്ഞാലും ചില പെണ്ണുങ്ങൾക്ക് ഇപ്പോഴും ഇങ്ങാതെ കാര്യങ്ങൾ പുരുഷന്മാർ അറിയുന്നത് വലിയ നാണക്കേട് പോലെയാണ്.

എന്നാപിന്നെ എന്തിനാടി പുല്ലേ ഇത് എന്നോട് പറഞ്ഞത്.

ടാ.. അവർക്ക് ഡേറ്റ് ആവുന്നതെയൊള്ളു. അതുകൊണ്ട് തന്നെ അവര് പാഡൊന്നും എടുത്തിരുന്നില്ല.

അല്ല.. നിനക്ക് ഡേറ്റ് എന്ന് പറഞ്ഞാൽ എന്താന്ന് അറിയോ... അവൾ ഒരു മൂഞ്ചിയ ചിരിയോടെ ചോദിച്ചു.

പോടി.. അതൊക്കെ എനിക്കറിയാം.

അപ്പോഴേക്കും ഞാൻ എന്റെ ചെയറിനടുത്തെത്തിയിരുന്നു. ഞാൻ കുറച്ച് നേരം അവിടന്ന് വിട്ടുനിന്നത് മൂലം എന്റെ കേബിനാടുത് കുറച്ചുപേർ എന്നെയും കാത്ത് നിൽക്കുന്നുണ്ടായിരുന്നു.

ഞാനെന്റെ പണികളിലേക്ക് കടന്നു.

കുറച്ച് കഴിഞ്ഞതും എന്റെ പുറകിലൂടെ അഭിരാമി അവളുടെ ചെയറിലേക്ക് പോയിരുന്നു. എന്റെ പുറകിലൂടെ പോവുന്നത് അഭിരാമിയാണ് എന്ന് അറിഞ്ഞിട്ടും അവളെ ഒന്ന് തിരിഞ്ഞ് നോക്കാൻ എനിക്ക് തോന്നിയില്ല.

എന്റെ മുന്നിൽ ഇരിക്കുന്ന ഓരോരുത്തരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനിടയിലും എന്റെ ശ്രദ്ധ അഭിരാമിയുടെ അടുത്തായിരുന്നു . അവൾ ഇടകിടക്ക് ഇങ്ങോട്ട് നോക്കുന്നുണ്ട്. രമ്യ പറഞ്ഞ കാര്യം കൊണ്ടാവാം എന്തുകൊണ്ടോ എനിക്കവളെ നോക്കാൻ തോന്നിയില്ല.

രമ്യ പറഞ്ഞത് ശരിയാണെങ്കിൽ അഭിരാമിയും ആ കൂട്ടത്തിൽ പെട്ടതായിരിക്കണം.

ഉച്ചക്ക് ഫുഡ് കഴിക്കാൻ ഹോട്ടലിലേക്ക് പോകുന്ന വഴി ഞാൻ രമ്യയെ വിളിച്ചു. കുറച്ച് നേരം കുശാലാന്വേഷണം നടത്തിയതിനുശേഷം അഭിരാമിയുടെ കാര്യം ചോദിക്കാൻ തീരുമാനിച്ചു.

രമ്യ.... മാഡം പറഞ്ഞിട്ടാണോ നീ എന്നോട് പാഡ് വാങ്ങാൻ പറഞ്ഞത്.

അതെ... ഞാൻ പറഞ്ഞു രാഹുലിനോട് വാങ്ങിത്തരാൻ പറയാന്. അപ്പോ ചേച്ചിയ പറഞ്ഞത് വേണ്ട നിന്നോട് പറഞ്ഞാൽ മതിന്ന്.

ടാ.. ഞാൻ നിന്നോട് പറഞ്ഞില്ലെ ചില സ്ത്രീകൾക്ക് ഇങ്ങനെയുള്ള കാര്യങ്ങൾ പുരുഷന്മാർ അറിയുന്നത് ഇഷ്ടല്ലന്ന്.

ങേ... അപ്പോ നീ പറഞ്ഞുവരുന്നത് ഞാൻ പുരുഷൻ അല്ല എന്നാണോ...

അതല്ലടാ മണ്ട. നീ ശ്രദ്ധിച്ചിട്ടുണ്ടോ.. ബാങ്കിലുള്ള എല്ലാവരും അഭിചേച്ചിയെ നോക്കുന്നത്. ഒരു വൃത്തികേട്ട നോട്ടമാണ് എല്ലാരും. അവൾ വെറുപ്പ് കലർന്ന സ്വാരത്തോടെ പറഞ്ഞു.

ഞാനും.... ഞാൻ അതിശയത്തോടെ ചോദിച്ചു.

ഹ.. ഹ.. ഹാ... നീ ഇല്ല ഉണ്ടങ്കിൽ നിന്നോട് വാങ്ങാൻ പറയുമോടാ മണ്ട. അവളത് പറഞ്ഞപ്പോൾ എനിക്ക് എന്നോട് തന്നെ ഒരല്പം റെസ്പെക്ട് തോന്നി പോയി.

മ്മ്.... പിന്നെ നീ അത്രക്ക് ഡീസെന്റ് ഒന്നും അല്ല എന്നെനിക്കറിയാം. അവൾ അർത്ഥം വെച്ച മൂളലോടെ പറഞ്ഞു.

ഞാനോ...

ടാ.. നീ ഇടക്ക് അഭിചേച്ചിയെ നോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ആ പാവം അത് കാണുന്നില്ല. അതുകൊണ്ടല്ലെടാ നിന്നോട് വാങ്ങിത്തരാൻ പറഞ്ഞത്. അവൾ ഒര് ആക്കിയ പോലെ പറഞ്ഞു.

Ok ശരീടി ഞാൻ വിളിക്കാം. ഹോട്ടലിലേക്ക് കയറുമ്പോൾ ഞാനവളുടെ കാൾ കട്ട് ചെയ്തു.

എന്നാലും അവൾ എന്നോട് വാങ്ങാൻ പറഞ്ഞത് എനിക്കങ്ങോട്ട് വിശ്വാസിക്കാൻ പറ്റുന്നില്ല. ഊണ് കഴിക്കുന്നതിനിടയിലും എന്റെ ചിന്ത അതുതന്നെയായിരുന്നു.

ഊണ് കഴിഞ്ഞ് ഞാൻ ബാങ്കിലേക്ക് ചെന്നു. ഉള്ളിൽ കയറിയതും മറ്റ് സീറ്റുകൾ മുഴുവൻ ഒഴിഞ്ഞു കിടക്കുന്നത് കണ്ടു. എന്നാൽ അഭിരാമിയുടെ ചെയറിൽ അവൾ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ കയറി ചെല്ലുന്ന സൗണ്ട് കേട്ടതും

അവൾ എന്റെ മുഖത്തേക് നോക്കി. ഒരു സെക്കന്റെ അതിന് ആയുസ്സുണ്ടയിരുന്നുള്ളു. ഞാൻ പെട്ടൊന്ന് തന്നെ നോട്ടം മാറ്റിയ ശേഷം എന്റെ ചെയറിൽ പോയിരുന്നു.

വെറുതെയിരുന്നാൽ വീണ്ടും നോട്ടം അങ്ങോട്ട് പോവും എന്ന് ഉറപ്പുള്ളതുകൊണ്ട് ഞാൻ എന്റെ ഫോണിലേക്ക് കണ്ണുകൾ പൂഴ്ത്തി.

അന്ന് പിന്നെ പ്രത്യകിച്ച് ഒന്നും നടന്നില്ല. ബാങ്കിൽ നിന്നും ഞാൻ ഹോസ്റ്റലിലേക്ക് പോരുകയും ചെയ്തു.

##############################

പിറ്റേന്ന് പതിവ് പോലെ ഞാൻ ബാങ്കിലേക്ക് പോയി. പതിവ് തെറ്റിക്കാതെ സെക്യൂരിറ്റി ചേട്ടന്റെ ഗുഡ്മോർണിംഗ് കിട്ടി. രമ്യയുടെ പതിവ് വാജക കസർത്ത് നടക്കുന്നതിനിടയിലാണ് അഭിരാമി കയറി വന്നത്. പക്ഷേ അവിടെ എനിക്ക് പതിവ് തെറ്റിക്കേണ്ടിവന്നു. ഞാൻ അവളെ നോക്കാൻ പോയില്ല.

നീയെന്തടാ അഭിചേച്ചിയെ മൈന്റ് ചെയ്യാതിരുന്നത്. അഭിരാമി പോയി കഴിഞ്ഞതും രമ്യ എന്നെ തൊണ്ടികൊണ്ട് ചോദിച്ചു.

ആ.. ഞാൻ കണ്ടില്ല. ഞാൻ ഒരു താൽപര്യമില്ലാത്ത മട്ടിൽ മറുപടി കൊടുത്തു.

ചേച്ചി നിന്നെ നോക്കുന്നുണ്ടായിരുന്നു. അവൾ പറഞ്ഞു.

ഞാനത്തിന് ചെവികൊടുക്കാൻ പോയില്ല.

അപ്പോഴേക്കും ഓരോരുത്തരായി ബാങ്കിനുള്ളിലേക്ക് കയറി വരുവാൻ തുടങ്ങി.

രമ്യ അവളുടെ സീറ്റിലേക്ക് പോയിരുന്ന് അവളുടെ ജോലിയിൽ മുഴുകി.

ഉച്ചക്ക് ഫുഡ് കഴിച്ച് വരുമ്പോൾ രമ്യയും അഭിരാമിയും കൂടി എന്തോ സംസാരിക്കുന്നത് കണ്ടു. ഞാൻ പിന്നെ അങ്ങോട്ട് ശ്രദ്ധിക്കാൻ പോയില്ല. കുറച്ച് കഴിഞ്ഞതും രമ്യ എന്റെ അടുത്തേക്ക് വന്നു.

ടാ... ഇതാ.. അവൾ കുറച്ച് നോട്ടുകൾ എനിക്ക് നേരെ നീട്ടി.

എന്താ ഇത്.... കാര്യം എനിക്ക് ഏറെക്കുറെ മനസ്സിലായിരുന്നു. എന്നാലും അത് തീർച്ചപെടുത്തുവാൻ വേണ്ടി ചോദിച്ചു.

ഇത് അഭിചേച്ചി തന്നതാണ്.

മ്മ് ഹും... എനിക്കിത് വേണ്ട. തൽകാലം അതെന്റെ ഫസ്റ്റ് സാലറിയുടെ ചിലവായിട്ട് കൂട്ടിക്കോളാൻ പറ. ഞാൻ രമ്യയോട് പറഞ്ഞു. ( jk : എന്താല്ലേ ഫസ്റ്റ് സാലറിയുടെ ചെലവ് വിസ്പർ )

രമ്യ അതുകൊണ്ട് അഭിരാമിയുടെ അടുത്തേക്ക് പോയി. അവൾ എനിയും അതുകൊണ്ട് തിരിച്ച വരും എന്നാണ് ഞാൻ കരുതിയത് എന്നാൽ അതുണ്ടായില്ല.

###########################

പിന്നീടാങ്ങോട്ടുള്ള ദിവസങ്ങളിൽ ചിലപ്പോഴൊക്കെ ഞങ്ങളുടെ കണ്ണുകൾ തമ്മിൽ കൂട്ടി മുട്ടാനിടയായി. പക്ഷേ അതിനപ്പുറം അത് മറ്റൊന്നിലേക്കും നീണ്ടില്ല.

അങ്ങനെ ദിവസങ്ങൾ കടന്നുപോയി.

ഞാൻ ബാങ്കിൽ നിന്നും തിരിച്ച് വന്നതിനുശേഷം അലക്കുവാനുള്ള തുണികൾ വെള്ളത്തിലിടുകയായിരുന്നു. പെട്ടന്ന് ഫോൺ റിങ് ചെയ്തത് . ഞാൻ കയ്യിൽ പറ്റിപ്പിടിച്ച വെള്ളവും സോപ്പ് പതയും തുടച്ച ശേഷം ഫോണെടുത്തു നോക്കി. പരിചയമില്ലാത്ത നമ്പറാണ്.

ഞാൻ കാൾ എടുത്തു.

ഹലോ...

പക്ഷേ അപ്പുറത്തുനിന്നും റെസ്പോണ്ട്സ് ഒന്നും വന്നില്ല.

ഹലോ.. ഇതാരാ...

രണ്ട് സെക്കൻഡ് കഴിഞ്ഞതും അപ്പുറത്തുനിന്നും മറുപടിയെത്തി.

ഹലോ.. ഞാൻ അഭിരാമിയാണ്.

ആ പേര് കേട്ടതും നെഞ്ചിനുള്ളിൽ ഒരു വെള്ളിടി വെട്ടി.

ആ പറയൂ... മനസ്സിൽ ഉരുത്തിരിഞ്ഞ വികാരങ്ങളെ അടക്കിപ്പിടിച്ച് കൊണ്ട് ഞാൻ പറഞ്ഞു.

നാളെ എന്റെ മോളുടെ പിറന്നാളാണ്. വൈകീട്ടാണ് പരുപാടി. അധികം ആളുകളൊന്നും ഉണ്ടാവില്ല. രമ്യയോടും കിഷോറിനോടും മാത്രമേ പറയുന്നുള്ളൂ. വരില്ലേ... അവൾ ഒറ്റ ശ്വാസത്തിൽ അതെല്ലാം പറഞ്ഞുതീർത്തു.

ആ... വരാം. ഞാനും ഒറ്റ വാക്കിൽ തന്നെ മറുപടി കൊടുത്തു.

പിന്നീട് കുറച്ച് നേരം അവിടെനിന്നും സംസാരം ഒന്നും കേട്ടില്ല. ഞാൻ അങ്ങോട്ടും ഒന്നും പറയാൻ പോയില്ല.

എന്ന ശരി. ആ നിമിഷ നേരത്തെ മൗനത്തിനോടുവിൽ അഭിരാമിയിൽനിന്നും പ്രതികരണമുണ്ടായി.

മ്മ്... ഞാൻ എന്റെ മറുപടി ഒരു മൂളലിൽ ഒതുക്കി.

കാൾ കട്ടായ ശേഷം ഞാൻ ആകെ വണ്ടറാടിച്ച അവസ്ഥയിലായിരുന്നു. ഒട്ടും പ്രദീക്ഷിക്കാത്ത കാര്യമാണ് നടന്നത്. അവൾക്ക് ഇങ്ങനെ പറയാൻ തോന്നിയെങ്കിൽ അതിനർത്ഥം എന്നോട് അടുപ്പം തോന്നുന്നു എന്നല്ലേ...

രമ്യയെയും എന്നെയും മാത്രമേ വിളിക്കുന്നുള്ളൂ എന്ന് പറയുമ്പോൾ അവൾക്ക് രമ്യയെ പോലെ എന്നോടും അടുപ്പം തോന്നുന്നു എന്നാലേ... എന്തുകൊണ്ടോ എന്റെ മനസ്സിന്റെ ആഹ്ലാദത്തെ തടയിടാൻ എനിക്ക് കഴിയുന്നില്ല.

പിറ്റേന്ന് ബാങ്കിൽ എത്തിയപ്പോൾ രമ്യ എത്തിയിട്ടുണ്ടായിരുന്നില്ല. കുറച്ച് കഴിഞ്ഞതും അവൾ കയറിവന്നു.

അവൾ നേരെ എന്റെ അടുത്തേക്കാണ് വന്നത്.

ടാ... നിന്നെ അഭിചേച്ചി വിളിച്ചിരുന്നോ.. ഇന്നലെ എന്നോട് നിന്റെ നമ്പറ് ചോദിച്ചിരുന്നു. അവൾ പറഞ്ഞു.

ആ... വിളിച്ചിരുന്നു. ഞാൻ മറുപടി പറഞ്ഞു.

പോവണ്ടേ... അവളുടെ അടുത്ത ചോദ്യമെത്തി.

മ്മ്... പോണം.

എന്താ പ്ലാൻ.... ഒരുമിച്ച് പോവല്ലേ.. അവൾ ചോദിച്ചു.

മ്മ്... ഒര് കാര്യംചെയാം ഞാനെന്റെ ഫ്രണ്ടിന്റെ ബൈക്കേടുകാം. നിനക്ക് എന്റെ ഒപ്പം ബൈക്കിൽ വരാൻ പ്രശ്നൊന്നും ഇല്ലാലോ...

ഹേയ്.. എന്ത് പ്രശ്നം. ഞാൻ വരാം. അവളത് പറയുമ്പോൾതന്നെ അവളുടെ മുഖത്തുനിന്നും അവൾ ഒരുപാട് ആഗ്രഹിക്കുന്നുണ്ട് എന്ന് എന്നെനിക്ക് മനസ്സിലായി.

നമ്മുക്കൊരു ഏഴ് മണിക്ക് അവിടെ എത്തും വിധത്തിൽ പോവാം. അവൾ പറഞ്ഞു.

മ്മ്... ഞാൻ ഒരു മൂളലിൽ മറുപടി കൊടുത്തു.

അവളുടെ സംസാരം കഴിഞ്ഞ് അവൾ പോയതും അഭിരാമി ബാങ്കിനുളിലേക്ക് കയറിവന്നു.

ഞാനെന്റെ കണ്ണുകളെ അവളിലേക്ക് പായിച്ചു. എന്നെ അതിശയിപ്പിച്ചുകൊണ്ട്. അഭിരാമിയുടെ ചുണ്ടിൽ എനിക്കായ് ഒരു പുഞ്ചിരി ഒളിപ്പിച്ചിരുന്നു.

ഒന്നര സെക്കൻഡ് മാത്രം ദൈർഘ്യമുള്ള ഒരു പുഞ്ചിരി. അതിനുശേഷം അവൾ അവളുടെ സീറ്റിൽ പോയിരുന്നു.

പിന്നീടാങ്ങോട്ട് സാദാരണ പോലെ കഴിഞ്ഞുപോയി.

എനിക്ക് മുന്നേ രമ്യയാണ് ബാങ്കിൽ നിന്നും ഇറങ്ങിയത് അവൾ പോകുന്ന വഴിക്ക് ഞാൻ വിളിക്കാം എന്ന് കൈകൊണ്ട് ആക്ഷൻ കാണിച്ചാണ് പോയത്. അത് കണ്ട് ഞാൻ രാഹുലിന്റെ മുഖത്തേക് നോക്കി. അവൻ മ്... മ്മ്.. നടക്കട്ടെ എന്ന് ഒരു തൊലിഞ്ഞ ചിരിയോടെ എന്നോട് പറഞ്ഞു. ഞാനതിന് മറുപടിയൊന്നും പറയാൻ പോയില്ല.

രമ്യ പോയി കഴിഞ്ഞ് അഞ്ച് മിനുറ്റ് കഴിഞ്ഞപ്പോൾ ഞാനും ഇറങ്ങി. ഇറങ്ങാൻ നേരം അഭിരാമിയെ ഒന്ന് നോക്കണം എന്ന് തോന്നി പക്ഷേ രാഹുൽ നേരത്തെ പറഞ്ഞ കാര്യം ഓർത്തപ്പോൾ വേണ്ട എന്ന് വിചാരിച്ചു.

ഹോസ്റ്റലിൽ പോയി ഒന്ന് കുളിച്ച ശേഷം രമ്യയുടെ വിളിയും പ്രദീക്ഷിച്ചിരുന്നു.

ആറരയോടെ രമ്യയുടെ കാൾവന്നു. അവളെ വഴിയിൽനിന്നും പിക് ചെയ്യാനാണ് ഓർഡർ. ഞാൻ ഹോസ്റ്റലിലുള്ള ഒരാളുടെ ബൈക്കും വാങ്ങി രമ്യ പറഞ്ഞ സ്ഥാലത്തേക് പോയി.

അവൾ പറഞ്ഞ ഇടത്തുതന്നെ അവൾ കൃത്യം നിൽപ്പുണ്ടായിരുന്നു. ഒരു റെഡ് ടോപ്പും ബ്ലൂ ജീൻസുമാണ് വേഷം. ആ വേഷത്തിൽ അവൾ അല്പം സുന്ദരിയായി തോന്നി.

എന്നെക്കണ്ടതും അവൾ ഒരു നിറഞ്ഞ ചിരി എനിക്കുതന്നു.

മ്മ്.. കയറ്. നമുക്കാദ്യം ഗിഫ്റ്റ് വല്ലതും വാങ്ങാം. ഞാൻ പറഞ്ഞു.

മ്മ്... അവൾ കഷ്ടപ്പെട്ട് v3 യുടെ മുകളിൽ വലിഞ്ഞുകയറുന്നതിനിടയിൽ മൂളി കൊണ്ട് മറുപടി പറഞ്ഞു.

അവളുടെ വലിഞ്ഞു കയറ്റം കണ്ടപ്പോൾ തന്നെ ഇതൊന്നും വലിയ പരിജയം ഇല്ല എന്ന് മനസ്സിലായി.

ഡി... എവിടെയാ അവരുടെ വീട്.

അതൊക്കെ ഞാൻ പറഞ്ഞു തരാം. അതിനുമുൻപ് നമ്മുക്ക് ഗിഫ്റ്റ് വാങ്ങാം. അവൾ പറഞ്ഞു.

കുറച്ച് നേരത്തെ ചർച്ചകൾക്കൊടുവിൽ നല്ലൊരു ടെഡി ബെയർ വാങ്ങാൻ ഞങ്ങൾ തീരുമാനിച്ചു. ഞാൻ നല്ല ഒരു കടയുടെ മുന്നിൽ വണ്ടി നിർത്തി. അങ്ങനെ ഞങ്ങൾ കടയിൽ കയറി.

കടയുടെ ഉള്ളിൽ കയറിയതും ac യുടെ തണുപ്പ് ഞങ്ങളെ വന്ന് മൂടി. കടയിൽ കസ്റ്റമേഴ്സ് ആരും തന്നെ ഉണ്ടായിരുന്നില്ല.

എന്താ വേണ്ടേ... ഷോപ്പ് ഓണർ ഞങ്ങളോട് ചോദിച്ചു.

ഒരു ടെഡി ബെയർ വേണം. ഞാൻ അയാൾക്ക് മറുപടി കൊടുത്തു.

നേരെ പൊക്കോളൂ. അയാൾ വഴി ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു.

ഞങ്ങൾ അയാൾ ചൂണ്ടിയാ വഴിയിലൂടെ മുൻപോട്ട് നടന്നു.

ടെഡി ബെയറുകളുടെ വലിയ കളക്ഷൻ തന്നെ അവിടെ ഉണ്ടായിരുന്നു. അതിനിടയിൽ കാണാൻ തരക്കേടില്ലാത്ത രണ്ട് പെൺകുട്ടികൾ ഉണ്ടായിരുന്നു. അവിടത്തെ സെയിൽസ് ഗേൾസ് ആണ് എന്ന് മനസ്സിലായി.

ഞങ്ങൾ വരുന്നത് കണ്ടതും അവർ എഴുനേറ്റ് നിന്നു.

എന്താ സാർ വേണ്ടത്... അതിൽ ഒരാൾ ചോദിച്ചു.

ഒരു ടെഡി ബെയർ വേണം. രമ്യയാണ് മറുപടി പറഞ്ഞത്.

Ok മാഡം.

അവർ ഓരോ സെക്ഷനായി റേറ്റ് പറഞ്ഞുതന്നു. ഞങ്ങൾ അതിൽനിന്നും ഒരെണ്ണം സെലക്ട് ചെയ്തു. അത് ബില്ലക്കി ക്യാഷും കൊടുത്ത് ഷോപ്പിൽ നിന്നും പുറത്തിറങ്ങി.

Ac യിൽ നിന്നും പുറത്തേക് ഇറങ്ങിയതും ശരീരത്തിൽ നല്ല രീതിയിൽ ചൂടാനുഭവപ്പെട്ടു.

ഡാ... ആ പെണ്ണുങ്ങൾ നിന്നെ നല്ല നോട്ടം ആയിരുന്നല്ലോ.. അവൾ ഒരു പുരുകംമുയർത്തി ചോദിച്ചു.

ചുള്ളന്മാരെ നോക്കാൻ ആളുണ്ടാവും മോളെ.. അതിൽ അസൂയ പെട്ടിട്ട് കാര്യമില്ല. ഞാൻ അവളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.

ശരിയാ.. നീയൊരു ചുള്ളനാണ്. അത് പറയുമ്പോൾ അവളുടെ മുഖത്ത് എന്തൊക്കെയോ പറഞ്ഞറിയിക്കാൻ പറ്റാത്ത ഭാവകൾ ഉണ്ടായിരുന്നു.

മ്മ്... നീ കയറ്. ചെറിയ ഒരു അപകടം തോന്നിയത്തും ഞാനവളോട് ബൈക്കിൽ കയറാൻ പറഞ്ഞു.

പിന്നീടവൾ പറയുന്നതിനനുസരിച്ച് ഞാൻ വണ്ടിയൊടിച്ചു. വണ്ടി വന്ന് നിന്നത് ഒരു ഫ്ലാറ്റിന്റെ മുനിലാണ്.

അല്ലാടി... നിനക്ക് എങ്ങനെ കൃത്യമായി വഴിയറിയാം.

അത് ഞാൻ മുൻപൊരിക്കൽ വന്നിട്ടുണ്ട് എന്നവൾ പറഞ്ഞു.

ഞാൻ സ്റ്റെയർ കയറാൻ പോയതും രമ്യ പുറകിൽനിന്നും വിളിച്ചു.

ഡാ... എങ്ങോട്ടാ.. നാലാം നിലയിലാണ്. നമ്മുക്ക് ലിഫ്റ്റിൽ പോവാം. അവൾ പറഞ്ഞു.

ഞങ്ങൾ ഇരുവരും ചേർന്ന് ആ ഫ്ലാറ്റിന്റെ നാലാം നിലയിലേക്ക് കയറുവാൻ വേണ്ടി ലിഫ്റ്റിനടുത്തേക്ക് നടന്നു. അതിനിടയിൽ രമ്യ എന്തൊക്കെയോ പറയുന്നുണ്ട്. പക്ഷേ അതൊന്നും എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്റെ മനസ്സിൽ വല്ലാത്ത ഒരു ഭയം പോലെ. കാമുകിയോട് പ്രണയം തുറന്ന് പറയാൻ പോകുന്ന കാമുകനെ പോലെ. ആകെ മൊത്തം ഒരു പരവേശം.

രമ്യ കാളിങ് ബെലിൽ വിരലമർത്തി.

കുറച്ച് കഴിഞ്ഞതും ഞങ്ങൾക്ക് മുന്നിൽ ആ വാതിൽ തുറക്കപ്പെട്ടു.

ചായങ്ങളുടെ പുറം മോഡി ഇല്ലാതെ ഒരു വാരസ്യാര് കുട്ടിയുടെ നൈർമല്യത്തോടെ ഈറനുള്ള മുടി ഒരു ചുമലിലൂടെ മുന്നിലേക്കിട്ടിരിക്കുന്നു. ആ മുഖത്തിന് വെണ്ണയുടെ നിറവും മൃദുലതയും. അവളുടെ കറുത്ത ചുരിദാറിന് മാച്ചായി നെറ്റിയിൽ ഒരു കറുത്ത പൊട്ട്.

ഞങ്ങളെ കണ്ടതും ആ പനിനീർ ദളങ്ങൾ പോലുള്ള ചുണ്ടുകൾ വിടർന്നു. ഹോ... ശ്വാസം നിലച്ചു പോയി എനിക്ക്. ആ രൂപം എന്നെ വല്ലാതെ കീഴ്പ്പെടുത്തുന്ന പോലെ.

വരു... അവൾ ഞങ്ങളെ ഉള്ളിലേക്ക് ക്ഷണിച്ചു.

ഞങ്ങൾ ഉള്ളിലേക്ക് കയറുന്നതിനിടയിൽ അവൾ എനിലൂടെ ഒന്ന് നോട്ടം പായിച്ചു.

ഞങ്ങളുടെ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടിയതും അവൾ കണ്ണുകൾവെട്ടിച്ച് നോട്ടം മാറ്റി.

ഇരിക്കു ട്ടോ. ഞാൻ കുടിക്കാനെടുകാം. അവൾ അതും പറഞ്ഞ് ഉള്ളിലേക്ക് നടന്നു.

ഞാൻ ആകെമൊത്തം ഒന്ന് കണ്ണോടിച്ചു. ആയിരം സ്ക്വയർ ഫീറ്റോളം വലുപ്പം വരുന്ന ഒരു ലക്ഷ്വറി ഫ്ലാറ്റ് തന്നെയായിരുന്നു അത്. അതിനെ നല്ല വൃത്തിയോടെ സൂക്ഷിച്ചിരിക്കുന്നു.

ചേച്ചി... ഇന്ന് രേണുകചേച്ചി വന്നില്ലേ... ഞങ്ങൾ സെറ്റിൽ ഇരുക്കുനതിനിടയിൽ രമ്യ അഭിരാമിയോട് വിളിച്ച് ചോദിച്ചു.

ആ വന്നിരുന്നു. അവര് ആറ്മണി വരെ ഉണ്ടാവു. ഞാൻ വന്നാൽ അവര് പോവും. അഭിരാമി നടത്താതിനിടയിൽ ഒരു നിമിഷം തിരിഞ്ഞു നിന്നുകൊണ്ട് വിളിച്ചുപറഞ്ഞു. ഞാൻ ആദ്യമായാണ് അഭിരാമി ഇത്രയും ഫ്രീയായി സംസാരിക്കുന്നത് കാണുന്നത്.

ചേച്ചി ബാങ്കിലേക്ക് വന്നാൽ ഇവിടെ മോള് തനിച്ചല്ലേ.. അപ്പോ മോളെ നോക്കാൻ ഒരാളെ നിർത്തിട്ടുണ്ട്. അവരുടെ കാര്യമ പറഞ്ഞത്. ഞാൻ കാര്യം മനസ്സിലാവാത്ത മുഖഭവത്തോടെ ഇരിക്കുന്നത് കണ്ടതുകൊണ്ടാവണം രമ്യ കാര്യം വിശദികരിച്ചുതന്നു.

അപ്പോ.. ഇവിടെ മാഡവും മോളും മാത്രമേ ഒള്ളു... ഞാൻ അതിശയത്തോടെ ചോദിച്ചു.

മ്മ്.. അതെ.. അവൾ മറുപടി തന്നു.

അപ്പോഴേക്കും അഭിരാമി ഒരു ട്രയിൽ ഞങ്ങൾക്കുള്ള ജ്യൂസുമായി വന്നു. അവളെ മറപറ്റി ഒരു കൊച്ച് സുന്ദരിയും. കാഴ്ചയിൽ അഭിരാമിയെപ്പോലെ തന്നെ. അവളുടെ എല്ലാ സൗന്ദര്യവും ആ കുട്ടിക്കും കിട്ടിയിട്ടുണ്ട്.

നീനു... ഇങ്ങുവന്നെ... രമ്യ ആ കൊച്ചു സുന്ദരിയെ കൈകാട്ടി വിളിച്ചു.

പക്ഷേ ഞാനുള്ളതുകൊണ്ടാണെന്ന് തോന്നുന്നു. നീനു അഭിരാമിയുടെ പുറകിൽത്താനെ മറഞ്ഞു നിന്നു.

നിങ്ങൾ വരുന്നു എന്ന് പറഞ്ഞപ്പോൾ നല്ല സന്തോഷത്തിലായിരുന്നു.

മോളെ ചെല്ലടാ... അഭിരാമി നീനുമോളോട് പറഞ്ഞു. അപ്പോഴും അവൾ മണികിലുക്കം പോലെ ചിരിച്ചുകൊണ്ട് അഭിരാമിക്ക് പുറകിൽത്താനെ നിലയുറപ്പിച്ചു.

ഞാൻ ചിരിയോടെ ഞങ്ങൾ കൊണ്ടുവന്ന ടെഡി ബെയർ നീനുവിന് നേരെ നീട്ടി.

അവൾ അഭിരാമിയുടെ മുഖത്തേക്ക് തലഉയർത്തി നോക്കി.

വാങ്ങിക്കോ.. അഭിരാമി നീനുവിനോട് പറഞ്ഞു.

നീനു മടിയോടെ ഓരോ സ്റ്റെപ്പും വച്ച് എന്റെട്ടുക്കൽ വന്നു.

ടെഡി ബെയർ വാങ്ങുവാൻ വേണ്ടി രണ്ടു കൈകളും നീട്ടി.

മെനി മോർ ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ... ഞാൻ മനസ്സറിഞ്ഞ് നീനുവിനെ വിഷ് ചെയ്തു.

താങ്ക്യൂ... നീനു ഒരു കൊഞ്ചലോടെ എന്നോട് നന്ദി പറഞ്ഞു.

ഹാപ്പി ബർത്ത്ഡേ മോളെ... അതിനിടയിൽ രമ്യകൂടി നീനുവിനെ വിഷിത്തു.

കിഷോർ.. ഗസ്റ്റയിട്ട് നിങ്ങളെ രണ്ടുപേരെ മാത്രേ വിളിച്ചിട്ടോള്ളൂട്ടോ. അഭിരാമി ഒരു ചിരിയോടെ ഞങ്ങളെ നോക്കി പറഞ്ഞു.

വരു... നമ്മുക്ക് കേക്ക് കട്ടിയാം. അവൾ ഞങ്ങളെ വിളിച്ചു.

വാ... ഞാൻ നീനുവിന്റെ തോളിൽ കൈവെച്ച് അഭിരാമിയുടെ അടുത്തേക്ക് നടന്നു.

ഞങ്ങളുടെ വരവ് കണ്ടതും അഭിരാമിക്ക് അത്ഭുതമായി. അതുവരെ നാണിച്ച് നിന്നിരുന്ന നീനു എന്നോട് ചേർന്ന് നടന്നുവരുന്നു. അഭിരാമി ചെറു ചിരിയോടെ എന്റെ മുഖത്തേക്ക് നോക്കി.

എന്നാൽ ആ നേരത്ത് തന്നെ ഞാനും അവളെ നോക്കി. കണ്ണുകൾ തമ്മിൽ ഒരു നിമിഷത്തേക് ഉടക്കി. എന്നാൽ അതിന് അധികം ആയുസ് കൊടുക്കാതെ ഞാനെന്റെ കണ്ണുകളെ വെട്ടിച്ച് മാറ്റി.

ചെറിയ ടേബിളിൽ ഒരു റെഡ് വെൽവെറ്റ് കേക്ക് ഉണ്ടായിരുന്നു. അതിൽ നീനു 4th ബർത്തഡേ എന്ന് എഴുതിയത് കണ്ടു.

അഭിരാമിയും നീനുവും ടേബിളിന് ഒരുവശത്തും. മറുവശത്ത് ഞാനും രമ്യയും.

അഭിരാമി നീനുവിന്റെ കയ്യിൽ കത്തികൊടുത്തു. ശേഷം അവർ രണ്ടുപേരും ചേർന്ന് കേക്ക് മുറിച്ചു. ഞാനും രമ്യയും ചേർന്ന് ഹാപ്പി ബർത്ത് ഡേ പാടി.

അഭിരാമി ഒരു ചെറുകഷ്ണം കേക്ക് എടുത്ത് നീനുവിന്റെ വായിൽ വച്ചുകൊടുത്തു. നീനു അത് നുണഞ്ഞിറക്കുന്നതിനിടയിൽ ഒരു കഷണം കേക്കുമായി എന്റെ അടുക്കലേക്ക് ഓടിവന്ന് അതെനിക്ക് നേരെ നീട്ടി.

അത് കണ്ട് എന്റെ മാത്രമല്ല അഭിരാമിയുടെയും രമ്യയുടെയും കിളി പോയിരുന്നു.

ഞാൻ ആ കേക്ക് കഷ്ണത്തിനായി അല്പം കുനിഞ്ഞ് വാ തുറന്ന് കാണിച്ചു.

നീനു അതെന്റെ വായിലേക്ക് വച്ചുതന്നു. പെട്ടെന്ന് ഞാനാ കുഞ്ഞിനെ എന്റെ നെഞ്ചോട് ചേർത്ത് ആ കുഞ്ഞി കവിളിൽ ഒരുമ്മ കൊടുത്തു. അങ്ങനെ ചെയ്യാനാണ് എനിക്ക് തോന്നിയത്.

അവൾ എന്നെ നോക്കി കുഞ്ഞി പല്ലുകൾ കട്ടി ചിരിച്ച ശേഷം അവൾ അഭിരാമിയുടെ പുറകിലേക്ക് വലിഞ്ഞു.

ഞാൻ നേരെ നിന്ന് നോക്കിയത് അഭിരാമിയുടെ കണ്ണുകളിലേക്കാണ്. ആ കണ്ണുകൾ എന്നോട് എന്തോ പറയാൻ ശ്രമിക്കുന്നുണ്ട്. ആ മുഖത്ത് പലവിധ ഭാവങ്ങളുമുണ്ട്. ആ കണ്ണുകളിൽ കണ്ണുനീർ തീർത്ത ഒരു തിളക്കവുമുണ്ട്.

ഇതിനിടയിൽ രമ്യ നീനുവിനോട് എന്തൊക്കെയെ പറയുന്നുണ്ട്. പക്ഷേ അതൊന്നും ഞങ്ങൾ കേൾക്കുന്നുണ്ടായിരുന്നില്ല. ആ കുറച്ച് നേരത്തെ നോട്ടം അവസാനിക്കാൻ അഭിരാമി തന്നെ മുൻകൈയെടുത്തു.

നമ്മുക്ക് ഫുഡ് കഴിച്ചാലോ... അവൾ നോട്ടം മാറ്റി രമ്യയെ നോക്കി ചോദിച്ചു.

മ്മ്... രമ്യ മൂളി ക്കൊണ്ട് മറുപടി പറഞ്ഞു.

അമ്മേ.. ആന്റിക്ക് കേക്ക് കൊടുക്ക്.. അഭിരാമി മറന്നുപോയത് നീനു ചെറു കൊഞ്ചലോടെ ഓർമ്മിപ്പിച്ചു.

അയ്യോ.. സോറി... ഇതാ.. എടുക്ക്. അവൾ രമ്യക്ക് നേരെ ഒരുകഷ്ണം കേക്ക് നീട്ടി.

രമ്യ അത് വാങ്ങി കഴിക്കുന്നതിനിടയിൽ ഫുഡ് വിളമ്പിക്കോളാൻ പറഞ്ഞു.

ഇവളി പെൻസില് പോലെ ഇരിക്കുന്നത് വെറുതെയാണ്. നല്ല തീറ്റയാണെന്ന് തോന്നുന്നു. ഞാൻ ചിന്തിച്ചു.

ഞാനും രമ്യയും കുഞ്ഞും കൂടി കൈ കഴുകി ഡൈനിങ് ടേബിളിൽ പോയിരുന്നു. എന്റെ ഇരു വശത്തുമായാണ് അവർ രണ്ട് പേരും ഇരുന്നത്.

അഭിരാമി ഞങ്ങൾക്കുള്ള പ്ലേറ്റുമായി വന്നു. അവൾ തന്നെയാണ് ഞങ്ങൾക്ക് വിളമ്പി തന്നതും.

ചേച്ചി ഇരിക്കുന്നില്ലെ... രമ്യ ചോദിച്ചു.

ഇല്ല നിങ്ങള് കഴിക്ക് ഞാൻ പിന്നെ ഇരുന്നോളാം.

അതുവേണ്ട. ചേച്ചി ഇരിക്ക്. രമ്യ വീണ്ടും പറഞ്ഞു.

അഭിരാമി എന്റെ മുഖത്തേക്കൊന്ന് നോക്കി.

ഞാൻ കണ്ണുകൾ കൊണ്ട് ഇരിക്കാൻ പറഞ്ഞു. ഞാൻ എന്താണ് പറഞ്ഞത്. എന്തിനാണ് പറഞ്ഞത്. എന്നൊന്നും എനിക്കപ്പോൾ ഒരു നിശ്ചയവും ഉണ്ടായിരുന്നില്ല.

അഭിരാമി എനിക്ക് എതിർവശത്തുള്ള ചെയറിൽ ഇരുന്നു.

രമ്യ അവൾക്ക് വിളമ്പി കൊടുത്തു. ഞങ്ങൾ എല്ലാരും ഒപ്പമിരുന്ന് ഫുഡ് കഴിച്ചു. കഴിക്കുന്നതിനിടയിൽ പലപ്പോഴും എന്റെയും അഭിരാമിയുടെയും കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി.

ഫുഡ് കഴിച്ച് കഴിഞ്ഞ് അൽപനേരം കഴിഞ്ഞാണ് ഞങ്ങൾ ഇറങ്ങിയത്. അതുവരെ രമ്യയും അഭിരാമിയും തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. അപ്പോഴും എനിക്ക് അവളോട് സംസാരിക്കാൻ ഒരു മടി പോലെ.

നീനുവാണെങ്കിൽ എന്റെ അടുത്ത് നിന്നും മാറിയതേയില്ല. ആ കുറച്ച് നേരം കൊണ്ടുതന്നെ നീനുവിനോട് എനിക്ക് വല്ലാതൊരു ആത്മബന്ധം ഉള്ളത് പോലെ തോന്നി.

രമ്യയുമായി സംസാരിക്കുകയാണെങ്കിലും അഭിരാമിയുടെ ശ്രദ്ധ മുഴുവൻ എന്റെയും മോളുടെയും അടുത്തായിരുന്നു.

കുറച്ച് കഴിഞ്ഞ് ഞാനും രമ്യയും അവരോട് യാത്രപറഞ്ഞ് ഇറങ്ങി. ഇറങ്ങാൻ നേരം നീനു മോൾ എനിക്കൊരു ഉമ്മയും തന്നു.

അഭിരാമിയോട് ഒരിക്കൽ കൂടി യാത്ര പറഞ്ഞ ശേഷം ഞങ്ങൾ വണ്ടികടുത്തേക് നടന്നു.

രമ്യ എന്തൊക്കയെ പറയുന്നുണ്ട് പക്ഷേ അതിനൊന്നിനും ചെവികൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ മനസ്സ് ഇപ്പോഴും അഭിരാമിക്കും നീനുവിനും ഒപ്പമാണ്.

ഡാ... നീയേനെ വീട്ടിലേക്ക് ആക്കി തരില്ലേ....

ആടി...

പിന്നിടവൾ പറഞ്ഞുതന്ന വഴിയിലൂടെ ഞാൻ വണ്ടിയൊടിച്ചു.

ആ.. ഇവിടെ നിക്കട്ടെ.. അവൾ എന്റെ ഷോൾഡറിൽ തട്ടിക്കൊണ്ട് പറഞ്ഞു.

ഞാൻ ഒരു രണ്ട് നില വീടിന്റെ മുന്നിൽ ബൈക്ക് നിർത്തി.

രണ്ട്നില ആണെങ്കിലും ചെറിയ വീടാണ്. അവൾ ബൈക്കിൽ നിന്നും ഇറങ്ങി.

ഡാ... വാ.. കയറിട്ട് പോവാം. അവളെന്നെ ഉള്ളിലേക്ക് ക്ഷണിച്ചു.

ഇല്ലടി.. പിന്നീട് ആവട്ടെ. ഞാൻ ആ ക്ഷണം സ്നേഹപൂർവ്വം നിരസിച്ചു.

എന്ന ശരി നാളെ കാണാം. ഞാൻ അതുപറഞ്ഞ് ബൈക്ക് സ്റ്റാർട്ട് ചെയ്യാൻ നോക്കിയതും.

കിഷോർ...

ഞാനവളുടെ മുഖത്തേക്ക് നോക്കി. ആ മുഖത്ത് ഒരു പരിഭ്രാമം നിഴലിച്ചിരുന്നു.

ഡാ... എനിക്ക് ഒരു കല്യാണആലോചന വന്നിട്ടുണ്ട്. മിക്കവാറും വീട്ടുകാര് അത് ഉറപ്പിക്കും. അവളൊരു വോൾട്ടേജ് കുറഞ്ഞ ചിരിയോടെ പറഞ്ഞു.

ഞാൻ അവൾ പറയുന്നത് കേൾക്കുവാനായി കാതുകൂർപ്പിച്ചു.

ഡാ.... നിനക്ക് എന്നോട് അങ്ങനെ വല്ല ഇഷ്ടവും ഉണ്ടോ... അവൾ ചെറിയ വിക്കലോടെ പറഞ്ഞൊപ്പിച്ചു.

അവളുടെ ആ ചോദ്യം എന്നെ ശരിക്കും ഞെട്ടിച്ചു.

ഹേയ്... രമ്യ. എനിക്ക് നിന്നോട് അങ്ങനൊന്നും.

ഇല്ല എന്നല്ലേ.. അത് പറയുമ്പോൾ അവളുടെ മുഖത്ത് ചെറിയൊരു വാട്ടം ഉണ്ടായിരുന്നു.

എനിക്കറിയാം. പക്ഷേ ഒന്ന് ചോദിക്കണം എന്ന് തോന്നി. അവൾ ചിരിക്കാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു.

ഞാനും അവളെ നോക്കി ചിരിച്ചു. രമ്യ അവളുടെ വീട്ടിലേക്ക് തിരിഞ്ഞതും ഞാൻ വണ്ടി സ്റ്റാർട്ട് ചെയ്തു.

ഡാ... ഞാൻ വിളി കേട്ടിടത്തേക്ക് നോക്കി.

അഭിചേച്ചി ഒരു പാവണ്. മറ്റുള്ളവർ നോക്കുന്ന അതെ കണ്ണോടെ നീയും അവരെ നോക്കരുത്. ഒരുപാട് അനുഭവിച്ചതാണവർ. അതും പറഞ്ഞ് അവൾ ഉള്ളിലേക്ക് കയറി പോയി.

രമ്യ പറഞ്ഞതിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല. പക്ഷേ അഭിരാമിയുടെ ജീവിതത്തിൽ എന്തൊക്കെയോ ട്രാജഡികൾ നടന്നിട്ടുണ്ട് എന്നെനിക്ക് ഇന്നവിടെ ചെന്നപ്പോൾ തന്നെ മനസ്സിലായിരുന്നു.

ഞാൻ നേരെ ഹോസ്റ്റലിലേക്ക് പൊന്നു.

പിറ്റേന്ന് ബാങ്കിൽ ചെന്നപ്പോൾ അഭിരാമിയെ കുറിച്ച് രമ്യയോട് ഒരുപാട് ചോദിച്ചു. മറ്റാരോടും പറയരുത് എന്ന് അഭിരാമി പറഞ്ഞിട്ടുണ്ട് എന്നുപറഞ്ഞ് അവൾ ഒഴിഞ്ഞു.

നിനക്ക് എന്തെങ്കിലും അറിയണമെങ്കിൽ ചേച്ചിയോട് നേരിട്ട് ചോദിച്ചോ എന്നവൾ പറഞ്ഞു.

അഭിരാമിയോട് നേരിട്ട് ചോദിക്കാനുള്ള ധൈര്യവും എനിക്കുണ്ടായിരുന്നില്ല.

######################

അങ്ങനെ പിന്നെയും ദിവസങ്ങൾ കടന്നുപോയി. നാളെ രമ്യയുടെ എൻഗേജ്മെന്റ് ആണ്. എനിക്കും അഭിരാമിക്കും മാത്രമേ ക്ഷണം ഉണ്ടായിരുന്നുള്ളൂ. ബാങ്ക് ഉള്ള ദിവസം ആയതിനാൽ തലേന്നാളാണ് ക്ഷണം.

രാവിലെതന്നെ അഭിരാമി വിളിച്ച് എന്നോട് കാറ് ഓടിക്കാൻ അറിയുമോ എന്ന് ചോദിച്ചു. അറിയാം എന്ന് പറഞ്ഞപ്പോൾ അവൾ ഒരു പ്ലാൻ പറഞ്ഞു. എനിക്കും അത് ok ആയിരുന്നു.

അങ്ങനെ അന്ന് ബാങ്ക് കഴിഞ്ഞ് ഞാൻ ഹോസ്റ്റലിലേക്ക് പോയി. അവിടന്ന് കുളിയൊക്കെ കഴിഞ്ഞ് കൂട്ടുകാരന്റെ V3യും എടുത്ത് നേരെ അഭിരാമിയുടെ ഫ്ലാറ്റിലേക്ക് വിട്ടു.

എനിക്ക് മുകളിലേക്ക് കയറിചെല്ലാൻ ഒരു മടി. അതുകൊണ്ട് ഞാൻ താഴെനിന്നും അവളുടെ ഫോണിലേക്ക് വിളിച്ചു.

എവിടെ.... അഭിരാമിയുടെ ചോദ്യമെത്തി.

ഞാൻ താഴെയുണ്ട്.

എന്ന ഇങ്ങോട്ട് കയറി വാ...

അത് വേണ്ട. കഴിഞ്ഞാൽ ഇങ്ങോട്ട് പോരെ. സമയം കളയണ്ട. ഞാൻ പറഞ്ഞു.

അത് കഴിഞ്ഞ് കത്യം നാല് മിനിറ്റ് കഴിഞ്ഞതും ഒരു ബ്രൗൺ അനാർക്കലി അണിഞ്ഞ് അവൾ എന്റെ അടുത്തേക്ക് നടന്നടുത്തു.

ആ കാഴ്ച എന്റെ ഞരമ്പുകളിൽ പ്രകമ്പനം സൃഷ്ടിച്ചു. അനന്തരഫലം എന്റെ ഹാർട്ട് ബീറ്റ് വേഗത്തിലായി.

അവൾ മുടി വിടർത്തി ഇടത് മാറിന് മുകളിൽ ഇട്ടിരിക്കുന്നു. അവളുടെ വലത് കയ്യും പിടിച്ച് റെഡ് കളർ ഉടുപ്പണിഞ്ഞ് കൊച്ചു മാലാഖയായി നീനമോളും. നീനു എന്നെ നോക്കി പുഞ്ചിരിച്ചു.

അഭിരാമി എന്റെ അടുത്തെത്തിയതിനുശേഷം ചെറു ചിരിയോടെ എനിക്ക് നേരെ കാറിന്റെ കീ നീട്ടി. ഞാനത് അവളുടെ കണ്ണിലേക്ക് നോക്കികൊണ്ട് തന്നെ വാങ്ങി.

അഭിരാമി അവളുടെ മുഖത്തുടെ അലക്ഷ്യമായി പാറി നടക്കുന്ന മുടികളെ ഇടതുകയുടെ നടുവിരൽ കൊണ്ട് ഇടത് ചെവിക്കിടയിൽ ഒതുക്കിവെച്ചു. അപ്പോഴും ആ കണ്ണുകൾ എന്റെ കണ്ണിൽ തന്നെ തറഞ്ഞു നിന്നു.

എന്റെ നെഞ്ചിനുള്ളിലൂടെ ഒരു മിന്നൽപിണർ കടന്നുപോയി.

പോവാം.... ആ ചുണ്ടുകളുടെ അനക്കം എന്നെ അങ്ങോട്ട് നോക്കാൻ പ്രേരിപ്പിച്ചു.

തൊണ്ടിപ്പഴം പോലെ ചുവന്ന് തുടുതിരിക്കുന്ന ചുണ്ടുകൾ. അവയുടെ രുചിയറിയാൻ എന്റെ ഉള്ളം വല്ലാതെ കൊതിച്ചു.

ഹലോ... പോവണ്ടേ... അവൾ ചെറു ചിരിയോടെ വീണ്ടും ചോദിച്ചു.

ആ.. ഞാൻ അല്പം വെപ്രാളത്തോടെ മറുപടി പറഞ്ഞു.

അഭിരാമി കാറിനടുത്തേക് നടന്നു. അപ്പോഴേക്കും നീനു അഭിരാമിയുടെ കൈവിട്ട് എന്റെ കയ്യിൽ പിടിച്ചിരുന്നു. ഞാനും നീനുവും കൂടി അവൾക്ക് പുറകെ കാറിനടുത്തേക്ക് നടന്നു.

ഞങ്ങൾ എത്തിയത് ഒരു ചുവന്ന i20 യുടെ അടുത്താണ്. ഞാൻ ഡ്രൈവിംഗ് സീറ്റിലേക്ക് കയറി. അഭിരാമിയും നീനുവും എന്റെ ഒപ്പം മുന്നിൽ തന്നെ കയറി.

ഞാൻ വണ്ടി സ്റ്റാർട്ട് ചെയ്ത് ഒരു ആവറേജ് സ്പീഡിൽ ഓടിച്ചു. ആ കാറിൽ ac യുടെ ചെറിയ മൂളൽ ഒഴിച്ചാൽ മറ്റെല്ലാം നിശബ്ദമായിരുന്നു.

അഭിരാമിയുടെ ലാവെൻഡർ സ്പ്രേയുടെ മണം ആ കാറിനുള്ളിൽ തങ്ങിനിന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ നീനുമോൾ ചെറിയ മൂളിപാട്ടുകൾ പാടാൻ തുടങ്ങി.

കർണ്ണ പടത്തെ തഴുകുന്ന നീനുവിന്റെ മധുരമുള്ള ശബ്ദവും. മൂക്കിനുള്ളിൽ ലാവണ്ടറിൻ വസന്തം തീർത്ത് അഭിരാമിയും. ആ യാത്ര എന്നിൽ ഒരുപാട് സന്തോഷം ജനിപ്പിക്കുന്നതുപോലെ.

കുറച്ച് നേരത്തിനു ശേഷം ഞങ്ങൾ രമ്യയുടെ വീട്ടിലെത്തി. ഞങ്ങളെ കണ്ടതും ചിരിയോടെ രമ്യ ഇറങ്ങിവന്നു. പിന്നീട് അവളുടെ വീട്ടുകാരെ പരിചയപെട്ടു. അവരും രമ്യയെ പോലെതന്നെയാണ്. നല്ല ഫ്രണ്ട്ലിയയാണ് അവരും സംസാരിച്ചത് .

ഇതിനിടയിലും പലപ്പോഴായി എന്റെയും അഭിരാമിയുടെയും കണ്ണുകൾ തമ്മിൽ ഉടക്കുന്നുണ്ടായിരുന്നു.

അല്പ സമയം കഴിഞ്ഞ് ഞങ്ങൾ അവിടെനിന്നും ഭക്ഷണം കഴിച്ച ശേഷം രമ്യയോടും വീട്ടുകാരോടും യാത്ര പറഞ്ഞ് ഇറങ്ങി. അപ്പോഴേക്കും നീനുമോൾ ഉറക്കം തുടങ്ങിയിരുന്നു. ഞാനവളെ അഭിരാമിയുടെ കൈയിൽനിന്നും വാങ്ങി എന്റെ തോളിലിട്ടു.

കിഷോർ... നീനുവിനെ പുറകിലേക്ക് കിടത്തികൊ. കാറിലേക്ക് കയറാൻ നേരം അഭിരാമി എന്നോട് പറഞ്ഞു.

ഞാനവളെ പുറകിലെ സീറ്റിൽ ഭദ്രമായി കിടത്തിയ ശേഷം ഡ്രൈവിംഗ് സീറ്റിലേക്ക് കയറി. അപ്പോഴേക്കും അഭിരാമി മുന്നിലെ സീറ്റിൽ സ്ഥാനം പിടിച്ചിരുന്നു.

സമയം എട്ടര കഴിഞ്ഞിരുന്നു. വണ്ടിക്കുള്ളിൽ കനത്ത മൗനമായിരുന്നു. അതിനെ ഭേദിച്ച് അഭിരാമിയുടെ ചോദ്യം എത്തി.

കിഷോറിന്റെ വീട്ടിൽ ആരൊക്കെയുണ്ട്...

വീട്ടിൽ.. അച്ഛനും അമ്മയും പിന്നെ ചേട്ടനും ചേട്ടത്തിയും. ഞാൻ ഡ്രൈവിംങിനിടയിൽ ചെറു ചിരിയോടെ മറുപടി കൊടുത്തു.

വീണ്ടും അൽപനേരം നിശബ്ദത.

രമ്യ പറഞ്ഞു കിഷോറ് എന്നെപ്പറ്റി ചോദിച്ചന്ന്...

അത് കേട്ടപ്പോൾ ഞാൻ പെട്ടൊന്ന് ഞെട്ടി. ഞാൻ അവളുടെ മുഖത്തേക് നോക്കി. എന്നാൽ ആ മുഖത്ത് പ്രത്യേകിച്ച് ഭവങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതെനിക്ക് അല്പം ധൈര്യം പകർന്നു.

ഞാൻ മറുപടി ഒന്നും പറയാതെ വീണ്ടും റോഡിലേക്ക് നോക്കി വണ്ടിയൊടിച്ചു.

അൽപ്പനേരത്തെ മൗനത്തിനോടുവിൽ അവൾ തന്റെ ജീവിതത്തിന്റെ മാറാപ്പ് എനിക്ക് മുന്നിൽ തുറക്കുവാൻ ശ്രമിച്ചു.

പറയാൻ പറ്റിയ നല്ല കഥകളൊന്നും എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല കിഷോർ . അത് പറയുമ്പോൾ ആ വാക്കുകളിൽ നിഴലിച്ചു നിന്നിരുന്ന സങ്കടം ഞാൻ തിരിച്ചറിഞ്ഞു.

ഞാൻ കോളേജിൽ പഠിക്കുന്ന സമയത്ത് എന്റെ പുറകെ ഒരുപാട് പേര് നടന്നിരുന്നു. പക്ഷേ എനിക്ക് ആരോടും അങ്ങനെ ഒന്നും തോന്നിയില്ല.

അങ്ങനെ എന്റെ ഫ്രണ്ട്സ് പോലും എന്നോട് ചോദിച്ചു തുടങ്ങി ഞാനൊരു ഹോമോസെക്ൽ ആണോ എന്ന്. അത് പറഞ്ഞ് അവൾ ചെറുതായി ഒന്ന് ചിരിച്ചു.

കോളേജ് ഒക്കെ കഴിഞ്ഞിരിക്കുമ്പോഴാണ് എന്റെ ചേട്ടന്റെ ഫ്രണ്ട് വഴി അയാളുടെ കസിന് വേണ്ടി ഒരു അലയൻസ് വന്നത്.

എനിക്കും പ്രത്യേകിച്ച് ഇഷ്ടമോ ഇഷ്ടക്കേടോ ഒന്നും തോന്നിയില്ല. വീട്ടുകാർക്ക് ഇഷ്ടായി അതുകൊണ്ട് എനിക്കും ഇഷ്ടായി. പക്ഷേ പിന്നെ അവിടന്ന് അങ്ങോട്ട് എന്റെ ജീവിതത്തിലെ മോശം സമയങ്ങളുടെ തുടക്കമായിരുന്നു.

കല്യാണം കഴിഞ്ഞ് കുറച്ചു നാൾ കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ ഒരു മാസമൊക്കെ കഴിഞ്ഞപ്പോഴാണ് ആളിൽ മാറ്റങ്ങൾ കണ്ടു തുടങ്ങിയത്.

ആള് ഡ്രിങ്ക്സ് കഴിക്കുന്നതോ സ്മോക്ക് ചെയ്യുന്നതോ ഒന്നും ഞാൻ കണ്ടിട്ടില്ല. പക്ഷേ പുള്ളി നല്ല രീതിയിൽ ഡ്രക്ക്സ് ഉപയോഗിക്കുനണ്ടായിരുന്നു.

അത് ഉപയോഗിച്ചാൽ പിന്നെ അന്ന് എന്നെ ഒരുപാട് ഉപദ്രവിക്കും. പലപ്പോഴും എന്നെ ബ്രൂട്ടലായി റേപ്പ് വരെ ചെയ്യും. അത് പറയുമ്പോൾ ആ വാക്കുകൾ ഒന്ന് ഇടറിപ്പോയി.

അവളെ എന്തു പറഞ്ഞു ആശ്വസിപ്പിക്കണം എന്ന് പോലും എനിക്ക് അറിയില്ലായിരുന്നു.

അയാൾക്ക് ഞാൻ സാരീ ഉടുക്കുന്നത് തീരെ ഇഷ്ടലായിരുന്നു. കല്യാണം കഴിഞ്ഞ അന്നുതന്നെ അയാൾ അത് എന്നോട് പറയുകയും ചെയ്തു.

ഒരി.. ഒരിക്കെ.. ഞാൻ സാരീ ഉടുത്തതിന്... എന്റെ.... എന്റെ.. വയറിൽ അയാൾ പപ്പടകമ്പി ചൂടാക്കിവച്ചു. അവൾ അത് പറയുന്നതിനിടയിൽ ആ വാക്കുകൾ പലവട്ടം ഇടറിപ്പോയി.

അവൾ പറയുന്നത് കേൾക്കുമ്പോൾ എനിക്ക് എന്റെ കണ്ണുകളിൽനിന്നും ഊർന്നുവീഴുന്ന ചുടു നീർ മണികളെ തടയുവാൻ കഴിയാതെപോയി.

അല്പം നേരം ആ വണ്ടിക്കുള്ളിൽ അവളുടെ അടക്കി പിടിച്ച തേങ്ങൽ മാത്രം. ശേഷമവൾ വീണ്ടും പറയുവാൻ തുടങ്ങി.

ഞാൻ അനുഭവിക്കുന്നതിനെക്കുറിച്ച് എന്റെ വീട്ടുകാർ അറിയുമ്പോഴേക്കും എന്റെ വയറ്റിൽ നീനുവിന് മൂന്ന് മാസായിരുന്നു.

പിന്നീട് രണ്ട് വീട്ടുകാരുടെയും ഇടപെടലിൽ ഒരു ഒത്തുതീർപ്പിലെത്തി. ശരിയാകും എന്നുള്ള വാക്കിനുമേൽ വീണ്ടും ഞാനവിടത്തെ പീഡനവും സഹിച്ച് പിടിച്ചുനിന്നു.

അങ്ങനെ ഞാൻ എട്ട് മാസം പ്രഗ്നന്റ് ആയിരിക്കുമ്പോൾ ഇത് എന്റെ കുഞ്ഞല്ല എന്നുപറഞ്ഞ് അയാൾ എന്റെ വയറിൽ ചവിട്ടി.

ആ ഒരു സംഭവം കൊണ്ട് എട്ടുമാസം പ്രഗ്നന്റ് ആയിരുന്ന എനിക്ക് പ്രായം ആകുന്നതിന് മുൻപേ നീനുവിനെ പ്രസവിക്കേണ്ടി വന്നു. അത് പറഞ്ഞ് അവൾ പുറകിലെ സീറ്റിൽ കിടന്നുറങ്ങുന്ന നീനുവിനെ തിരിഞ്ഞ് നോക്കി.

പ്രസവം കഴിഞ്ഞ് ഞാൻ നേരെ പോയത് കോടതിയിലേക്കാണ്. അത് പറയുമ്പോൾ അവളുടെ വാക്കിലെ ദൃഢത ഞാൻ തിരിച്ചറിഞ്ഞു.

കിഷോറ് ബാങ്കിൽ ജോയിൻ ചെയ്തു അന്നായിരുന്നു അതിന്റെ അവസാന വിധി. അവൾ കണ്ണുകൾ തുടച്ച് എന്നെ നോക്കി.

ഈ... കാറ് എന്റെ ചേട്ടൻ എന്റെ കല്യാണത്തിന് തന്നതാണ്. അത് പറഞ്ഞ് അവൾ കാറിന്റെ ഡാഷ് ബോർഡിലൂടെ കൈയ്യടിച്ചു.

അതു കണ്ടപ്പോൾ എന്റെ കൈ അറിയാതെ കാറിന്റെ സ്റ്റിയറിങ്ങിൽ മുറുക്കിപിടിച്ചു.

അപ്പോ ചേട്ടനൊക്കെ ഇപ്പോ എവിടെയാ... ഞാൻ ചോദിച്ചു.

ഞാൻ പ്ലസ്ടുവിന് പഠിക്കുന്ന സമയത്താണ് അച്ഛൻ മരിച്ചത്. പിന്നെ എനിക്കും അമ്മയ്ക്കും കൂട്ടായി ചേട്ടൻ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോ ചേട്ടനും ചേട്ടത്തിയും കുട്ടികളും അമ്മയുമെല്ലാം യുഎസിലാണ്.

എന്നോടും അങ്ങോട്ട് ചെല്ലാൻ പറയുണ്ട്. അത് കേട്ടതും ഒരു ഞെട്ടലോടെ ഞാനവളുടെ മുഖത്തേക്ക് നോക്കി.

എന്നിട്ട് എന്ത് തീരുമാനിച്ചു... ഞാനല്പം നിരാശയോടെ ചോദിച്ചു.

അവൾ എന്നെ നോക്കി ചിരിക്കുക മാത്രം ചെയ്തോള്ളൂ. അപ്പോഴേക്കും ഞങ്ങൾ ഫ്ലാറ്റിനടിയിൽ എത്തിയിരുന്നു .

കുഞ്ഞിനെ ഞാനെടുകാം. കാറിൽ നിന്നും ഇറങ്ങുമ്പോൾ ഞാൻ അഭിരാമിയോട് പറഞ്ഞു.

ഞാൻ വണ്ടിയിൽനിന്നും മോളെ എടുത്ത് അഭിരാമിക്ക് പുറകെ നടന്നു. ഞങ്ങൾ ലിഫ്റ്റ് വഴി മുകളിലേക്ക് കയറി.

കുഞ്ഞിനെ ബെഡിൽ കിടത്തിയ ശേഷം ഞാൻ അഭിരാമിയോട് യാത്ര പറഞ്ഞ് അവിടെന്നിന്നും ഇറങ്ങി.

###########################

ഹോസ്റ്റലിൽ എത്തിയതിനുശേഷം കുളികഴിഞ്ഞ് ഇരിക്കുമ്പോഴാണ്. അഭിരാമിയെ വിളിക്കണം എന്നൊരു തോന്നൽ.

ഉള്ളിൽ ആ ശബ്ദം കേൾക്കാൻ ഒരു കൊതി.

പക്ഷേ... എന്തുപറഞ്ഞ് വിളിക്കും. മനസ്സ് ആകെ ചിന്ത കുഴപ്പത്തിലായി.

പെട്ടൊന്ന് എന്റെ കയ്യിൽ ഇരുന്ന് ഫോൺ ബെല്ലടിച്ചത്. ഞാൻ സ്ക്രീനിലേക്ക് നോക്കി.

അഭിരാമി..

എന്റെ ചുണ്ടുകൾ പതിയെ മന്ത്രിച്ചു. എനിക്ക് സന്തോഷം കൊണ്ട് എന്ത് ചെയ്യണം എന്ന് അറിയാൻ കഴിയാത്ത അവസ്ഥ. ഞാൻ കുറച്ച് നേരം കൂടി അത് നോക്കിയിരുന്ന ശേഷം. കോൾ എടുത്ത് ഫോൺ ചെവിയിൽ വച്ചു.

ഹലോ... ഒരു പ്രാവിന്റെ കുറുകൽ പോലെ അതെന്റെ ചെവിയെ തരളിതമാക്കി.

ഹലോ... ഞാനെന്റെ ശബ്ദത്തെ പരമാവധി മയപ്പെടുത്തി തിരിച്ചും ഹലോ പറഞ്ഞു. നീനവിന് ചെറുതായി ചൂടുള്ള പോലെ. അവൾ പറഞ്ഞു.

ങേ.. അതെന്തുപറ്റി.. കുറച്ച് മുൻപ് കുഴപ്പൊന്നും ഉണ്ടായിരുന്നില്ലലോ.. ഞാൻ ഒരു വ്യാകുലത പോലെ പറഞ്ഞു.

മ്മ്.. ഉണ്ടായിരുന്നില്ല. പക്ഷേ ഇപ്പോ ചെറിയ ഒരു ചൂട്. അതുകൊണ്ട് ഞാൻ നാളെ ഹോസ്പിറ്റലിൽ പോയതിനുശേഷേ എത്തു. അവൾ പറഞ്ഞു.

മ്മ്.. ശരി. മാഡത്തോട് പറഞ്ഞോ... ഞാൻ ചോദിച്ചു.

ഇല്ല പറയണം. അവൾ പറഞ്ഞു.

പിന്നെന്താ... അവൾ ചോദിച്ചു.

പിന്നെ... പിന്നെ ഒന്നും ഇല്ല. ഞാൻ പറഞ്ഞു.

എന്ന ശരി.. അവൾ അതും പറഞ്ഞ് കാൾ കട്ടാക്കി.

പിറ്റേന്ന് പതിനൊന്ന് മണിയാവുമ്പോൾ അഭിരാമിയുടെ കാൾ വന്നു.

നീനവിനെ ഡോക്ടറെ കാണിച്ചെന്നും പനി കാരണം അവൾക്ക് ചെറിയ വാശിയുണ്ടെന്നും. അമ്മ ഒപ്പം വേണം എന്ന് നീനു പറഞ്ഞെതയും അവൾ എന്നോട് പറഞ്ഞു. അതുകൊണ്ട് ഇന്ന് അവൾ ബാങ്കിലേക്ക് വരുന്നില്ല എന്നും പറഞ്ഞു.

ഞാൻ ബാങ്കിൽ നിന്നും ഹോസ്റ്റലിൽ എത്തിയ ശേഷം പണികൾ എല്ലാം കഴിഞ്ഞ് കിടക്കാൻ നേരം അഭിരാമിയെ വിളിച്ചു.

ഹലോ... അഭിരാമിയുടെ പതിഞ്ഞ സ്വരം എന്റെ കർണ്ണപടത്തെ വന്ന് തഴുകി.

മോളുറങ്ങിയോ.. ഭർത്താവ് തന്റെ ഭാര്യയോട് തന്റെ മകൾ ഉറങ്ങിയോ എന്ന് ചോദിക്കുന്ന അതേ ലാഘവത്തോടെ ഞാൻ അവളോട് ചോദിച്ചു.

മ്മ്... ഉറങ്ങി. അവൾ മറുപടി പറഞ്ഞു.

പനി കുറവില്ലേ...

ആ... അത് മരുന്ന് കഴിച്ചപ്പോ തന്നെ ഭേദമായി.

മ്മ്... ഫുഡ് കഴിച്ചോ..

ആര്.. മോളോ.. അവൾ ഒരു അടക്കി പിടിച്ച ചിരിയോടെ ചോദിച്ചു.

രണ്ടാളും.. ഞാനും ചിരിയോടെ തന്നെ പറഞ്ഞു.

മ്മ്.. കഴിച്ചു.

പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ ബാങ്കിൽ നിന്നും കണ്ടാൽ മിണ്ടാൻ കഴിയാത്തതിന്റെ പലിശയടകം ഞങ്ങൾ ഫോണിലൂടെ സംസാരിച്ച് തീർത്തു.

പലപ്പോഴും ആ കോളുകൾ ഒന്നോ രണ്ടോ മണിക്കൂറുകൾ വരെ നീളുന്നതും ഒരു പതിവായി. അങ്ങനെ ഞങ്ങൾക്കുള്ളിലെ പ്രണയം പരസ്പരം പറയാതെ പറഞ്ഞെങ്കിലും അത് വാക്കാൽ തുറന്നുപറയാൻ രണ്ടാളും മടിച്ചുനിന്നു.

ഒരാഴ്ചകൂടി കഴിഞ്ഞാൽ രമ്യയുടെ കല്യാണമാണ് അതുകൊണ്ട് തന്നെ ഇന്ന് രമ്യയുടെ ബാങ്കിലെ അവസാന ദിവസമാണ്.

കല്യാണത്തിന് ശേഷം അവൾ ബാങ്കിലേക്ക് വരുന്നില്ല എന്നും സമയം പോലെ പിജി ചെയ്യാനാണ് ആഗ്രഹം എന്നവൾ എന്നോട് മുൻപ് പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് തന്നെ രമ്യ പോകുന്നതിനോടനുബന്ധിച്ച് ഒരു യാത്രായയപ്പ് എന്നോണം ഞങ്ങൾ എല്ലാവരും ചേർന്ന് അവൾക് ചെറിയ ഒരു ട്രീറ്റും കൊടുക്കുന്നുണ്ട്.

ബാങ്കിങ് ടൈം കഴിഞ്ഞശേഷം വൈകിട്ടയിരുന്നു പരുപാടി.

പരുപാടിക്ക് ശേഷം രമ്യ എന്റെ അടുത്തേക് വന്നു.

എത്ര പെട്ടെന്നാണ് നിങ്ങളെ ഓക്ക് വിട്ട് പോവേണ്ടിവരുന്നത്. അവൾ ചെറിയ സങ്കടത്തോടെ എന്നോട് പറഞ്ഞു.

അത് കേട്ട് ഞാനവളെ നോക്കി ചിരിക്കാൻ ശ്രമിച്ചു.

ഡാ... നിന്നോടും അഭിചേച്ചിയോടും മാത്രാണ് തലേന്ന് വരാൻ പറഞ്ഞിട്ടോള്ളൂ. വരണട്ടോ.. അവൾ എന്റെ കയ്യിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

ഔദ്യോഗികമായുള്ള ക്ഷണിക്കലോക്കെ മുൻപ് കഴിഞ്ഞതാണ്. എങ്കിലും വീണ്ടും ഒരു ഓർമപ്പെടുതൽ പോലെ അവൾ എന്നോട് പറഞ്ഞു.

ആടി പെണ്ണെ. വരാം...

നീ മാത്രല്ല അഭിചേച്ചിയും...

ഞാൻ അതിന് അവളെ നോക്കി ചിരിക്കുക മാത്രം ചെയ്തു.

കിഷോർ... കുറച്ച് കാലത്തെ പരിചയമേ നമ്മൾ തമ്മിലൊള്ളൂ. പക്ഷേ ഒരുപാട് വർഷത്തെ അടുപ്പം എനിക്ക് നിന്നോട് തോന്നുന്നുണ്ട്. നീ നല്ലവനാണ്. അതിന് എനിക്ക് ആരുടേയും സർട്ടിഫിക്കറ്റിന്റെ ആവശ്യല്ല്യ. രമ്യ എന്തോ പറയുവാൻ വേണ്ടി മുഖവരയിട്ടു.

മനസ്സിലെ ഇഷ്ടം ആത്മാർത്ഥമായിട്ടാണെങ്കിൽ അത് തുറന്ന് പറ. അവൾ എന്റെ കയ്യിലെ പിടുത്തം ഒന്നുകൂടി മുറുക്കി പിടിച്ചുകൊണ്ട് പറഞ്ഞു. അതിനുശേഷം അവൾ എന്റെ അടുത്ത് നിന്നും നടന്നകന്നു.

കുറച്ച് ദിവസമായി എന്റെ മനസ്സിലും ഉരുതിരിയുന്ന കാര്യം തന്നെയാണ് രമ്യ ഇപ്പോൾ തന്നോട് പറഞ്ഞത്. അഭിരാമിയോട് തുറന്ന് പറയണമെന്നുണ്ട്. പക്ഷേ എന്തുകൊണ്ടോ കഴിയുന്നില്ല. അവളെ നഷ്ടപ്പെടുത്താനും കഴിയില്ല. കാരണം ഞാൻ ഇന്ന് അവളെ ഒരുപാട് സ്നേഹിക്കുന്നുണ്ട്.

പക്ഷേ എന്തുകൊണ്ടോ ഒന്നാവാൻ കഴിയാത്തവിധം ഞങ്ങൾക്കിടയിൽ എന്തൊക്കെയൊ അദൃശ്യമായ അതിർ വരമ്പുകൾ ഉള്ളതുപോലെ.

ചിന്തകൾ കാട് കയറുന്നതിനിടയിലാണ് അഭിരാമി എന്റെ മുന്നിലൂടെ കടന്ന് പോയത്. ആ കണ്ണുകൾ എനിലേക്ക് നീണ്ടു.

കുറച്ച് കഴിഞ്ഞതും ഫോണിൽ വാട്സാപ്പ് മെസ്സേജ് വരുന്ന സൗണ്ട് കേട്ടു. ഞാൻ ഫോൺ എടുത്ത് നോക്കി. ഞാൻ പ്രതീക്ഷിച്ചപോലെ തന്നെ അത് അഭിരാമിയായിരുന്നു. ഞാൻ മെസ്സേജ് ഓപ്പൺ ചെയ്തു.

എന്തുപറ്റി...

ഹേയ്.. ഒന്നും ഇല്ല. ഞാൻ മറുപടി അയച്ചു.

പിന്നെ എന്താ മുഖത്തൊരു വാട്ടം.. അവളുടെ അടുത്ത ചോദ്യമെത്തി.

ഹേയ്.. തോന്നുന്നതാവും. ഞാൻ വീണ്ടും ഒഴിഞ്ഞു മാറി.

Ok ഞാൻ ഇറങ്ങാണ്. വൈകിട്ട് വിളിക്കാം. അവൾ അതും പറഞ്ഞ് ബാങ്കിൽ നിന്നും ഇറങ്ങി.

മ്മ്.. ok. ഞാൻ മറുപടി കൊടുത്തു.

അവൾ വൈകിട്ട് വിളിച്ചപ്പോഴും കാര്യമെന്താണെന്ന് ചോദിച്ചു. എന്നാൽ അപ്പോഴും ഞാൻ ഒഴിഞ്ഞ് മാറി.

പിന്നീടുള്ള ദിവസങ്ങൾ എന്നത്തേയും പോലെ കഴിഞ്ഞുപോയി. പക്ഷേ രമ്യയുടെ കുറവ് മാത്രം ആരാലും നികത്താൻ കഴിയാത്ത ഒരു വിടവായി അവശേഷിച്ചു.

################################

ഞായറാഴ്ച അതായത് മറ്റന്നാൾ രമ്യയുടെ കല്യാണമാണ്. നാളെ വൈകിട്ട് അഭിരാമിയെയും കൂട്ടി രമ്യയുടെ വീട്ടിൽ പോവണം.

ബാങ്കിലുള്ള എല്ലാവരും ചേർന്ന് ചെറിയ ഒരു ഗിഫ്റ്റ് കൊടുക്കുന്നുണ്ട്. പക്ഷേ അത് പോരാ എന്റെയും അഭിരാമിയുടെയും വക എന്തെങ്കിലും വേണം എന്ന് ഞാൻ അഭിരാമിയോട് പറഞ്ഞു.

എന്നാൽ അത് വേണ്ട എന്നവൾ തീർത്ത് പറഞ്ഞു. പിന്നെ ഞാനും അതിനെ എതിർക്കാൻ പോയില്ല. എന്നാലും എന്തെങ്കിലും കൊടുക്കാമായിരുന്നു എന്നെന്റെ മനസ്സിലുണ്ടായിരുന്നു.

ഉച്ചക്ക് ലഞ്ചിന് ടൈം ആയപ്പോൾ രമ്യയുടെ കാൾ വന്നു.

ഹലോ... എന്താണ് കല്യാണപെണ്ണ് ഈ നേരത്തൊരു വിളി...

ഒന്ന് പോടാ. നിന്നെ വിളിക്കാൻ എനിക്ക് അങ്ങനെ നേരവും കാലവും നോക്കണോ.

അയ്യോ... നീ എപ്പോ വേണെങ്കിലും വിളിച്ചോ. നോ പ്രോബ്ലം. ഞാൻ പറഞ്ഞു.

അല്ല ഏതുവരെ എത്തി കല്യാണത്തിരക്കൊക്കെ....

അതൊക്കെ അതിന്റെ വഴിക്ക് നടക്കുന്നു. അവൾ ഒരു ഒഴുകാൻ മട്ടിൽ മറുപടി തന്നു.

പിന്നേയ്.. ഞാൻ വേറൊരു കാര്യം പറയാനാണ് വിളിച്ചത്.

എന്താണ്.... ഞാൻ ആകാംഷയോടെ ചോദ്യച്ചു.

നീ.. വൈകിട്ട് എന്റെ വീട്ടിലേക്ക് ഒന്ന് വാ.

അതെന്തിനാ.... ഞാൻ പെട്ടൊന്ന് ചോദിച്ചുപോയി.

നീ പേടിക്കണ്ട നിന്റെ കൂടെ ഒളിച്ചോടാനൊന്നുമല്ല. എന്റെ ആ ചോദ്യത്തിന്റെ വേഗത കണ്ടിട്ടാവണം അവൾ എന്നെ കളിയാകും പോലെ പറഞ്ഞു.

ഹാ.. ഹാ.. ഹാ.. നിനെകൊണ്ടേ കഴിയു ഇമ്മാതിരി ഊള കോമഡി പറയാൻ. ഞാൻ ചിരിച്ചും കൊണ്ട് പറഞ്ഞു.

മ്മ്... ആയ്കോട്ടെ. നീ പറയുന്നത് പോലെ ചെയ്യ് ട്ടോ...

മ്മ്... ശരി. ഉത്തരവ്.

ഞങ്ങൾ കുറച്ച് നേരം കൂടി സംസാരിച്ച ശേഷം കാൾ കട്ട് ചെയ്തു.

വൈകിട്ട് ഞാൻ എന്റെ ഫ്രണ്ടിന്റെ ബൈക്കും സംഘടിപ്പിച്ച് രമ്യയുടെ വീട്ടിലേക്ക് വിട്ടു.

ഞാൻ അവളുടെ വീടിന് പുറത്ത് നിന്ന് അവളെ ഫോണിൽ വിളിച്ച് ഞാൻ പുറത്ത് വെയിറ്റ് ചെയ്യുന്നുണ്ട് എന്ന് പറഞ്ഞു.

അവൾ പുറത്തേക് ഇറങ്ങി വന്നതും ആദ്യം തന്നെ അവളുടെ കയ്യിലുണ്ടായിരുന്ന ഒരു കവർ എനിക്ക് നേരെ നീട്ടി.

എന്തായിത്... ഞാൻ ചോദിച്ചു.

ഇത് ചെറിയ ഒരു ഗിഫ്റ്റാണ്.

ഗിഫ്റ്റോ... അതിന് കല്യാണം എന്റെ അല്ലാലോ.. നിന്റെയാല്ലേ... ഞാൻ മുഖം ചുളിച്ചുകൊണ്ട് ചോദിച്ചു.

ഡാ.. ഇതൊരു ഷർട്ടാണ്. ഇത് നീ നാളെ വൈകിട്ട് ഫംഗ്ഷന് വരുമ്പോൾ ഇട്ട് വാ.

നാളെയോ… അതിന് കല്യാണം മറ്റന്നാൾ അല്ലെ… അവൾ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാവാത്തത് കാരണം ഞാൻ ചോദിച്ചു പോയി.

കല്യാണത്തിന് എന്താച്ചാ ഇട്ടോ. പക്ഷേ നാളെ വരുമ്പോ ഇത് ഇട്ട് വേണം നീ വരാൻ. കേട്ടോ… അവൾ എന്നെ ഭിഷണി പെടുത്തും പോലെ പറഞ്ഞു.

ഓ… ന്ത്രാ… ഞാൻ കളിയാക്കും പോലെ അവളെ നോക്കി കൈ കൂപ്പി കൊണ്ട് തലതാഴ്ത്തി.

അവൾ ചിരിച്ചും കൊണ്ട് എന്റെ തലക്കിട്ട് ഒന്ന് കിഴുക്കി.

എന്ന ശരിടാ കുറച്ച് തിരക്കുണ്ട് നാളെ കാണാം. അവൾ അതും പറഞ്ഞ് എന്നെ യാത്രയാക്കി.

എനിക്ക് ഒന്നും മനസ്സിലായില്ലെങ്കിലും ഞാൻ അവൾ തന്ന കവറുമായി ഹോസ്റ്റലിലേക്ക് പോന്നു.

ഹോസ്റ്റലിൽ എത്തിയതും ഞാൻ രമ്യ തന്ന കവർ തുറന്ന് നോക്കി. അതിൽ ഒരു ഡാർക്ക് മജന്ത കളർ പ്ലെയിൻ ഷർട്ടായിരുന്നു.

ആഹാ.. എന്റെ കയ്യിൽ ഇല്ലാത്ത കളർ.

ഞാൻ അത് ഇട്ട് നോക്കി. അളവെടുത്ത് തയ്ച്ചതുപോലെ പെർഫെക്ട് ഫിറ്റ് എന്നൊക്കെ പറയുന്നത് ഇതിനെയാണ്. അതിൽ നിന്ന് തന്നെ രമ്യ എന്റെ ശരീരത്തെ നന്നായി ഒബ്സർവ് ചെയ്തിട്ടുണ്ട് എന്നെനിക്ക് മനസ്സിലായി.

ഞാൻ അതെന്റെ ഷർട്ടുകളുടെ ഇടയിൽ ഹാങ്ങിത് വച്ചു.

രാത്രി അഭിരാമി വിളിച്ചപ്പോൾ ഷിർട്ടിന്റെ കാര്യം പറയാൻ ഒരു മടി. രമ്യ എനിക്ക് മാത്രം ഗിഫ്റ്റ് തന്നു എന്ന് പറയുമ്പോൾ അഭിരാമികത് സങ്കടമാവുമോ എന്നു കരുതി ഞാൻ അത് അവളിൽ നിന്നും മനഃപൂർവം മറച്ചുവച്ചു.

പിറ്റേന്ന് ബാങ്കിൽ രാഹുലിന്റെ നേതൃത്വത്തിൽ തകൃതിയായ പിരിവ് തന്നെ നടന്നു.

എന്ത് വാങ്ങണം എന്ന ചർച്ച ചെയ്തുകൊണ്ടിരിക്കെ പല അഭിപ്രായങ്ങളും ഉയർന്നുവന്നു.

എന്നാൽ അവിടെയും അഭിരാമി മൗനം പാലിച്ചുനിന്നു.

അപ്പോഴാണ് എന്റെ ഫോണിലേക്ക് ഒരു മെസ്സേജ് വന്നത്. ഞാനത് എടുത്ത് നോക്കി. അഭിരാമിയാണ്.

ഗോൾഡ് റിങ് കൊടുകാം എന്ന് പറ.

നമ്മുക്കൊരു ഗോൾഡ് റിങ് കൊടുകാം… ചർച്ച നടക്കുന്ന കൂട്ടത്തിലേക്ക് നോക്കി ഞാൻ വിളിച്ചുപറഞ്ഞു.

എന്നാൽ രാഹുലിനെ പോലുള്ളവർ അതിനെ നിഷ്പക്ഷമായി എതിർത്തു.

എന്നാലും ഞാൻ വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. പ്രത്യേകിച്ച് അഭിരാമി പറഞ്ഞ ഒരു കാര്യം കൂടി ആയ സ്ഥിതിക്ക്. ഞാൻ അത് എന്ത് വില കൊടുത്തും നേടിയെടുക്കണം എന്ന വാശിയിലായിരുന്നു. അങ്ങനെ ഞാനത് ഭൂരിപക്ഷത്തെ കൂട്ടുപിടിച്ച് അത് ഉറപ്പിച്ചു.

ഞാൻ അഭിരാമിയുടെ മുഖത്തേക് നോക്കാതെ തന്നെ അവൾക്കായി ഒരു പുഞ്ചിരി നൽകി. ആ ചിരിക് ലോകം കീഴടക്കിയവന്റെ അഹകാരം ഉണ്ടായിരുന്നു.

ഉച്ചക്ക് ഞാൻ അഭിരാമിക് മെസ്സേജയച്ചു. ബാങ്കിലാവുന്ന സമയങ്ങളിൽ ഞങ്ങൾ തമ്മിൽ പേഴ്സണൽ കാര്യങ്ങൾ പരസ്പരം മെസ്സേജുകൾ വഴിയാണ് സംസാരിച്ചിരുന്നത്. പണ്ട് കത്തുകളിലൂടെ പ്രണയം കയ്യറിയിരുന്ന കാമുകി കാമുകൻ മാരെ പോലെ ഞാനും ആ പ്രവർത്തിയിൽ വല്ലാത്തൊരു അനുഭൂതി കണ്ടെത്തിയിരുന്നു.

എന്താ ഇന്നത്തെ പ്ലാൻ... ഞാൻ ചോദിച്ചു.

കുറച്ച് കഴിഞ്ഞതും എനിക്കുള്ള റിപ്ലൈ വന്നു. ഞാൻ അത് എടുത്ത് നോക്കി.

ഏഴുമണി ആവുമ്പോൾ ഫ്ലാറ്റിലേക്ക് വാ.. നമ്മുക്കൊരു എട്ട് മണിക്ക് മുൻപ് അവിടെ എത്താൻ തരത്തിൽ പോകാം. അവൾ മറുപടി തന്നു.

Mmm.. ശരി. അതേയ് നമ്മുക്ക് ഗിഫ്റ്റ് വല്ലതും കൊടുത്താലോ... ഞാൻ വീണ്ടും ചോദിച്ചു.

അതിനുള്ള മറുപടി ഞാൻ മുൻപ് പറഞ്ഞു. അതായിരുന്നു എനിക്കുള്ള മറുപടി.

Ok എന്ന വൈകിട്ട് കാണാം. ഞാൻ പിന്നെ വേറെയൊന്നും പറയാൻ പോയില്ല.

വൈകിട്ട് എനിക്ക് മുന്നേ അഭിരാമിയാണ് ബാങ്കിൽ നിന്നും ഇറങ്ങിയത്.

അതിനുമുൻപ് എനിക്ക് രണ്ട് മെസ്സേജുകൾ വന്നു.

ടൈം മറക്കണ്ട... ഞാൻ ഇറങ്ങുണ്...

ഞാൻ ok എന്ന് അയച്ചു.

പിന്നീട് അതികം നേരം കളയാതെ ഞാനും ബാങ്കിൽ നിന്നും ഇറങ്ങി.

ഹോസ്റ്റലിൽ എത്തിയ ശേഷം ഒരു കുളി പാസ്സാക്കി. ശേഷം രമ്യ എനിക്ക് വേണ്ടി തന്ന മജന്ത കളർ ഷർട്ടും അതിലേക്ക് പറ്റിയ ഡാർക്ക് ബ്ലൂ ജീൻസും എടുത്തിട്ടു. നല്ല ഒരു കസവ് മുണ്ട് ഉണ്ടായിരുന്നെങ്കിൽ പൊളിച്ചേനെ എന്ന് ഞാൻ ചിന്തിച്ചു.

എല്ലാ പ്രാവശ്യവും ഒരാളുടെ ബൈക്ക് തന്നെ വാങ്ങുന്നത് ശരിയല്ലാത്തതുകൊണ്ട് ഇപ്രാവശ്യം ഞാൻ ഹോസ്റ്റലിൽ തന്നെയുള്ള മറ്റൊരാളുടെ ബുള്ളറ്റും എടുത്താണ് പോയത്.

ബുള്ളറ്റ് എന്നത് ഒരു വികാരം ആയതുകൊണ്ട് ഞാനാ ഡ്രൈവ് മാക്സിമം എൻജോയ് ചെയ്തു.

ബുള്ളറ്റിന്റെ കുട്ട കുട്ട എന്ന നെഞ്ചിടിപ്പും കേട്ട് കൊച്ചിയുടെ ഇരുൾ വീണ പാതായിലൂടെ കടന്ന് പോകുമ്പോൾ അഭിരാമിയുടെ മുഖം എന്റെ മനസ്സിലേക്ക് ഒരു കുളിർകാറ്റായി കടന്നുവന്നു.

ഫ്ലാറ്റിന്റെ പാർക്കിങ്ങിൽ ബൈക്ക് നിർത്തിയശേഷം ഞാൻ നേരെ അഭിരാമിയുടെ ഫ്ലാറ്റിലേക്ക് കയറിച്ചെന്നു.

ഇത് കൊച്ചി ആയത് നന്നായി വേറെ എവിടെങ്കിലും ആയിരുന്നെങ്കിൽ ഇതിനോടകം എന്നെ സദാചാര തെണ്ടികൾ പൊക്കിയേനെ. ഞാൻ ചിന്തിച്ചു.

ഞാൻ വാതിലിന് മുന്നിൽ നിന്ന് കാളിങ് ബെല്ലടിച്ചു.

കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ രമ്യ ഉണ്ടായിരുന്നിട്ടുകൂടി എനിക്ക് നല്ല ടെൻഷൻ ഉണ്ടായിരുന്നു. പക്ഷേ ഇപ്രാവശ്യം ആ ഒരു പ്രശ്നമില്ല.

സെക്കണ്ടുകൾ കഴിഞ്ഞതും മുന്നിലെ വാതിൽ തുറക്കപ്പെട്ടു. എനിക്ക് മുന്നിലെ ആ കാഴ്ച കണ്ട് എന്റെ കണ്ണുകളെ എനിക്ക് വിശ്വസിക്കാനായില്ല.

അഭിരാമിയെ ആദ്യമായാണ് ഞാൻ സാരിയുടുത്ത് കാണുന്നത്. അതും താൻ ഇട്ട ഷർട്ടിന്റെ അതെ കളറിലുള്ള സാരി.

എന്നെ കണ്ടതും ആ കണ്ണുകൾ വിടർന്നു ശേഷം ആ ചുണ്ടുകളും.

ആഹാ... എത്തിയോ.. കുറച്ച് നേരായി ഞങ്ങള് കാത്തുനിൽക്കുന്നു. അവൾ പുറകിലേക്ക് നോക്കികൊണ്ട് പറഞ്ഞു. ഞാൻ അവൾ നോക്കിയ ഭാഗത്തേക്ക് നോക്കി.

ഒരു ലൈറ്റ് മജന്ത കളർ കുഞ്ഞുടുപ്പുമിട്ട് സോഫ സെറ്റിലിരുന്ന് കൊച്ചു tv കാണുകയാണ് എന്റെ നീനു.

നീനു... ഇത് ആരാ വന്നേക്കുനെ നോക്ക്യ.. അഭിരാമി നീനുവിനോട് വിളിച്ചുപറഞ്ഞു. നീനു ടീവിയിൽ നിന്നും കണ്ണുപറിച്ച് ഞങ്ങൾ നിൽക്കുന്നിടത്തേക്ക് നോക്കി.

എന്നെ കണ്ടതും ആ കുഞ്ഞികണ്ണുകൾ വിടർന്നു.

ഹായ്... എന്നും പറഞ്ഞ് അവൾ എന്റെ നേർക്ക് ഓടിവന്നു. ഞാനെന്റെ രണ്ട് കൈകളും കൊണ്ട് അവളെ വാരിയെടുത്തു.

പോവാം... നീനു ഒരു കുസൃതി ചിരിയോടെ എന്നെ നോക്കി കൊഞ്ചി.

മ്മ്.... ഞാൻ അവളെ നോക്കി തലയാട്ടികൊണ്ട് മൂളി.

അതിനുശേഷം ഞാൻ നോക്കിയത് അഭിരാമിയുടെ മുഖത്തേക്കാണ് . അവളും ഒരു ചിരിയോടെ പോകാം എന്നു പറഞ്ഞു.

അഭിരാമി വാതിൽ പൂട്ടിയതിനുശേഷം ഞങ്ങൾക്കൊപ്പം വന്നു.

ഇപ്പോൾ ഞങ്ങളെ കണ്ടാൽ ഫാമിലി കോസ്റ്റും ഇട്ടുവരുന്ന ഭാര്യയും ഭർത്താവും അവരുടെ കുഞ്ഞും ആണേനെ പറയു.

നടക്കുന്നതിനിടയിൽ ഞാൻ അഭിരാമിയെ ഒളികണ്ണിട്ട് നോക്കി.

ആ.. സൗന്ദര്യം ഒരു നദി കണക്കെ വഴിഞ്ഞൊഴുകുക്കയാണ്. എന്നെക്കാൾ ഒരല്പം മാത്രമേ ഉയരക്കുറവൊള്ളൂ അവൾക്ക്. എന്നെ തൊട്ടുരുമ്മി നടന്നുനീങ്ങുന്ന ആ ദേവി രൂപത്തെ ഞാൻ ആവോളം കണ്ട് നിർവൃതിയടഞ്ഞു.

ആ തങ്കം തോൽക്കുമുടലിനെ വരിഞ്ഞു ചുറ്റിയത്തിന്റെ പേരിൽ ആ മജന്ത വർണ്ണ ചേലക്ക് പോലും അഹങ്കാരമുള്ളതുപോലെ.

സാരി നന്നായി ചേരുന്നുണ്ട്. നടത്താതിനിടെ ഞാൻ അവളോട് പറഞ്ഞു.

അത് കേട്ടതും തിളങ്ങുന്ന മുഖത്തോടെ അവൾ എന്നെ നോക്കി. ആ കവിളുകളിൽ രക്തവർണ്ണം. ആ കണ്ണുകളിൽ നിറഞ്ഞ ലാസ്യത. ആ നോട്ടത്തിന് പറഞ്ഞറിയിക്കാൻ കഴിയാത്ത ഭാവങ്ങൾ.

ഈ.. സാരി രമ്യ തന്നതാണോ... ഞാൻ ചോദിച്ചു. അതിനവൾ എന്നെ നോക്കി ചിരിക്കുക മാത്രമാണ് ചെയ്തത്.

ഇതിനിടയിൽ നീനുമോൾ എന്റെ മാറിൽ കിടന്ന് എന്റെ ട്രിം ചെയ്ത താടിയിൽ വിരലുകളോടിച്ച് ഇക്കിളി ഇട്ടപോൽ ചിരിച്ചുകൊണ്ടിരുന്നു.

അഭിരാമി ഇടയ്ക്ക് നീനുവിനെ നോക്കുണ്ട്. ആ കരി മഷിയെഴുതിയ മിഴികളിൽ നീനുവിനോടുള്ള അസൂയ എനിക്ക് വ്യക്തമായി മനസ്സിലായി. കാറിനടുത് എത്തിയതും ഞാൻ കാറിന്റെ കീക്ക് വേണ്ടി കൈ നീട്ടി.

എന്നാൽ അവൾ അതെനിക്ക് തന്നില്ല. ആ മുഖത്ത് ചെറിയ ഒരു നാണം പോലെ.

ഞാൻ ഓടിച്ചോട്ടെ... അവൾ ഒരു കൊച്ചു കുഞ്ഞിനെ പോലെ കൊഞ്ചികൊണ്ട് എന്നോട് അനുവാദം ചോദിച്ചു.

മ്മ്... ഞാൻ ഒരു ചിരിയോടെ മൂളി.

എന്റെ അനുവാദം കിട്ടിയതും അവൾ ഡ്രൈവിംഗ് സീറ്റിലേക്ക് കയറി.

ഞാൻ നീനുവിനെയും കൊണ്ട് ഫ്രണ്ട് സീറ്റിലേക്കും കയറിയിരുന്നു.

അവൾ കീ തിരിച്ച് കാറ് സ്റ്റാർട്ട് ചെയ്തു. ശേഷമവൾ എന്റെ മുഖത്തേക് ഒന്ന് നോക്കി. ആ മുഖം കണ്ടാലറിയാം അവൾ ഒരുപാട് ഹാപ്പിയാണെന്ന്.

ഞാൻ ഒരു ചിരിയോടെ കണ്ണുകൾ കൊണ്ട് ഞാനുണ്ട് കൂടെ എന്ന് പറഞ്ഞു.

അവൾ പതിയെ ഗിയർ മാറ്റി വണ്ടി മൂവ് ചെയ്യിച്ചു. ശേഷം ഓരോ ഗിയറും ഉയർത്തി വണ്ടി വേഗത കൂട്ടി.

ആഹാ... നന്നായി ഓടിക്കുന്നുണ്ടാലോ... കുറച്ച് ദൂരം കഴിഞ്ഞതും ഞാനവളെ പ്രശംസിച്ചു.

എനിക്ക് കാറോടിക്കാൻ പേടിയാ. പക്ഷേ ഇന്നെന്തോ.. ഒരു ധൈര്യം പോലെ . അവൾ ഡ്രൈവിങ്ങിനിടെ എന്നെ നോക്കാതെ പറഞ്ഞു.

ഞാൻ അൽപനേരം അവളെ തന്നെ നോക്കിയിരുന്നു. ഇന്ന് അഭിരാമിയെ കാണാൻ വല്ലാത്തൊരു വശ്യത. സാരി ഉടുത്തതുകൊണ്ടാണോ.. എനിക്ക് അറിയാൻ കഴിയുനില്ല. ഇന്നവളുടെ മുഖത്തിന് ഒരല്പം തിളക്കം കൂടിയതുപോലെ.

ഞാൻ നോക്കുന്നത് അറിഞ്ഞതുകൊണ്ടാണെന്ന് തോന്നുന്ന ആ കവിളുകളിൽ രക്തം ഇരച്ചുകയറി. ആ മുഖം അസ്തമയ സൂര്യനെ പോലെ ചുവപ്പ് നിറമണിഞ്ഞു. ആ ചുണ്ടിൽ നാണത്തിൽ കുതിർന്ന ഒരു ചിരി തങ്ങിനിന്നു.

കണ്ണും മനസ്സും നിറഞ്ഞ ആ യാത്ര അവസാനിച്ചത് ഓഡിറ്റോറിയത്തിന് മുന്നിലാണ്. വണ്ടി പാർക്കിങ്ങിൽ ഒതുക്കി നിർത്തിയ ശേഷം ആ കണ്ണുകൾ എനിക്ക് നേരെ നീണ്ടു.

ഇറങ്ങാം... അവൾ ചിരിയോടെ ചോദിച്ചു.

ഞാൻ ചിരിച്ചുംകൊണ്ട് തലയാട്ടി.

ഞാൻ തന്നെ ആദ്യം കാറിൽ നിന്നും പുറത്തേക്കിറങ്ങി. പുറകെ അവളും

മോളെ ഇങ്ങ് താ.. അവൾ നീനുവിന് വേണ്ടി കൈ നീട്ടികൊണ്ട് പറഞ്ഞു.

ഞാൻ നീനുവിനെ അവൾക്ക് കൈമാറി. രമ്യയുടെ കല്യാണം പ്രമാണിച്ച് ഓഡിറ്റോറിയം പല വർണ്ണത്തിൽ മിന്നുന്ന ബൾബുകളാൽ അലങ്കരിച്ചിരിക്കുന്നു. അവ എന്നെ നോക്കി കണ്ണുചിമ്മി കാണിച്ചു.

ഞങ്ങൾ ഓഡിറ്റോറിയത്തിലേക്ക് കയറി. അത്യാവശ്യം ആളുകളുണ്ട്. അടുത്ത ബന്ധുക്കളും നാട്ടുകാരുമായിരിക്കും. പിന്നെ ഞങ്ങളെ പോലെ അടുത്ത സൗഹൃദമുള്ള വരും.

ആദ്യം തന്നെ എന്റെ നോട്ടം പോയത് സ്റ്റേജിലേക്കാണ്. എന്നാൽ അവിടം വിജനമായിരുന്നു. സ്റ്റേജിൽ ഇവന്റ് മാനേജ്മെന്റുകാരുടെ കരവിരുത് കാണാം.

രമ്യ weds രതീഷ് എന്ന് മനോഹരമായി എഴുതിവച്ചിരിക്കുന്നു. രതീഷ് എന്ന പേര് കണ്ടപ്പോൾ ഞാൻ എന്റെ നാട്ടിലുള്ള ഉറ്റ മിത്രത്തെ ഓർത്തുപോയി.

ഞാൻ എനിക്കടുത് നിൽക്കുന്ന അഭിരാമിയെ നോക്കി. അവളുടെ കണ്ണുകളും ആൾക്കൂട്ടത്തിനിടയിൽ രമ്യയെ തിരയുകയാണ്. ആ കാഴ്ച കാണുവാൻ തന്നെ അതീവ രസകരമായിരുന്നു.

പെട്ടെന്ന് ആ ചുണ്ടുകൾ വിടരുന്നത് ഞാൻ കണ്ടു. അതിന്റെ കാരണമറിയാൻ ഞാൻ അവൾ നോക്കുന്ന ദിക്കിലേക്ക് നോക്കി.

ഞങ്ങൾക്ക് നേരെ നിറ പുഞ്ചിരിയോടെ നടന്നുവരുന്ന രമ്യ. പച്ചകളർ സാരിയിൽ ഇന്നവൾ സുന്ദരിയായിട്ടുണ്ട്. അഭരണങ്ങളണിഞ്ഞ് മനസ്സുകൊണ്ടും ശരീരം കൊണ്ടും മറ്റൊരാളുടെ മണവാട്ടിയവൻ തയ്യാറെടുത്തിരിക്കുന്ന അവൾ.

ആഹാ... ഇപ്പോഴാണോ വരുന്നേ.... ഞാൻ എത്ര നേരമായി നിങ്ങളെയും നോക്കി നിൽക്കുന്നു. അവൾ ചെറു പരിഭാവത്തോടെ ഞങ്ങളെ നോക്കി പറഞ്ഞു.

ദാ... ഇങ്ങോട്ട് ചോദിക്ക്... അഭിരാമി ചെറു ചിരിയോടെ എന്നെ നോക്കിയ ശേഷം രമ്യയോടായി പറഞ്ഞു. അവൾ അത് നൈസായി എന്റെ തലയിലേക്കിട്ടു.

ആഹാ... അപ്പോ നിന്റെ പരുപാടിയാണലെ... എന്നു പറഞ്ഞ് രമ്യ എന്റെ വയറിൽ ചെറുതായി ഒരു പഞ്ച് തന്നു.

ഞാൻ അഭിരാമിയെ നോക്കിയപ്പോൾ ആ മുഖത്ത് അടക്കി പിടിച്ച ചിരിയുണ്ടായിരുന്നു.

വാ... ആദ്യം നമ്മുക്കൊരു ഫോട്ടോ എടുകാം അതിനുശേഷം നമ്മുക്ക് മറ്റ് പരിപാടികൾ നോക്കാം. രമ്യ ഞങ്ങളെയും കൊണ്ട് ഫോട്ടോ എടുക്കുവാൻ വേണ്ടി സ്റ്റേജിലേക്ക് നടന്നു. നടക്കുന്നതിനിടയിൽ രമ്യയും അഭിരാമിയും ചേർന്ന് എന്തോക്കയോ സ്വകാര്യങ്ങൾ പറഞ്ഞ് ചിരിക്കുന്നുണ്ടായിരുന്നു.

അഭിരാമി രമ്യയുടെ ചെവിയിൽ എന്തോ പറഞ്ഞതും രമ്യ എന്നെ ഒന്ന് തിരിഞ്ഞു നോക്കി. ശേഷം ആ കണ്ണുകൾ എന്നെ ആകെമൊത്തം ഒന്ന് ചുഴിഞ്ഞു നോക്കി.

ഞങ്ങൾ സ്റ്റേജിലേക്ക് കയറിയതും അഭിരാമി രമ്യയുടെ കയ്യിൽ കയറി പിടിച്ചു.

അവിടെ നിൽക്ക് പെണ്ണേ. അത് കേട്ടതും രമ്യ കാര്യമറിയുവാൻ വേണ്ടി അഭിരാമിയെ തിരിഞ്ഞു നോക്കി.

അവർക്ക് പുറകിലായി നടന്നിരുന്ന ഞാനും അവിടെ നിന്നു.

അഭിരാമി എനിക്ക് നേരെ തിരിഞ്ഞ് എന്റെ കണ്ണിലേക്ക് നോക്കി കുഞ്ഞിനെ എടുക്കാൻ പറഞ്ഞു. പറയേണ്ടതാമസം ഞാൻ കൈ നീട്ടിയതും നീനു എന്നിലേക്ക് ഒരു ചാട്ടമായിരുന്നു.

ഞാൻ അവളെ എന്റെ കൈക്കുള്ളിൽ ഒതുക്കി. വീണ്ടും അഭിരാമി രമ്യക്ക് നേരെ തിരിഞ്ഞു.

അഭിരാമിയുടെ കയ്യിൽ ഞാൻ കാണാതെ സൂക്ഷിച്ച് പിടിച്ചിരുന്ന ഒരു ചെറിയ ബോക്സ് ഉണ്ടായിരുന്നു. അത് തുറന്നതും അതിനകത്ത് സ്വാർണ തിളക്കമുള്ള ഒരു വള ഞാൻ കണ്ടു.

ഇത് ഞങ്ങളുടെ അനിയത്തി കുട്ടിക്ക് എന്റെയും കിഷോറിന്റെയും വക ഒരു ചെറിയ ഗിഫ്റ്റ്. അവൾ തന്റെ കയ്യിൽ കരുതിയിരുന്ന ആ ചെറിയ ബോക്സിൽ നിന്നും ഒരു സ്വാർണ വള രമ്യയുടെ വലത് കയ്യിലേക്ക് അണിയിച്ചു.

അഭിരാമിയുടെ ആ പ്രവർത്തിയിൽ രമ്യ ഞെട്ടിയതിനും അപ്പുറമായിരുന്നു എന്റെ ഞെട്ടൽ.

രമ്യ സ്നേഹത്തോടെ അഭിരാമിയെ കെട്ടിപിടിച്ചു. ശേഷം എന്നെയും.

ഇതെന്താ എന്നോട് പറയാഞ്ഞേ... ഫോട്ടോ എടുത്തതിനുശേഷം സ്റ്റേജിൽ നിന്നും ഇറങ്ങാൻ നേരം രമ്യ കേൾക്കാതെ ഞാൻ അഭിരാമിയോട് ചോദിച്ചു.

എന്നാൽ അവൾ ഒരു നിറഞ്ഞ പുഞ്ചിരിയോടെ എന്നെ നോക്കി രണ്ട് കണ്ണുകളും അടച്ച് കാണിച്ചു.

അപ്പോഴേക്കും രമ്യയുടെ വീട്ടുകാർ ഞങ്ങളെ വന്ന് പൊതിഞ്ഞു.

രമ്യയുടെ അമ്മ എന്റെ കയ്യിൽ നിന്നും നീനുമോളെ വാങ്ങി കൊഞ്ചിച്ചുകൊണ്ടിരുന്നു.

രമ്യ അഭിരാമി സമ്മാനിച്ച വള അവളുടെ വീട്ടുകാർക്ക് കാണിച്ച് കൊടുത്തു.

അത് കണ്ടതും രമ്യയുടെ വീട്ടുകാർക്ക് ഒരുപാട് സന്തോഷമായി. അവർ ഞങ്ങളെ ഒരുപാട് അഭിനന്ദിച്ചു.

അതിനിടയിൽ ഞാൻ അഭിരാമിയെ നോക്കി. എന്നാൽ അവളുടെ കള്ളനോട്ടം എനിക്ക് നേരെയായിരുന്നു.

ചെയ്യാത്ത കാര്യത്തിന് അഭിനന്ദനം ഏറ്റുവാങ്ങുമ്പോഴും നിന്നോളം അർഹതയുള്ള മറ്റാരുമില്ല എന്ന് ആ കണ്ണുകൾ എന്നോട് വിളിച്ചുപറഞ്ഞു.

വീട്ടുകാർ അഭിരാമിയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ച നേരം രമ്യ എന്നെയും കൊണ്ട് ഒരല്പം മാറിനിന്നു.

നീ.. ചേച്ചിയോട് പറഞ്ഞോ...

ഞാൻ ഇല്ല എന്ന് നിഷേധാത്മകത്തോടെ തലയാട്ടി.

എന്തുപറ്റി... അവൾ ചോദിച്ചു.

അവൾക്ക് എന്നോട് അങ്ങനെ ഒന്നും ഇല്ലങ്കിലോ.. ഞാനും അവളെ മറ്റുള്ളവർ കാണുന്ന അതെ കണ്ണോടെ കാണുന്നു എന്നവൾ ചിന്തിക്കുമോ എന്നൊരു ഭയം.

നിന്റെ ഒരു കാര്യം.. ചേച്ചിക്ക് നിന്നെ മനസ്സിലായല്ലോ.. എന്താ നിനക്ക് ചേച്ചിയെ മനസ്സിലാക്കാൻ പറ്റാത്തത്. അവൾ അല്പം ദേഷ്യത്തോടെ ചോദിച്ചു.

ഡാ... മണ്ടാ. ഈ... ഷർട്ട് നിനക്ക് ആരാ തന്നത് എന്നറിയോ... അവൾ എന്റെ ഷർട്ടിൽ പിടിച്ച കൊണ്ട് ചോദിച്ച.

ഞാൻ അവൾ ചോദിച്ചതിന്റെ അർത്ഥം മനസ്സിലാവാതെ അവളെ തന്നെ നോക്കി നിന്നു.

നീ എന്താ വിചാരിച്ചേ. ഈ.. കല്യാണതിരക്കിനിടയിൽ ഞാൻ നിനക്ക് ഷർട്ട് വാങ്ങി തന്നു എന്നോ..

എടാ.. ഇത് നിനക്ക് തരാൻ വേണ്ടി ചേച്ചി എന്റെ കയ്യിൽ തന്നതാണ്.

ഞാൻ അവൾ പറഞ്ഞ കാര്യം മനസ്സിലാവാതെ അന്തംവിട്ട് നിന്നു.

നീ കൂടുതല് കാര്യങ്ങൾ ഒന്നും ആലോചിച്ച് തല പുണ്ണാക്കേണ്ട... ധൈര്യമായിട്ട് പറഞ്ഞോ... അവൾ എന്റെ കയ്യിൽ മുറുക്കിപിടിച്ചുകൊണ്ട് പറഞ്ഞു.

She deserving you.. She wants you...

ഞാൻ അഭിരാമിയെ നോക്കി. രമ്യയുടെ വീട്ടുകാർക്കിടയിൽ നിന്നും ആ കണ്ണുകൾ എനിക്ക് നേരെയാണ്. എന്നിൽ നിന്നും എന്തോ കേൾക്കാൻ കൊതിക്കുന്നത് പോലെയായിരുന്നു ആ മുഖം.

ഞാൻ അവൾക്ക് നേരെ ഒരു ചിരി തൊടുത്തുവിട്ടു. അതിന്റെ പ്രതികരണം എന്നോണം ആ ചുണ്ടുകളും പതിയെ വിടർന്നു.

പിന്നീടുള്ള നിമിഷങ്ങളിൽ ഞങ്ങൾ തമ്മിൽ പരസ്പരം കണ്ണുകൾ കൊണ്ട് കഥകൾ മെനഞ്ഞു.

എന്റെ ശരീരത്തിലെ ഓരോ അണുവും അവൾക്കായ് കൊതിക്കുന്നതുപോലെ. ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ ആഹാരത്തെ തന്നിലേക്ക് ഉൾകൊള്ളാൻ ആഗ്രഹിക്കാത്തതുപോലെ.

ആഹാരം കഴിച്ചതിനുശേഷം പിന്നെയും പുറത്തിറങ്ങാൻ കഴിയാതെ നിമിഷങ്ങൾ നീണ്ടപ്പോൾ പിടിച്ച് നിൽക്കാൻ കഴിയാതെ ഞാൻ എന്റെ ഫോണെടുത്ത് അഭിരാമിക്ക് മെസ്സേജയച്ചു.

അഭി... നമ്മുക്ക് പോവാം... എനിക്ക് നിന്നോട് അല്പം സംസാരിക്കാനുണ്ട്.

എന്റെ മെസ്സേജ് അഭിരാമിയുടെ ഫോണിൽ ചലനം സൃഷ്ടിച്ചതും ആ കണ്ണുകൾ അവളുടെ ഫോണിലേക്ക് നീണ്ടു. ശേഷം എനിക്ക് നേരെയും. ആ അഞ്ജനമെഴുതിയ മിഴികൾ അൽപ നേരം എന്നിൽ തന്നെ തങ്ങിനിന്നു.

അൽപ സമയത്തിനുശേഷം ഞങ്ങൾ രമ്യയോടും വീട്ടുകാരോടും യാത്രപറഞ്ഞിറങ്ങി. അപ്പോഴേക്കും നീനുമോൾ പതിവ് പോലെ അഭിരാമിയുടെ തോളിൽ കിടന്ന് ഉറക്കം തുടങ്ങിയിരുന്നു.

അഭിരാമി അവളെ പുറകിലെ സീറ്റിൽ കിടത്തിയ ശേഷം ഫ്രണ്ട്സീറ്റിൽ വന്നിരുന്നു.

ഞാൻ പതിയെ വണ്ടി ഓടിച്ചുകൊണ്ടിരുന്നു.

കുറച്ച് ദൂരം എത്തിയിട്ടും അഭിരാമിയിൽ നിന്നും പ്രതികരണം ഒന്നും കേൾക്കുന്നില്ല.

എന്താണ് പറയാനുള്ളത് എന്ന് അവൾ തന്നോട് ചോദിക്കും എന്ന് ഞാൻ കരുതി. പക്ഷേ അത് ഉണ്ടായില്ല. എനി കാത്ത് നിൽക്കുന്നതിൽ അർഥമില്ല.

അഭി.... ഞാൻ നിന്നെ കല്യാണം കഴിച്ചോട്ടെ... ഞാൻ ഡ്രൈവ് ചെയുന്നതിന്റെ ഇടയിൽ തന്നെ കാര്യം അവതരിപ്പിച്ചു.

എന്നാൽ എന്റെ പ്രതീക്ഷ തെറ്റിച്ചു കൊണ്ട്. ആ മുഖത്ത് പ്രത്യകിച്ച് ഭവ വ്യത്യാസങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

കുറച്ച് നേരം കാറിനുള്ളിൽ മൗനം തളം കെട്ടി നിന്നു.

എന്നോട് അനുകമ്പ തോന്നിയിട്ടാണോ.. അൽപ നേരത്തെ മൗനം ഭേദിച്ചുകൊണ്ട് അവൾ എനിക്ക് നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു.

ഒരിക്കലും അല്ല.. ഞാൻ കാറ് റോഡരികിലേക്ക് ഒതുക്കി നിർത്തികൊണ്ട് അവളോട് പറഞ്ഞു. ശേഷം അവളെത്തന്നെ നോക്കിയിരുന്നു.

ചിലരൊക്കെ പറയുന്നത് പോലെ ഞാനൊരു സെക്കൻഹാൻഡാണ്. നിനക്ക് പറ്റിയാലും നിന്റെ വീട്ടുകാർക്ക് പറ്റണമെന്നില്ല. അത് പറയുമ്പോഴും ആ മുഖത്ത് സ്ഥായിയായ ഭാവം തന്നെയായിരുന്നു.

നിന്നെ കെട്ടുന്നത് ഞാനാണ് അവരല്ല. ഞാനെരല്പം ദേഷ്യത്തോടെ തന്നെ പറഞ്ഞു.

അപ്പോഴും ആ മുഖം മ്ലാനമായിതന്നെയിരുന്നു.

എനിയെന്തപ്രശ്നം.... നമ്മുക്ക് വേറെ കുഞ്ഞുണ്ടായാൽ എനിക്ക് നീനുവിനോടുള്ള ഇഷ്ടം പോവും എന്ന് വിചാരിച്ചിട്ടാണോ.... അവളുടെ ആ മുഖഭാവം കണ്ടതും ഞാൻ അവളോട് അടുത്ത ചോദ്യം ചോദിച്ചു.

അത് കേട്ടതും അവൾ എന്റെ മുഖത്തേക്ക് തറപ്പിച്ച് ഒന്ന് നോക്കി. ഞാൻ അങ്ങനെയൊന്നും ചിന്തിക്കുനെയില്ല എന്ന ഭാവത്തോടെ.

Ok എന്ന നന്നായിട്ട് ആലോചിച്ചിട്ട് തീരുമാനം എടുത്താൽ മതി. ഞാൻ പറഞ്ഞു. അല്പസമയത്തിനുശേഷം കാർ മുന്നോട്ടെടുത്തു.

വണ്ടി ഓടിക്കുന്നതിനിടയിലും എന്റെ ശ്രദ്ധ അഭിരാമിയിലായിരുന്നു. ഞാൻ ഇടക്ക് അവളെ ഒളികണ്ണിട്ട് നോക്കി.

ആ കണ്ണുകൾ ഇപ്പോൾ റോഡിലാണ്. കാറിനുള്ളിലെ ഇരുണ്ട വെളിച്ചത്തിലും ആ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു.

എതിരെ വരുന്ന വണ്ടികളുടെ ഹെഡ്ലൈറ്റ് പ്രകാശം അഭിരാമിയുടെ മുഖത്തൂടെ തഴുകി പോകുമ്പോൾ ആ ചുണ്ടുകളിൽ തങ്ങി നിന്നിരുന്ന ഇളം പുഞ്ചിരി എന്റെ നെഞ്ചിൽ ആശ്വാസത്തിന്റെ വിത്തുകൾ വിതച്ചു.

അവളുടെ വലത് കൈ അവളുടെ വലത് തുടയിൽ വിശ്രമിക്കുന്നു. എന്നാൽ ആ നീണ്ട സുന്ദരമായ വിരലുകൾ വിശ്രമിക്കാൻ മടിച്ച് എന്തെല്ലാമോ വ്യഗ്രത കാണിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് റോഡിൽ റെഡ് സിഗ്നൽ തെളിഞ്ഞു. കാർ സിഗ്നലിനോട് അടുത്തപ്പോൾ ഞാൻ അവളിൽ നിന്നും നോട്ടം മാറ്റി റോഡിൽ ശ്രദ്ധകൊടുത്തു.

ഗിയർ ഡൌൺ ചെയ്യുവാൻ വേണ്ടി ഗിയർ ലിവറിൽ കൈ വച്ചതും എന്റെ കൈക്ക്മേൽ അഭിരാമിയുടെ കൈവന്നമർന്നു.

ആ ഉള്ളൻ കയ്യുടെ മൃദുലത എന്റെ കൈക്ക്മേൽ അനുഭവപ്പെട്ടതും ഒരു നിമിഷം എന്റെ നോട്ടം അങ്ങോട്ട് നീങ്ങി ശേഷം അവളുടെ മുഖത്തേക്കും.

പക്ഷേ ആ മുഖത്ത് അപ്പോഴും ഭാവ വ്യത്യാസങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. ആ കണ്ണുകൾ ഇപ്പോഴും റോഡിൽ തന്നെയാണ്.

ഞാൻ വണ്ടി സീബ്രാ ലൈനിന് തൊട്ടുമുന്നിൽ ചവിട്ടി നിർത്തിയ ശേഷം ആ മുഖത്തേക് നോക്കി. ആ മുഖം ഇപ്പോൾ എനിക്ക് നേരെയാണ്. ആ കണ്ണുകൾ എന്റെ കണ്ണുകളിൽ എന്തോ തിരയുകയാണ് .

കിച്ചു.... ഞാൻ ഞാൻ... അർഹിക്കാൻ പാടില്ലാത്തതാണോ ഇത് എന്നൊരു ഭയം.

ഇല്ല അഭി.... ഒരിക്കലും അല്ല നിനക്ക് എന്നെ ഇഷ്ടാണോ... അത് മാത്രം. അത് മാത്രം അറിഞ്ഞാൽ മതി എനിക്ക്.

എനിക്കു.. എനിക്കും ഇഷ്ടാണ്. I love you കിച്ചു. ഒരുപാട് ഇഷ്ടാണ്. അത് പറയുമ്പോൾ ആ കണ്ഠമിടറി. ആദ്യ സ്പർശനം തീർത്ത നെഞ്ചിടിപ്പ് മാറുന്നതിന് മുൻപ്. കാതുകളെ കുളിരണിയിച്ച വാക്കുകൾ എന്റെ കാതുകളിൽ വന്ന് തഴുകി.

ആ നിമിഷം അവളുടെ വിറയാർന്ന ചുണ്ടുകളെ എനിക്കെന്റെ ചുണ്ടുകൾക്കുള്ളിലാക്കാൻ വല്ലാതെ കൊതിച്ചു.

സിഗ്നലിലെ ചുവന്ന അക്കങ്ങൾ താഴോട്ട് കൗണ്ട് ചെയ്തുകൊണ്ടിരികെ ഞാനെന്റെ ഇടത് കൈക്ക് മുകളിലിരിക്കുന്ന അഭിരാമിയുടെ വലത് കയ്യെ കോർത്ത് പിടിച്ചു.

ആ കൈക്ക് വല്ലാത്തൊരു മൃദുലത.

ആ കയ്യിൽ ഒന്ന് ചുണ്ടമർത്താൻ എന്റെ ഉള്ളം വല്ലാതെ തുടിച്ചു. എങ്കിലും ഞാനെന്റെ വികാരത്തെ നിയന്ത്രിച്ചു നിർത്തി.

അപ്പോഴും ഞങ്ങളുടെ കണ്ണുകൾ തമ്മിൽ പരസ്പരം എന്തെല്ലാമോ പറഞ്ഞുകൊണ്ടേയിരുന്നു.

കീ...

പുറകിൽ നിന്നും മുഴങ്ങിയ ഫോണിന്റെ ശബ്ദമാണ് ഞങ്ങളെ ഉണർത്തിയത്.

ഞാൻ സിഗ്നൽ ഇലേക്ക് നോക്കി. അവിടത്തെ രക്തവർണ്ണം മരതക വർണ്ണത്തിന് വഴിമാറി ഞങ്ങൾക്ക് മുൻപോട്ടു പോകുവാൻ വേണ്ടി തെളിഞ്ഞുനിന്നു.

ഞാൻ വണ്ടി ഫ്ലാറ്റിലേക്ക് പായിച്ചു. വരാൻ പോകുന്ന നല്ല നാളെകളെ മനസ്സിൽ കണ്ടു കൊണ്ട് അവൾ എന്റെ തോളിൽ തല ചായ്ച്ചു കിടന്നു.

അഭിരാമിയോട് അങ്ങനെല്ലാം പറഞ്ഞു എങ്കിലും. തന്നെക്കാൾ നാല് വയസ്സിന് മൂപ്പുള്ളതും ഒരു കുട്ടിയുടെ അമ്മയുമായ ഒരു പെണ്ണുമായി തന്റെ കല്യാണം നടത്താൻ ഒരിക്കലും തന്റെ വീട്ടുകാർ സമ്മതിക്കില്ല എന്ന ചിന്ത മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു.

ക്ട്ക്.. ഗിയർ ഒന്നുകൂടി ഉയർത്തി ടോപ്പിൽ ഇട്ടു. വണ്ടി ഒരല്പം കൂടി വേഗത്തിൽ കുതിച്ചുകൊണ്ടിരുന്നു.

അഭിരാമി ഇപ്പോഴും തന്റെ ഇടത് കൈക്കിടയിലൂടെ കയ്യിട്ട് എന്റെ ഷോൾഡറിൽ തലവച്ച് കിടക്കുകയാണ്. അവളിൽ നിന്നും അൽപ സമയമായി കനത്ത മൗനം തന്നെയാണ്.

അൽപ നേരത്തിന് ശേഷം അഭിരാമി തന്റെ മൗനം വെടിഞ്ഞു.

കിച്ചു... നമ്മുക്ക് എന്റെ ചേട്ടന്റെ അടുത്തേക് പോയല്ലോ.. അവൾ അതെ കിടപ്പ് തുടർന്നുകൊണ്ട് തന്നെ എന്നോട് ചോദിച്ചു.

അവളുടെ ആ ചോദ്യമാണ് എന്നെ ചിന്തകളിൽ നിന്നും ഉണർത്തിയത്.

നമ്മുക്ക് ഇവിടന്ന് പോവാ കിച്ചു.. എനിക്കെന്തോ ഒരു ഭയം പോലെ... അവൾ അത് പറയുമ്പോൾ എന്റെ കയ്യിൽ ഒന്നുകൂടി മുറുക്കി പിടിച്ചു.

അഭി.. ഈ.. ലോകം എനി തല കിഴ്ഴേൽ മറിയും എന്ന് പറഞ്ഞാലും എന്റെ ജീവിതത്തിൽ ഒരു പെണ്ണെ ഉണ്ടാവു പോരെ. എന്റെ മനസ്സിലെയും ഭയം അതുതന്നെ ആയതുകൊണ്ടാവണം പെട്ടന്ന് അങ്ങനെ പറയാനാണ് എനിക്ക് തോന്നിയത്.

അതല്ല കിച്ചു. ഞാൻ എന്റെ ചേട്ടനെയും അമ്മയെയും ഒരുപാട് മിസ്സ് ചെയ്യുണ്ട്. ഞാൻ തനിച്ചാവുന്നതുപോലെ ഒരു തോന്നല്.

എന്താ അഭി ഈ പറയുന്നത് തനിച്ചവെ.. നിനക്ക് ഞാൻ ഇല്ലേ.. നമ്മുടെ മോളില്ലെ... പിന്നെന്താ. ഞാൻ അവളെ നോക്കികൊണ്ട് പറഞ്ഞു. എന്നാൽ അവൾ ഇപ്പോഴും എന്റെ തോളിൽ തലയും വച്ച് റോഡിൽ തന്നെ കണ്ണുനട്ടിരിക്കുകയാണ്

അല്ല... അതൊക്കെ പോട്ടെ. ഏട്ടനോട് എന്റെ കാര്യം പറഞ്ഞിട്ടുണ്ടോ... ഞാൻ ഒരു സംശയം പോലെ ചോദിച്ചു.

എന്റെ ചോദ്യം കേട്ടതും അവളിൽ നിന്നും ഒരു അടക്കി പിടിച്ച ചിരിയായിരുന്നു മറുപടി.

അതൊക്കെ എപ്പോഴേ പറഞ്ഞു. ചേട്ടൻ തന്ന പറഞ്ഞെ നമ്മളോട് അങ്ങോട്ട് ചെല്ലാൻ. അത് പറഞ്ഞ് അവൾ എനിലേക്ക് ഒന്നുടെ ചേർന്നിരുന്നു.

മ്മ്.. ഞാൻ മൂളുക മാത്രമേ ചെയ്തോളൂ. ഒര് വശം ക്ലീയറായത്തിന്റെ സന്തോഷം ഉണ്ടെങ്കിലും മറുവശത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ആ സന്തോഷത്തിന് പ്രസക്തിയില്ല എന്ന് തോന്നി.

എന്നി കിച്ചന്റെ ഇഷ്ടം പോലെ ചെയാം. അവൾ തല ഉയർത്തികൊണ്ട് എന്റെ മുഖത്തേക് നോക്കി കൊണ്ട് പറഞ്ഞു. ശേഷം പഴയതുപോലെ തോളിൽ തലവച്ചു കിടന്നു. കിടക്കാൻ നേരം ഞാൻ കാണുന്നില്ല എന്ന ഉറപ്പിന്മേൽ എന്റെ ഷോൾഡറിൽ അവൾ അവളുടെ ചുണ്ടുകളമർത്തി.

എന്നാൽ ആ നനുത്ത സ്പർശം ഞാൻ തിരിച്ചറിഞ്ഞു. അതെന്റെ ശരീരത്തെ ആകെ മൊത്തം ഒന്ന് കുളിര് കോരിച്ചു.

പിന്നീടാങ്ങോട്ട് ഫ്ലാറ്റ് എത്തുന്നതുവരെ വണ്ടിക്കുള്ളിൽ മൗനം തീർത്ത അനുരാഗം താളം കൊട്ടിനിന്നു.

വണ്ടി പാർക്ക് ചെയ്തശേഷം അഭിരാമി വണ്ടിയിൽനിന്നും ഇറങ്ങുന്നതിന് മുൻപ് എന്റെ മുഖത്തേക് ഒന്ന് നോക്കി. രണ്ട് സെക്കന്റ് ദൈർഘ്യമുള്ള ഒരു നോട്ടം.

ആ കണ്ണുകൾ എന്നോട് എന്തോ പറയാൻ ശ്രമിച്ചു. അവൾ നോട്ടം പിൻവലിച്ച് കാറിന്റെ ഡോറ് തുറന്ന് പുറത്തേക്കിറങ്ങി. ശേഷം ഡോർ അടച്ച് എന്നെ ഒന്നുടെ നോക്കി. ആ നോട്ടത്തിന് വല്ലാത്തൊരു കാന്തികശക്തി.

അവൾ നീനുവിനെ ശ്രദ്ധിക്കുക കൂടി ചെയ്യാതെ പതിയെ കാറിനടുത്തുനിന്നും നടന്നകന്നു.

ഞാൻ വേഗം വണ്ടിയിൽനിന്നും ഇറങ്ങിയശേഷം പുറകിലെ സീറ്റിൽ നിന്നും നീനുവിനെ എടുത്ത് തോളിലിട്ടു.

അഭിരാമി ഇപ്പോഴും തന്നെയോ മോളെയോ ഒന്ന് തിരിഞ്ഞു നോക്കുക കൂടി ചെയ്യാതെ പോവുകയാണ്.

ഞാൻ വണ്ടി ലോക്ക് ചെയ്തശേഷം ഒരല്പം വേഗത്തിൽ നടന്ന് അവൾക്ക് പുറകിൽ എത്തി.

അപ്പോഴേക്കും ഞങ്ങൾ ലിഫ്റ്റിന് മുന്നിൽ എത്തിയിരുന്നു.

ലിഫ്റ്റ് മറ്റ് ആരെയോ കൊണ്ട് മുകളിലേക്ക് പോയികൊണ്ടിരിക്കുകയാണ്. അത് കണ്ടതും അഭിരാമി വീണ്ടും എന്റെ മുഖത്തേക്ക് ഒന്ന് നോക്കി. ആ കണ്ണുകൾ ഒരു നിമിഷം എന്റെ മുഖത്തൂടെയും എന്റെ വിരിഞ്ഞ മാറിലൂടെയും കടന്നുപോയി. ശേഷം അവൾ നോട്ടം പിൻവലിച്ച് സ്റ്റെയറിനടുത്തേക് നടന്നു.

ഞാൻ അപ്പോഴും ലിഫ്റ്റിന് മുന്നിൽ നിന്നുകൊണ്ട് അവൾ എന്താണ് ചെയ്യാൻ പോകുന്നത് എന്നറിയുവാൻ വേണ്ടി അവളെ തന്നെ നോക്കി നിന്നു.

അവൾ സ്റ്റെയറിന്റെ ആദ്യ പടിയിലേക്ക് കാൽ എടുത്ത് വെക്കുന്നതിനുമുൻപ് എന്നെ ഒന്ന് കൂടി തിരിഞ്ഞു നോക്കി. അവളുടെ ചുണ്ടിൽ നിഗൂഢതയോടെ ഒളുപ്പിച്ച ഒരു ചിരി ഉണ്ടായിരുന്നു. അവൾ ഓരോ സ്റ്റെപ്പും മന്ദം മന്ദം കയറുവാൻ തുടങ്ങി. ഞാൻ അവൾ നിയന്ത്രിക്കുന്ന ഒരു പാവ കണക്കെ നീനുവിനെയും കൊണ്ട് അവൾക്ക് പുറകെ ചെന്നു.

അവൾക്ക് നാലോ അഞ്ചോ സ്റ്റെപ്പുകൾ മാത്രം പുറകിൽ ഞാൻ അവളെ അനുഗമിച്ചു.

അവളുടെ നടത്താതിനനുസരിച്ച് സാരീകളിൽ കയറി ഇറങ്ങുന്ന വീണ കുടങ്ങളെ ഞാൻ നടക്കുന്നതിനിടയിലും കണ്ണുവെട്ടാതെ നോക്കി കണ്ടു.

പെട്ടെന്ന് അവൾ നടത്തം നിർത്തി എന്നെ തിരിഞ്ഞു നോക്കി.

കുറുക്കന്റെ കണ്ണുകളോടെ അവളുടെ പിന്നഴകും നോക്കി രസിക്കുന്ന എന്നെ കണ്ടതും ആ ചുണ്ടിൽ ലാസ്യത്തിനുമപ്പുറം ഒരു മയക്കുന്ന ചിരി രൂപംകൊണ്ടു.

അത് കണ്ടതും ഞാൻ ഒരു ചമ്മലോടെ തലതാഴ്ത്തി.

അവൾ വീണ്ടും മുന്നോട്ട് നടന്നു. എന്റെ ചെക്കൻ എത്ര വേണേലും കണ്ടോട്ടെ എന്ന ഭാവത്തോടെ.

അവൾ ഫ്ലാറ്റിന്റെ വാതിൽ തുറന്ന് ഉള്ളിൽ കയറിയ ശേഷം ഓരോ സ്വിച്ചുകളിലും അമർത്തുവാൻ തുടങ്ങി.

അവൾ വിരലമർത്തുന്നതിനാനുസരിച്ച് ഫ്ലാറ്റിനുള്ളിൽ വെളിച്ചം വന്ന് നിറഞ്ഞു.

ഞാൻ നീനുവിനെയും കൊണ്ട് അഭിരാമിയുടെ റൂമിലേക്ക് നടന്നു. നീനുവിനെ ബെഡിൽ കിടത്തിയ ശേഷം ഞാൻ തിരിഞ്ഞതും. അഭിരാമി എന്നെയും നോക്കി വാതിലിൽ ചാരി നിൽക്കുന്നുണ്ടായിരുന്നു .

ഞാൻ അവളെ ഒന്ന് നോക്കിയ ശേഷം പുറത്തേക് നടന്നു. പെട്ടെന്നവൾ എന്റെ ഇടത് കയ്യിൽ കയറി പിടിച്ചു.

ഞാൻ അവളെ തിരിഞ്ഞുനോക്കി. ആ മുഖത്ത് വല്ലാത്ത ഒരു ഭാവം.

കിച്ചൂ.... എന്നെ ഒറ്റക്കാകിട്ട് പോവണോ... എന്നെ മയക്കാൻ പോന്ന ദയനീയമായ ചോദ്യം. ഒരു ചോദ്യം എന്നതിലുപരി അതൊരു തേങ്ങലായി എനിക്ക് തോന്നി.

അതിൻ ഫലം എന്നോണം എന്റെ ശ്വാസഗതി വർദ്ധിക്കുന്നത് പോലെ. എന്റെ ജീവിതത്തിലെ ആദ്യ സംഗമം നടക്കാൻ പോവുന്നു എന്ന് എന്നോട് ആരോ പറയുന്നത് പോലെ. നാവിൻ തുമ്പ് വരണ്ട മരുഭൂമി പോലെയായി. എനിക്ക് ഒന്നും പറയാൻ കഴിയുനില്ല.

അവൾ പെട്ടെന് എന്റെ മാറിലേക്ക് വന്ന് അമർന്നു.

എന്ത് ചെയ്യണം എന്ന് അറിയാൻ കഴിയാത്ത അവസ്ഥ.

സാഹചര്യത്തോട് പൊരുത്തപ്പെട്ട എന്റെ കൈകൾ അവളെ എനിലേക്ക് കൂടുതൽ അണച്ചുപിടിച്ചു.

അൽപനേരം ഞങ്ങൾ ആ നിൽപ്പ് തുടർന്നു.

അഭി...

മ്മ്.... ഒരു നേർത്ത മൂളൽ കൊണ്ട് അവൾ വിളി കേട്ടു.

ഞാൻ പോട്ടെ...

എന്റെ ചോദ്യം കേട്ടതും പെട്ടെന്നവൾ എന്റെ മുഖത്തേക് തല ഉയർത്തി നോക്കി.

ആ കണ്ണുകളിൽ അതിശയം നിറഞ്ഞ ഭാവം ഞാൻ തിരിച്ചറിഞ്ഞു.

അതേയ്... എന്നി ഇവിടെ നിന്നാ ശരിയാവില്ല. ഞാൻ ഒരു വഷളൻ ചിരിയോടെ അവളെ നോക്കി പറഞ്ഞു.

അത് കേട്ടതും അവൾ തന്റെ മാറിലെ ചെന്താമര മൊട്ടുകൾ എന്റെ മാറിൽ വച്ച് ഉടയ്ക്കും വിധം എന്നെ ഒന്നുടെ മുറുകെ കെട്ടിപ്പിടിച്ചു. ശേഷം അവൾ എന്റെ കഴുത്തിലേക്ക് മുഖം പൂഴ്ത്തി.

അഭി.... ഡാ... നോക്കിയേ..

അവൾ എന്റെ മുഖത്തേക് തല ഉയർത്തി നോക്കി. ആ മുഖത്ത് അസ്തമയ സൂര്യന്റെ തെളിച്ചം.

ആദ്യം ഞാൻ ഈ... കഴുത്തിൽ ഒരു താലി കെട്ടട്ടെ എന്നിട്ട് മതി നമ്മുക്കെല്ലാം.

അത് കേട്ടതും ആ ചാമ്പക്ക ചുണ്ടുകൾ വിടർന്നു.

അടുത്ത ആഴ്ച വീട്ടിൽ പോണം അച്ഛനോടും അമ്മയോടും കാര്യം പറയണം.

അത് കേട്ടതും ആ മുഖത്ത് അല്പം മങ്ങൽ അനുഭവപ്പെട്ടു.

സമ്മതിക്കും എന്നെനിക്ക് ഒട്ടും പ്രതീക്ഷ ഇല്ല്യ. ഞാൻ പറഞ്ഞു. അത് കേട്ടതും ആ മുഖത് അവശേഷിച്ച പ്രകാശം കൂടി ഇല്ലാത്തതായി.

ഞാൻ പറഞ്ഞില്ലെ പെണ്ണെ ഈ... ജന്മത്തിൽ കിഷോറിന്റെ പെണ്ണായിട്ട് അഭിരാമിമത്തിന്. പിന്നെ എന്തിനാ പേടി... ഞാൻ ചെറു ചിരിയോടെ ആ മൂക്കിൽ പിടിച്ചുകൊണ്ട് പറഞ്ഞു.

അത് കേട്ടതുകൊണ്ടായിരിക്കണം ഇപ്പോ ആ മുഖത്ത് ഒരു മിന്നാമിനുങ്ങോളം വെട്ടമുണ്ട്.

അവൾ എന്റെ രണ്ട് കണ്ണിലേക്കും മാറി മാറി നോക്കി. ശേഷം അവളുടെ രണ്ട് കരങ്ങളും ഉയർത്തിയശേഷം എന്റെ രണ്ട് കവിളുകളിലും പിടിച്ച് എന്റെ മുഖം അവളിലേക്ക് അടുപ്പിച്ചു. ശേഷം ആ നനുത്ത ചുണ്ടുകൾ എന്റെ നെറ്റി തടത്തിൽ അമർത്തി. ആ ചുംബനത്തിന് രണ്ട് സെക്കന്റോളം ദൈർഘ്യമുണ്ടായിരുന്നു.

ആദ്യം ചുംബനം വികാരത്തിനപ്പുറം വാത്സല്യത്തിന്റെ ഒരു ഊവൽ സ്പർശമായിരുന്നു എനിക്ക്.

വീണ്ടും അവൾ എന്നെ ഗാഢമായി കെട്ടി പുണ്ണർന്നു.

ഞാൻ അവളുടെ നിറുകിൽ എന്റെ ചുണ്ടമർത്തി. അൽപനേരം അങ്ങനെ നിന്നു.

പ്രണയം തുറന്നു പറഞ്ഞതിനുശേഷമുള്ള ദിനങ്ങളിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കേണ്ടി വന്നത് ഞങ്ങളുടെ ഫോണുകൾക്കാണ്.

കാരണം ഫോണിന് ഒഴിവില്ലാണ്ട് ഞങ്ങൾ മെസ്സേജായും കോളുകളയും സംസാരിച്ചുകൊണ്ടേയിരുന്നു.

ബാത്റൂമിൽ പോകുമ്പോൾ പോലും ഫോൺ ഉപയോഗിക്കുന്ന അവസ്ഥ.

പണ്ട് നമ്മൾ ബാത്റൂമിൽ കയറുമ്പോൾ ഫോൺ (porn) ഉപയോഗിച്ചതുപോലെയല്ല. ഇന്ന് ഞാൻ അന്നത്തേതിനേക്കാൾ ആനന്ദം അനുഭവിക്കുന്നുണ്ട് എന്ന് മാത്രം.

ഇത്രയേറെ ഫോൺ വിളി ഉണ്ടങ്കിലും ബാങ്കിൽ നിന്നും മാത്രമാണ് തമ്മിൽ കാണാൻ കഴിയുന്നത്. അതുകൂടെയാണ് ഫോൺ വിളി ഇത്രക്ക് ഭീകരമാവാനും കാരണവും.

അങ്ങനെ ഒരാഴ്ച കടന്നുപോയത് അറിഞ്ഞില്ല. ഇന്ന് വൈകിട്ട് നാട്ടിൽ പോണം. രണ്ട് ദിവസം ലീവ് അല്ലെ..

പിന്നെ നാട്ടിൽ പോവുന്നതിന്റെ പ്രദാന ഉദ്ദേശം അഭിയുടെ കാര്യം വീട്ടിൽ പറയണം.

കുറച്ച് കാലം പ്രേമിച്ച് നടക്കണം എന്നാണ് ആഗ്രഹം. പക്ഷേ ഒരു കുഞ്ഞിന്റെ അമ്മയല്ലേ അവൾ അതുകൊണ്ട് ഞങ്ങളുടെ ബന്ധം ചീത്തപ്പേര് വരാൻ വളരെയധികം സാധ്യതയുണ്ട്. ഒരുപക്ഷേ അത് അഭിക്ക് താങ്ങാൻ കഴിഞ്ഞെന്നുവരില്ല. അതുകൊണ്ടാണ് ഞാൻ കല്യാണത്തിന് തിടുക്കം കൂട്ടുന്നതും അവളിൽ നിന്നും അല്പം അകലം പാലിക്കുന്നതും.

പിന്നെ അവളുടെ ചേട്ടനും എന്നെ പൂർണമായി വിശ്വാസം വന്നിട്ടില്ല. ഞാൻ അവളുടെ അവസ്ഥയെ മുതലെടുക്കുകയാണോ എന്ന് അയാൾ വിചാരിക്കുന്നുണ്ടാവും.

രണ്ട് ദിവസം മുൻപ് അവളുടെ ചേട്ടൻ എന്നെ വിളിച്ചിരുന്നു. കുറേനേരം ഞങ്ങൾ സംസാരിച്ചു. അതിൽ നിന്നും അദ്ദേഹത്തിന് എന്നിൽ അല്പം ആശങ്കയുള്ളത് പോലെ എനിക്ക് തോന്നിയിരുന്നു.

എനിയിപ്പോ എന്നായാലും കല്യാണം വേണ്ടേ.. അതുകൊണ്ട് ആദ്യം കല്യാണം അതിനുശേഷം പ്രണയം. അതാണ് എന്റെ തീരുമാനം. അങ്ങനെ പാടില്ല എന്ന് ആരും പറയുന്നില്ലല്ലോ..

3.30 കഴിഞ്ഞപ്പോൾ ബാങ്കിലെ തിരക്കെല്ലാം ഒഴിഞ്ഞു. ഞാൻ നേരെ മാനേജറുടെ കാബിനിലേക്ക് നടന്നു. മെ ഐ കമിങ്..

യെസ് കമിങ്. എന്താ കിഷോർ... അഖില മാഡം എന്നോട് ചോദിച്ചു.

മാഡം ഞാൻ ഇറങ്ങാണ്. രണ്ട് ദിവസം ലീവാലെ അതോണ്ട് നാട്ടിൽ പോണം.

Ok കിഷോർ എന്ന ശരി. അവർ എനിക്ക് പോകുവാനുള്ള അനുവാദം തന്നു.

ഞാൻ മാനേജറുടെ കേബിനിൽ നിന്നുമിറങ്ങിയശേഷം രാഹുലിന്റെ അടുത്തേക്കാണ് പോയത്.

ഡാ.. ഞാൻ ഇറങ്ങാണ്. ഞാൻ ഒരു ഫോര്മാലിറ്റി എന്നപോലെ അവനോട് പറഞ്ഞു.

നീ.. മൺഡേ ഉണ്ടാവില്ലെ...

ആ ഉണ്ടാവും. അവന്റെ ആ ചോദ്യം കേട്ട് ഞാൻ അവനെ അതിശയത്തോടെ നോക്കി.

അല്ല.. നിന്റെ യാത്ര പറച്ചിൽ കാണുമ്പോൾ തോന്നും എനി നീ ഇങ്ങോട്ട് വരുന്നില്ലെന്ന്. അവൻ അതും പറഞ്ഞ് ചിരിച്ചു.

സത്യം പറഞ്ഞാൽ അവൻ ഒരു കോമഡി പറഞ്ഞതാണെങ്കിലും അവന്റെ ആ മൂഞ്ചിയ കോമഡി കേട്ട് എനിക്കങ്ങ് പൊളിഞ്ഞു കയറി. അതിനുള്ള പ്രദാന കാരണം അഭിരാമിയുടെ കാര്യം വീട്ടിൽ പറഞ്ഞാൽ എനി ഇങ്ങോട്ട് വരണ്ട എന്ന് പറയുമോ എന്ന ഭയത്തോടെയാണ് ഞാൻ നാട്ടിൽ പോവുന്നത്. അപ്പോഴാണ് അവന്റെ ഒരു മറ്റേടത്തെ കോമഡി.

അതെന്താടാ നീ അങ്ങനെ പറഞ്ഞത്. ഞാൻ എന്റെ ശബ്ദം അല്പം കനപ്പെടുത്തികൊണ്ട് ചോദിച്ചു.

അല്ല നീ നാട്ടിൽ പോവുന്നത് എന്നോട് പറയാറില്ലല്ലോ.. അതുകൊണ്ട് പറഞ്ഞതാണ്.

അപ്പോഴാണ് ഞാനും അത് ഓർത്തത്. ഞാൻ നാട്ടിൽ പോവുമ്പോൾ അങ്ങനെ ആരോടും യാത്ര പറയാറില്ല. അതിന്റെ ആവശ്യവും വരാറില്ല.

പിന്നെ ഇപ്പോൾ ഇവനോട് പറയാൻ കാരണം. എന്തോ.. മനസ്സ് എന്റെ കണ്ട്രോളിൽ അല്ലാത്തതുപോലെ.

Ok മെൻ. എന്തായാലും പോയിവ. ഞാൻ ഓരോന്ന് ചിന്തിച്ച്കൂട്ടുന്നതിനിടയിൽ അവൻ എന്നോട് പറഞ്ഞു.

ഞാൻ അവനെ നോക്കി ഒന്ന് ചിരിക്കാൻ ശ്രമിച്ചു.

ബാങ്കിൽ നിന്നും ഇറങ്ങാൻ നേരം ഞാൻ അഭിരാമിയെ ഒന്ന് നോക്കി. ആ കണ്ണുകൾ എന്നിൽ തന്നെയാണ്. ആ മുഖത്ത് വല്ലാത്തൊരു മ്ലാനത. ആ കണ്ണുകൾക്ക് ജീവൻ ഇല്ലാത്തത് പോലെ.

ആ മുഖഭാവം എന്റെ നെഞ്ചിനെ വല്ലാണ്ട് കുത്തി നോവിച്ചു.

ഞാൻ പുറത്തേക് ഇറങ്ങി അഭിയെ വിളിക്കാൻ വേണ്ടി ഫോൺ എടുത്തതും അവളുടെ കാൾ എന്റെ ഫോണിലേക്ക് വന്നു. അത് കണ്ട് എനിക്ക് ചിരി വന്നു.

ഞാൻ കാൾ എടുത്തു. ഹലോ..

മ്മ്... ഒരു തളർച്ചയുള്ള മൂളലായിരുന്നു അവളുടെ മറുപടി.

എന്തുപറ്റി.. എന്താ ഒരു സങ്കടം പോലെ.. ഞാൻ ചോദിച്ചു.

ഹേയ്.. അത് തോന്നുന്നതാവും. അവൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

അതേയ്... റെയിൽവേ സ്റ്റേഷനിലേക്ക് പോവുന്ന വഴി ഫ്ലാറ്റിലേക്ക് വായോ ട്ടോ...

ങേ... അതിന് സ്റ്റേഷനിലേക്ക് പോവുന്ന വഴി അല്ലാലോ ഫ്ലാറ്റ്. രണ്ടു വേറെ വേറെ വഴിയല്ലെ.. ഞാൻ അതിശയത്തോടെ ചോദിച്ചു.

എന്നാൽ അത് കേട്ടിട്ടും അവൾ അല്പനേരം മൗനമായിരുന്നു.

കിച്ചു ഞാൻ ബാങ്കിലാണെന്നറിയാലോ.. അവൾ സ്വകാര്യം പോലെ പതിയെ പറഞ്ഞു.

എനിക്ക് വേറെ ഒന്നും കേൾക്കണ്ട പോവുന്നതിനുമുൻപ് എനിക്ക് കാണണം. കേട്ടോ... അപ്പോ ശരി. അവൾ അതും പറഞ്ഞ് എന്റെ മറുപടി കേൾക്കാൻ പോലും കാത്ത് നിൽക്കാതെ കാൾ കട്ട് ചെയ്തു.

ഈശ്വരാ.. ഇവള് കെട്ടിന് മുൻപ് തന്നെ ഭാര്യയുടെ ഭരണം തുടങ്ങിയോ.. ഞാൻ അറിയാതെ പറഞ്ഞുപോയി. എങ്കിലും അവളുടെ അധികാരം കാണിച്ചുകൊണ്ടുള്ള ആ സംസാരം എനിക്കെറെ ഇഷ്ടപ്പെട്ടിരുന്നു.

********************************************

ഞാൻ ആദ്യം വന്ന ബസ്സിൽ തന്നെ തിരക്കികയറി.

ഹോസ്റ്റലിൽ എത്തിയ ശേഷം കുളിച്ച് ഫ്രഷായി ഡ്രസ്സ് മാറി. ശേഷം സമയം കളയാതെ ഇന്നലെ പാക്ക് ചെയ്തുവച്ചിരുന്ന ബാഗുമെടുത്ത് പുറത്തിറങ്ങി.

എനി ബസ്സ് കാത്തുനിന്നാൽ ശരിയാവില്ല. ഞാൻ ഒരു ഓട്ടോപിടിച്ച് നേരെ അഭിയുടെ ഫ്ലാറ്റിലേക്ക് ചെന്നു.

അഭി എത്തിക്കാണുമോ.. വിളിച്ച് നോക്കണോ.. അല്ലങ്കിൽ വേണ്ട. അങ്ങോട്ട് ചെല്ലം. വേറെ എങ്ങോട്ടും അല്ലാലോ എന്റെ പെണ്ണിന്റെ വീട്ടിലേക്കല്ലേ.. പിന്നെ ഞാൻ എന്തിനാ പേടിക്കുന്നത്.

ഞാൻ ലിഫ്റ്റിന് അടുത്തേക് നടന്നു. ലിഫ്റ്റിന്റെ അടുത്ത് എത്തിയതും എന്റെ നോട്ടം പോയത് സ്റ്റായറിന്റെ അതുത്തേക്കാണ്.

കഴിഞ്ഞ പ്രാവശ്യം വന്നതും അഭിയുടെ പുറകെ സ്റ്റായർ കയറിയതും എന്റെ കണ്ണിൽ തെളിഞ്ഞുവന്നു.

ഹോ.. എന്തോരു കാഴ്ചയായിരുന്നു.. ഞാൻ അറിയാതെ പറഞ്ഞുപോയി. ആ ചിന്ത തന്നെ എന്റെ ഞരമ്പുകളിൽ തീ പടർത്തി.

ഞാൻ തല കുടഞ്ഞ് എന്റെ സ്വബോധതെ വീണ്ടെടുക്കാൻ ശ്രമിച്ചു. അപ്പോഴേക്കും എനിക്ക് മുന്നിൽ ലിഫ്റ്റിന്റെ വാതിൽ തുറന്നിരുന്നു.

ഞാൻ ലിഫ്റ്റിൽ കയറി 4 എന്ന് അമർത്തിയതും. ലിഫ്റ്റ് എന്നെയും കൊണ്ട് നാലാം നിലയിലേക്ക് പ്രയാണമാരംഭിച്ചു .

ഞാൻ കാളിങ് ബെലടിച്ച് കുറച്ച് കഴിഞ്ഞതിനുശേഷമാണ് അഭിരാമി വാതിൽ തുറന്നത്. ഇന്ന് ബാങ്കിലേക്ക് ഇട്ട ഗ്രീൻ ചുരിദാറ് തന്നെയാണ് അവളുടെ വേഷം. പക്ഷേ മറ്റാരെയും ഭയക്കാനില്ലാത്തതുപോലെ അവൾ തന്റെ മാറിനെ മറച്ചിരുന്ന ദുപ്പട്ട എടുത്തുമാറ്റിയിരിക്കുന്നു.

എന്റെ നോട്ടം ഒന്ന് അങ്ങോട്ട് പാളി.

അത്രമേൽ മനോഹരവും കാന്തികമായിരുന്നു ആ കാഴ്ച.

ആ.. ഇളം കരിക്കുകൾ എന്റെ കൈകളെ വെല്ലുവിളികുംപോലെ തലയെടുപോടെ നിന്നു.

ഞാൻ അല്പം പാട് പെട്ട് എന്റെ കണ്ണുകളെ അവളുടെ മാറിൽ നിന്നും പറിച്ച് അവളുടെ മുഖത്തേക്ക് നോക്കി.

ആ ചുണ്ടുകളിൽ കടിച്ചുപിടിച്ച ഒരു ചിരി ഉണ്ടായിരുന്നു.

പിടിച്ചു.. മോനെ. എന്റെ മനസ്സ് എന്നോട് പറഞ്ഞു. കയോടെ പിടിച്ചു എന്ന് മനസിലായപ്പോൾ ഞാൻ അവളുടെ മുഖത്തേക് നോക്കാൻ നന്നേ പാടുപെട്ടു.

അതേയ്.. ഇങ്ങനെ പുറത്ത് നിന്ന് നോക്കിയാൽ മതിയോ.. വാ.. ഇല്ലങ്കിൽ ട്രെയിൻ മിസ്സാവും. അവൾ നൈസയിട്ട് എന്നെ ഒന്ന് താങ്ങി.

ഞാൻ പതിയെ ഉള്ളിലേക്ക് വലിഞ്ഞു.

നീനുയെവിടെ... ഞാൻ ഉള്ളിലേക്ക് കയറുന്നതിനിടയിൽ അഭിയോട് ചോദിച്ചു.

അവള് അടുക്കളയിലുണ്ട്. ചപ്പാത്തി പരത്തുന്ന തിരക്കിലാണ്. അവൾ ഒരു ചിരിയോടെ പറഞ്ഞു.

ചപ്പാത്തി പരത്തുന്നോ.. ഞാൻ അതിശയത്തോടെ ചോദിച്ചു.

വാ.. അഭിരാമി അടുക്കളയിലേക്ക് നടന്നു.

ഞാൻ ബാഗ് ഊരി ടേബിളിൽ വച്ച ശേഷം അവൾക്ക് പുറകെ ചെന്നു.

അടുക്കളയിലുള്ള റാക്കിന്മേൽ കയറിയിരുന്ന് ചപ്പാത്തിമാവ് കുഞ്ഞി ഉരുളകളക്കുന്ന തിരക്കിലാണ് കക്ഷി.

നീനു.. എന്താ പരുപാടി.. ഞങ്ങൾ കയറിച്ചെന്നത് അറിയാതെ പണിയിൽ മുഴുകിയിരിക്കുന്ന നീനുവിനോട് ഞാൻ വിളിച്ച് ചോദിച്ചു.

എന്റെ ശബ്ദം കേട്ടതും നീനു ഞെട്ടി ഞങ്ങൾ നിൽക്കുന്നിടത്തേക് നോക്കി. ആ ശബ്ദത്തിന്റെ ഉടമ ഞാനാണ് എന്ന് മനസ്സിലായപ്പോൾ ആ മുഖത്ത് പൂനിലവ് ഉതിച്ചതുപോലെ തിളങ്ങി.

കിച്ചൂന് കഴിക്കാനുള്ള ചപ്പാത്തി ഉണ്ടാകുവാ... നീനു ഒരു കൊഞ്ചലോടെ പറഞ്ഞു.

ഞങ്ങൾ പലപ്പോഴും സംസാരിച്ചിട്ടുണ്ടങ്കിൽ ആദ്യമായാണ് അവൾ എന്നെ കിച്ചു എന്ന് വിളിക്കുന്നത്.

ആണോടാ... എന്റെ കണ്ണൻ എനിക്ക് കഴിക്കാൻ ചപ്പാത്തി ഉണ്ടാക്കണോ... എന്നും പറഞ്ഞ് ഞാൻ അവളെ പുറകിലൂടെ കെട്ടിപ്പിടിച്ച് ആ കവിളിൽ ഒരുമ്മ കൊടുത്തു.

ഇതെല്ലാം കുഞ്ഞി ചപ്പാത്തിയാണല്ലോ.. ഞാൻ നീനു കൈകൊണ്ട് പരത്തി വച്ചിരുന്ന പത്ത് രൂപ കോയിൻ വലുപ്പമുള്ള ഒരു ചപ്പാത്തി എടുത്തുകൊണ്ട് ചോദിച്ചു.

ഞാൻ നീനുവിനെ പുറകിൽ നിന്നും കെട്ടിപിടിച്ച് അവളുടെ തോളിൽ തലവെച്ചു കൊണ്ടാണ് ചോദിച്ചത്.

നീനു കുഞ്ഞാ കുട്ടിയല്ലേ.. അപ്പോ.. കുഞ്ഞേ ചപ്പാത്തി ഉണ്ടാക്കാനല്ലേ പറ്റു.. അവൾ കൊഞ്ചിക്കൊണ്ട് ചെറിയ വായിൽ വലിയ വർത്താനം പറഞ്ഞു.

അത് കേട്ട് ചിരിച്ചുകൊണ്ട് ഞാൻ അഭിയെ നോക്കി.

അവൾ ഞങ്ങളെ തന്നെ നോക്കി നിൽക്കുകയാണ്.

ആ കണ്ണുകളിൽ എന്തെല്ലാമോ ഭാവങ്ങൾ. അത് ഒരു അമ്മയുടെ വാത്സല്യത്തിന്റെതാണ്. പക്ഷേ അത് നീനുവിൽ മാത്രം നിക്ഷിപ്തമല്ല. അവൾ എനിലേക്ക് തിരിയുമ്പോഴും ആ മാതൃസ്നേഹത്തിന് ഒട്ടും മങ്ങൽ ഏൽക്കുന്നില്ല.

എന്റെ നീനൂട്ടി ഉണ്ടാക്കിയ ചപ്പാത്തി കഴിക്കാൻ കിച്ചന് നേരം ഇല്ലടാ മുത്തേ. ഒരു കാര്യം ചെയാം അടുത്ത പ്രാവശ്യം നമ്മുക്ക് രണ്ടുപേർക്കും കൂടി ചപ്പാത്തിയൊക്കെ ഉണ്ടാക്കി അത് കഴിച്ചിട്ടേ ഞാൻ പോവു പോരെ.. ഞാൻ നീനുവിന്റെ നിറുകിൽ ചുണ്ടമർത്തികൊണ്ട് പറഞ്ഞു.

അതിനുശേഷം ഞാൻ കയ്യിലെ വാച്ചിലേക്ക് നോക്കി.

അഭി.. ഞാൻ പോട്ടെ.. എനി നിന്നാൽ ട്രെയിൻ മിസ്സവും.

മ്മ്.. അവൾ മൂളിക്കൊണ്ട് തലയാട്ടി.

നീനു. എന്നാ ഞാൻ പോകോട്ടെ..

മ്മ്.. അവളും അമ്മയെ പോലെ ചിരിയോടെ തലയാട്ടി.

എന്നാ ഒരുമ്മ താ.. ഞാൻ കവിൾ അവൾക്ക് നേരെ നീട്ടികൊണ്ട് പറഞ്ഞു.

നീനു എന്റെ കവിളിൽ അവളുടെ ചുണ്ടുകൾ കൊണ്ട് സ്നേഹത്തിന്റെ മുദ്ര ചാർത്തി.

ഞാൻ തിരിച്ച് വാത്സല്യത്തോടെ അവളുടെ നിറുകിൽ ചുണ്ടമർത്തിയശേഷം ഞാൻ പുറത്തേക് നടന്നു. എനിക്ക് പുറകിൽ അഭിയും.

അവിടെ എത്തിട്ട് വിളിക്കണട്ടോ..

മ്മ്.. ഞാൻ അവളെ തിരിഞ്ഞു നോക്കാതെ മൂളിയ ശേഷം ബാഗേടുത്ത് തോളിലിട്ട് അവൾക്ക് നേരെ തിരിഞ്ഞു.

എന്നാ ഞാൻ ഇറങ്ങട്ടെ...

ഞാൻ ആ കണ്ണിലേക്ക് നോക്കി ചോദിച്ചു.

ആ കണ്ണുകൾ എന്റെ കണ്ണിൽ തന്നെ തറഞ്ഞു നിന്നു. വികാരത്തിന്റെ വേലിയേറ്റം ഞാനാ കണ്ണുകളിൽ കണ്ടു.

അവൾ പതിയെ എന്റെ മാറിലേക്ക് വന്നമറന്നു. ഞാനെന്റെ രണ്ട് കൈകൾ കൊണ്ടും അവളെ എന്റെ മാറിലേക്ക് അണച്ചുപിടിച്ച് എന്റെ കവിൾ അവളുടെ തലയോട് ചേർത്തുവച്ചു.

പെണ്ണിന്റെ വിയർപ്പും ബോഡി ലോഷനും സ്പ്രേയും ചേർന്ന അതി മനോഹരമായ മാസ്മരിക സുഗന്ധം എന്റെ മൂക്കിലൂടെ പ്രേവേശിച്ചു. അതെന്റെ ശരീരത്തെ ആകെമൊത്തം ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു.

ഞാനാ മണം ആവോളം എന്റെ ഉള്ളിലേക്ക് വലിച്ചു കയറ്റി. അതിൻ ഫലം ഞാനവളെ എന്നിലേക്ക് കൂടുതൽ അമർത്തിപ്പിടിച്ചു.

കുറച്ച് നേരം ഞങ്ങൾ മൗനമായിത്തനെ നിന്നു.

ശേഷം അവൾ എന്റെ കഴുത്തിലേക്ക് മുഖം പൂഴ്ത്തി. ആ ചുണ്ടുകൾ എന്റെ കഴുത്തിൽ എന്തോ തിരയുന്നതുപോലെ തോന്നി.

അവളുടെ ആ പ്രവർത്തി എന്റെ ശരീരത്തെയും ചൂട് പിടിപ്പിച്ചുകൊണ്ടിരുന്നു.

അവൾ മുഖമുയർത്തി എന്റെ കണ്ണിലേക്ക് നോക്കി.

ആ കണ്ണുകളെ എനിക്ക് നേരിടുവാൻ കഴിയുനില്ല. ആ മുഖം എന്റെ മുഖത്തോട് അടുത്തുവന്നു. അവളുടെ ലക്ഷ്യം എന്റെ ചുണ്ടുകളാണ്.

ഞാൻ അറിയാതെ തന്നെ എന്റെ ചുണ്ടുകളും അവളുടെ ചുണ്ടിലേക്ക് അടുപ്പിച്ചു.

ഞങ്ങളുടെ ചുണ്ടുകൾ തമ്മിൽ മുട്ടിയതും അവളുടെ ചുണ്ടുകൾ വിടർന്നു. അവളുടെ ഉദ്ദേശം മനസ്സിലായതും ഞാനെന്റെ കീഴ് ചുണ്ട് അവളുടെ ചുണ്ടുകളുടെ ഇടയിലേക്ക് വച്ചുകൊടുത്തു.

എന്റെ കീഴ് ചുണ്ട് അവളുടെ വായിലേക്ക് ആവാഹിക പെട്ടു. ഞാനും വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. ഞാൻ അവളുടെ മേൽ ചുണ്ടിനെ എന്റെ വായിലാക്കി.

ഞങ്ങളുടെ ചുണ്ടുകൾ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെ ഇടുപ്പിൽ വിശ്രമിച്ചു കൊണ്ടിരുന്ന എന്റെ രണ്ട് കൈകളിൽ വലത് കൈയിൽ അവളുടെ ഇടത് കൈ കൊണ്ട് എടുത്ത് അവളുടെ ഇടത് മാറിലെ മൃദുലതയിൽ വച്ചു തന്നു.

അവളുടെ ആ പ്രവർത്തിയിൽ അന്ധാളിച്ച ഞാൻ അവളുടെ വായിൽ നിന്നും എന്റെ ചുണ്ടുകളെ മോചിപ്പിച്ച് അവളുടെ മുഖത്തേക് നോക്കി.

വന്നപ്പോൾ മുതൽ കൊതിയോടെ നോക്കുന്നതല്ലേ.. അവൾ ഒരു നാണിച്ച ചിരിയോടെ പറഞ്ഞുകൊണ്ട് മാറിൽ സ്തംഭിച്ച് നിൽക്കുന്ന എന്റെ വലത് കയ്യിൽ പിടിച്ച് അവളുടെ മാറിലേക്ക് വച്ചമർത്തി.

ഹോ.. വെള്ളം നിറച്ച ബലൂണിനോളം മൃദുലമായിരുന്നു അത്.

പിന്നെ ഒരു നിമിഷം പോലും പാഴാകാതെ ഞാനെന്റെ പെണ്ണിന്റെ ചുണ്ടുകൾ വായ്ക്കുള്ളിലാക്കി. ഒപ്പം ആദ്യമായി കയ്യിൽ കിട്ടിയ കൗതുകം കൊണ്ട് ഞാനവളുടെ ഇടത് മുലയിൽ എന്റെ കരവിരുത് പ്രകടിപ്പിച്ചു.

സുഖം കൊണ്ടാണോ അതോ എന്റെ പിടുത്തതിൽ നിന്നും അനുഭവിക്കുന്ന വേദന കൊണ്ടാണോ എന്നറിയില്ല അവളിൽ നിന്നും അവ്യക്തമായ ശബ്ദങ്ങൾ എന്റെ വായിൽ വന്ന് വെറും മൂളൽ മാത്രമായി അവശേഷിച്ചു.

ശ്വാസം മുട്ടിയതുകൊണ്ടാണെന്ന് തോന്നുന്ന അൽപ നേരം കഴിഞ്ഞതും അവൾ എന്നെ തള്ളിമാറ്റി. ശേഷമവൾ എന്റെ മുഖത്തേക് നോക്കി നിന്ന് കിതകച്ചു. എന്റെയും അവസ്ഥ മറിച്ചാല്ലായിരുന്നു.

ട്രയിൻ മിസ്സവും ഞാൻ പൊക്കോട്ടെ...

മ്മ്.. പൊക്കോ.. ഇല്ലങ്കിൽ ഇന്ന് പോക്ക് നടക്കില്ല. അവൾ ഒരു നാണിച്ച ചിരിയോടെ പറഞ്ഞു.

മ്മ്.. ഞാൻ ചിരിച്ചുകൊണ്ട് മൂളിയശേഷം പുറത്തേക് നടന്നു.

എനിക്കും അറിയാമായിരുന്നു കുറച്ച് നേരം കൂടി ഇവിടെ നിന്നാൽ എന്റെ കൈവിട്ട് പോകുമെന്ന്.

ഞാൻ ലിഫ്റ്റിന് അടുത്തുവരെ എത്തുന്നതുവരെ അവൾ എന്നെയും നോക്കി ഫ്ലാറ്റിനു മുന്നിൽ തന്നെ നിന്നു.

ഞാൻ അവളെ തിരിഞ്ഞു നോക്കി ശേഷം എന്റെ കീഴ് ചുണ്ട് ഒന്ന് നുണഞ്ഞുനോക്കി. എന്റെ പെണ്ണിന്റെ ഉമിനീരിന്റെ രുചിയുണ്ടായിരുന്നു അതിന്.

അത് കണ്ടതും അവൾ ചിരിച്ചും കൊണ്ട് നാണിച്ച് തലതാഴ്ത്തി.

ഞാൻ ഫ്ലാറ്റിന് താഴെ എത്തിയ ശേഷം അവിടെ നിന്നും ഒരു ഓട്ടോ പിടിച്ച് റെയിൽവേ സ്റ്റേഷനിലേക്ക് വിട്ടു.

ഞാൻ സ്റ്റേഷനിൽ എത്തുമ്പോൾ ട്രെയിൻ എടുക്കാൻ നിൽക്കുകയായിരുന്നു. ഞാൻ ഓടി ട്രെയിനിൽ കയറി.

രണ്ട് ദിവസം ലീവായതുകൊണ്ട് ട്രെയിനിൽ നല്ല തിരക്കുണ്ട്. ഞാൻ അഭിയെ വിളിച്ച് ട്രെയിനിൽ കയറി എന്ന് പറഞ്ഞു. തിരക്കായതിനാൽ അധികാനേരം സംസാരിക്കാൻ കഴിഞ്ഞില്ല.

*******************************************

ഒറ്റപ്പാലം റയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുമ്പോൾ സമയം 11.30 കഴിഞ്ഞിരുന്നു.

സ്റ്റേഷനിൽ എത്തുന്നതിനും അര മണിക്കൂറ് മുൻപ് ചേട്ടനെ വിളിച്ച് ഞാൻ എത്താറായി എന്ന് പറഞ്ഞിരുന്നു. അവനിപ്പോൾ പുറത്ത് വെയിറ്റ് ചെയുന്നുണ്ടാവും. ഞാൻ റെയിൽവേ സ്റ്റേഷന്റെ പുറത്തേക് നടന്നു.

നടക്കുന്നതിനിടയിൽ ഞാൻ ചേട്ടനെ ഒന്നുകൂടി വിളിച്ചു. കുറച്ച് നേരം റിങ് ചെയ്തതിനുശേഷം അവൻ കാൾ എടുത്തു.

ആ.. നീ എത്തിയോ..

ആ.. നീ എവിടെ... ഞാൻ തിരിച്ച് ചോദിച്ചു.

ഡാ.. ഒരു അഞ്ച് മിനിറ്റ് ഇപ്പോ എത്താം. അവൻ ഒരു പരുങ്ങലോടെ പറഞ്ഞു.

ഡാ. കോപ്പേ ഞാൻ നിന്നോട് അര മണിക്കൂർ മുൻപ് വിളിച്ചുപറഞ്ഞതല്ലെ. ഞാൻ അല്പം ദേഷ്യത്തോടെ തിരിച്ച് ചോദിച്ചു.

നീ ഒന്ന് വെയിറ്റ് ചെയ്യടാ ഞാൻ ഇപ്പോ വരാം.

Mmm എന്ന വേഗം ഇങ്ങട് എഴുന്നേള്.. അതും പറഞ്ഞ് ഞാൻ കാൾ കട്ട് ചെയ്തു.

തെണ്ടി... ഞാൻ എപ്പോ വിളിച്ച് പറഞ്ഞതാ. എനി എപ്പോ എത്താനാണ്. ഞാൻ സ്വയം പിറുപിറുത്തു.

എനി എന്തായാലും അവൻ വരാൻ സമയമെടുക്കും അപ്പോഴേക്കിനും ഒരു ചായ കുടിക്കട്ടെ. ഉച്ചക്ക് ഊണ് കഴിച്ചതാണ് പിന്നെ വേറെ ഒന്നും കഴിക്കാൻ പറ്റിയിട്ടുമില്ല. എനി ചായ കുടിക്കണമെങ്കിൽ സ്റ്റേഷന്റെ ഉള്ളിൽ തന്നെ പോണം.

എന്തായാലും അഭിയെ വിളിച്ച് ഞാൻ ഇവിടെ എത്തിന് പറയാം. വീട്ടിൽ എത്തിട്ട് എനി നേരം കിട്ടിയെന്ന് വരില്ല. ഞാൻ സ്റ്റേഷന്റെ ഉള്ളിലേക്ക് നടക്കുന്നതിനിടയിൽ ചിന്തിച്ചു.

ചേട്ടാ... ഒരു ചായ. ഞാൻ സ്റ്റേഷന്റെ ഉള്ളിലുള്ള ഒരു ചായക്കടയിൽ ഒരു ചായ പറഞ്ഞു.

പ്ലാറ്റ്ഫോമിൽ കുറച്ചാപ്പുറത് ഒരു ഫാമിലി ട്രെയിൻ വെയിറ്റ് ചെയ്തിരിക്കുന്നത് കണ്ടു. അതിൽ നീനുവിനോളം പോന്ന ഒരു പെൺകുട്ടിയുണ്ട്. അവൾ കുസൃതികാട്ടി കൊണ്ട് അവിടെയെല്ലാം ഓടി നടക്കുന്നു. അത് കണ്ടതും എന്റെ മനസ്സിലേക്ക് നീനുവിന്റെ മുഖം കയറിവന്നു. എന്റെ കുഞ്ഞിന്റെ ഓമനത്തമുള്ള മുഖം.

അല്പം കഴിഞ്ഞ് ചായകടകരൻ എനിക്ക് നേരെ ആവി പറക്കുന്ന ചായ നീട്ടി. ഞാൻ അതിന്റെ ക്യാഷും കൊടുത്ത് ആ ചായയും കൊണ്ട് അല്പം മാറിനിന്നു.

ചായ ഊതി കുടിക്കുന്നതിനിടയിൽ ഞാൻ ഫോണെടുത്ത് അഭിരാമിയെ വിളിച്ചു. എന്റെ ഫസ്റ്റ് റിംഗിൽ തന്നെ അവൾ കാൾ എടുത്തു.

ഹലോ... ആ കുറുകൽ എന്റെ കാതിൽ വന്നടിച്ചു.

ആഹാ.. ഉറങ്ങിയില്ലേ ഇതുവരെ.. ഞാൻ ചായ ഊതി ഒരു സിപ് കുടിച്ചുകൊണ്ട് ചോദിച്ചു.

ഇല്ല... എന്തോ ഉറക്കം വന്നില്ല.

മ്മ്.. ഞാൻ എത്തിട്ടോ. ഇപ്പോ റയിൽവേ സ്റ്റേഷനിലാണ്.

അതെന്താ ഇന്ന് വീട്ടിൽ പോവുന്നിലെ.. അവൾ ഒരു ചിരിയോടെ ചോദിച്ചു.

ചേട്ടൻ എത്തീട്ടില്ല. അവൻ വരാൻ കുറച്ചുകൂടി ടൈമെടുക്കും. അപ്പോ നിന്നെ വിളിച്ച് പറയാമെന്ന് വിചാരിച്ചു. എനിപ്പോ വീട്ടിൽ എത്തിട്ട് എപ്പോഴാ വിളിക്കാൻ നേരം കിട്ടുക എന്ന് പറയാൻ പറ്റില്ല. ഞാൻ പറഞ്ഞു.

മ്മ്.. അവിടെനിന്നും നേർത്ത മൂളൽ മാത്രം.

നീനു ഉറങ്ങിയോ...

ആ.. ഉറങ്ങി.

എന്തുപറ്റി... എന്താ ഒരു ഉഷാറില്ലാതെ.. ഞാൻ ചോദിച്ചു.

കിച്ചു.. ഇക്കി എന്തോ ഒരു പേടിപോലെ. അച്ഛനും അമ്മയും സമ്മതിക്കില്ലെ.. എന്നൊരു ഭയം. അവളുടെ ആ സംസാരത്തിൽ നിന്നും ഞാൻ ആ ഭയം തിരിച്ചറിഞ്ഞു.

എന്റെ അഭി... നീ ഇങ്ങനെ ടെൻഷൻ ആവല്ലേ. ഞാൻ എന്താ നിന്നോട് പറഞ്ഞെ.. ഈ.. കിഷോറിന്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടങ്കിൽ അത് എന്റെ അഭി മാത്രമായിരിക്കും. ഇല്ലങ്കിൽ നിന്റെ കിച്ചു മരിച്ചതായി കൂട്ടിക്കോ..

കിച്ചു... അവൾ ഒരല്പം കനത്തിൽ എന്നെ വിളിച്ചു.

എനിക്ക് ഇത്തിരി സമാദാനം കിട്ടാനാ ഞാൻ ഇത് നിന്നോട് പറഞ്ഞെ. അപ്പോ എന്നെ കൂടുതൽ വിഷമിപ്പിക്കുന്ന കാര്യങ്ങൾ പറയല്ലേ.. പ്ലീസ്... അവൾ അത് പറയുമ്പോൾ കരച്ചിലിന്റെ വക്കോളം എത്തിയിരുന്നു.

ഹേയ്... അഭി.. ഡാ..

മ്മ്..

നീ.. പേടിക്കേണ്ട. വീട്ടുകാര് സമ്മദിച്ചില്ലങ്കിലും ഞാൻ നിന്നെ കെട്ടും. കേട്ടോ എന്റെ മുത്ത്. എനിയിപ്പോ വീട്ടുകാർ സമ്മതിച്ചാലും നമ്മുക്ക് എനി ഈ.. നാട്ടിൽ നിൽക്കണ്ട. നിന്റെ ചേട്ടൻ പറഞ്ഞത് പോലെ നമ്മുക്ക് അവിടെ സെറ്റിലിയം.

മ്മ്... ആ മൂളലിൽ ആശ്വാസത്തിന്റെ ഒരു ധ്വനിയുണ്ടായിരുന്നു.

പിന്നേയ്.. ഇന്ന് ഒരു സംഭവമുണ്ടായി..

എന്ത് ... ഒരു മിനിറ്റ്. ചേട്ടൻ വിളിക്കുന്നുണ്ട്. ഈ.. മുടിഞ്ഞവൻ ഇത്രയും പെട്ടന്ന് എത്തിയോ.. ഞാൻ സ്വയം പിറുപിറുത്തും കൊണ്ട് അഭിയുടെ കാൾ ഹോൽഡിലിട്ട് ചേട്ടന്റെ കാൾ എടുത്തു.

ഹലോ...

ആ... ഡാ നീ എവിടെ ഞാൻ പുറത്തുണ്ട്.

ആ ദാ..വരുന്നു. ഞാൻ അവന്റെ കാൾ കട്ട് ചെയ്ത് അഭിരാമിയുടെ കാൾ കണക്ട് ചെയ്തു.

ഹലോ..

ആ.. ഹലോ... അവൾ മറുപടി തന്നു.

ചേട്ടൻ എത്തി എന്ന് പറയാൻ വിളിച്ചത.. ഞാൻ പറഞ്ഞു.

മ്മ്..

എന്താ പറയാനുണ്ട് എന്ന് പറഞ്ഞത്.. ഞാൻ ചോദിച്ചു.

അത് നാളെ പറയാം..

ഹേയ്.. നീ പറ അഭി... എന്തെങ്കിലും പ്രശ്നം ഉണ്ടായോ..

അയ്യോ... പ്രശനം ഒന്നും അല്ലടാ. നീനുവിന്റെ കാര്യമാ...

നീനുന്റെ ന്ത് കാര്യം.. ഞാൻ സംശയത്തിടെ ചോദിച്ചു.

അതാ ഞാൻ പറഞ്ഞെ.. നാളെ പറയാമെന്ന് . അവൾ കൊഞ്ചും പോലെ എന്നോട് പറഞ്ഞു.

എന്ന ഞാൻ വീട്ടിപ്പോയി വിളിക്കാം..

അയ്യോ... വേണ്ട കിച്ചു... ഇപ്പോ എന്റെ ചെക്കൻ നല്ല കുട്ടിയായിട്ട് പോയികിടന്നുറങ്ങ്. എന്നിട്ട് നാളെ വിളിക്കുമ്പോ ഞാൻ പറയാം കേട്ടോ..

മ്മ്.. ആയിക്കോട്ടെ. ഞാൻ വിഷമം അഭിനയിച്ചുകൊണ്ട് പറഞ്ഞു.

ഉ..മ്മ... അതേയ്.. എന്റെ കിച്ചൂട്ടൻ തൽകാലം ഇന്ന് ഇതുകൊണ്ട് തൃപ്തിപ്പെട്. I love you.. ഉമ്മ.. നാളെ വിളിക്കട്ടോ.. അവൾ അതും പറഞ്ഞ് കാൾ കട്ട് ചെയ്തു.

ഞാൻ അപ്പോഴേക്കും നടന്ന് ചേട്ടന്റെ അടുത്തെത്തിയിരുന്നു.

ഞാൻ ഫോണും ചെവിയിൽ വച്ച് സ്വപ്നവുംകണ്ട് ചിരിച്ച് വരുന്നത് കണ്ടതുകൊണ്ടാണെന്നുതോന്നുന്നു. അവൻ എന്നെ ഒന്ന് ചുഴിഞ്ഞു നോക്കി.

ഞാൻ അവന്റെ നോട്ടം കണ്ടതും കണ്ണുകൊണ്ട് എന്തേയെന്ന് ചോദിച്ചു.

ഒന്നല്ല... അവൻ ഒരു ആക്കിയ രീതിയിൽ എന്നോട് പറഞ്ഞു.

അല്ലടാ മൈരേ.. നീ ആരുടെ കാലിന്റെടല് പോയി കിടക്കായിരുന്നു.. ഞാൻ ബൈക്കിന്റെ പുറകിലേക്ക് കയറാൻ നേരം അവനോട് ചോദിച്ചു.

ചേട്ടൻ എന്നെക്കാൾ മൂന്ന് വയസിന് മൂത്തത്താണെങ്കിലും ഞങ്ങൾതമ്മിൽ ഒരു ചേട്ടൻ അനിയൻ ബന്ധത്തിനപ്പുറം ഒരു നല്ല സൗഹൃദം ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഞാൻ എന്റെ ജീവിതത്തിൽ തെറി വിളിച്ച് തുടങ്ങിയത് തന്നെ അവനെയാണ്.

അതിൽ പലപ്പോഴും അച്ഛനാണ് ബലിയാടവാറ്. കാരണം ഞാൻ ദേഷ്യം വന്നാൽ അവന്റെ തന്തയ്ക്ക് വിളിക്കും. അവന് ദേഷ്യം വന്നാൽ എന്റെ തന്തയ്ക്കും. ഇത് രണ്ടും ഒരാൾ ആയതുകൊണ്ട് ഒന്നും കുടുബത്തിൽ നിന്നും പുറത്തുപോവില്ല.

കാര്യം എന്തൊക്കെയായാലും ഇന്നേവരെ അമ്മക്ക് വിളിക്കാൻ ഞങ്ങൾ രണ്ടുപേരും മുതിർന്നിട്ടില്ല. എനി പുറത്തുനിന്നും ആരെങ്കിലും വിളിച്ചാൽ തന്നെ അവനെ പഞ്ഞിക്കിടാനും മടിയില്ല.

എടാ കോപ്പേ.. ഞാൻ നിന്റെ ഏടത്തിയുടെ കാലിന്റെ ഇടയിൽ അല്ലാതെ വേറെ ആരുടെ കാലിന്റെ ഇടയിൽ പോവാനാണ്.. അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

പ്പാ.. മൈരേ. സ്വന്തം ഭാര്യനെ കുറിച്ചാണോ ഇമ്മാതിരി ഊമ്പിയ കോമഡി പറയുന്നത്. ഞാൻ അല്പം കലിപ്പിൽ തന്നെ ചോദിച്ചു.

ഡാ.. കിഷ. നീതനെയാണോ ഈ.. പറയുന്നത്. നീ ജോലിക്ക് പോവുന്നതിന്റെ തലേന്ന് നീ ബിയറടിച്ച് നിന്റെ ഏടത്തിയെ അതായത് എന്റെ ഭാര്യയെ നീ എന്തൊക്കെ തെറിയാടാ പറഞ്ഞത്..

ഹോ.. അതോ. അത് അപ്പോഴത്തെ ദേഷ്യത്തിന് പറഞ്ഞതല്ലേ. അല്ലങ്കിൽ നീ ഏട്ടത്തി പറഞ്ഞോണ്ടല്ലടാ കോപ്പേ ഇക്കി തന്നുകൊണ്ടിരുന്ന പോക്കറ്റ് മണി പിന്നീട് താരത്തെയിരുന്നത്.

ങേ.. നീ എന്തോക്കെയാ ഈ.. പറയുന്നത്. ടാ.. അത് അവള് പറഞ്ഞിട്ടൊന്നുമല്ല. അമ്മയാ പറഞ്ഞത് നിനക്ക് ക്യാഷ് ഒന്നും കൊടുക്കണ്ടെന്ന്.

ഞാനും അച്ഛനും നിനക്ക് ക്യാഷ് തരുന്നതുകൊണ്ടാണ് നീ ഒരു പണിക്കും പോവാതെ വീട്ടിൽ ഇരിക്കുന്നത് എന്ന് അമ്മയ പറഞ്ഞത്. പിന്നെ എനി നിനക്ക് ക്യാഷ് തന്നാൽ എനിക്ക് ചോറ് തരില്ലാനും പറഞ്ഞു.

ഹാ.. എനിയിപ്പോ അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. നീ വണ്ടിയെടുക്. ഞാൻ ബൈക്കിന്റെ പുറകിലേക്ക് കയറിക്കൊണ്ട് പറഞ്ഞു

ബൈക്ക് റെയിൽവേ സ്റ്റേഷൻ പോക്കറ്റ് റോഡിൽ നിന്നും പാലക്കാട് കുളപ്പുള്ളി ഹൈവേയിലേക്ക് കയറി.

നമ്മുടെ നാടിന് പല രീതിയിലും ചീത്തപ്പേര് കേൾക്കേണ്ടിവന്ന ഒരു റോഡാണ് പാലക്കാട് കുളപ്പുളി ഹൈവേ.

കാരണം പണ്ട് ഈ.. റോഡിന്റെ കരാർ ഏറ്റെടുത്തത് RBM എന്ന ഒരു മലേഷ്യൻ കമ്പനിയായിരുന്നു. അവർ വളരെ ശാസ്ത്രീയവുമായ രീതിയിൽ നിർമിച്ച ഏകദേശം 40 കിലോമീറ്ററോളം നീളമുള്ള ഈ.. റോഡ് 16 വർഷങ്ങൾക്കിപ്പുറവും ഒരു കെടുപാടുകളും കൂടാതെ ഇന്നും നിലനിൽക്കുന്നു.

പക്ഷേ ഈ.. റോഡ് നിർമിച്ചതിന്റെ പേരിൽ ആ കരാറുകരന് ആത്മഹത്യ ചെയേണ്ടിവന്നു. കാരണം കൈകൂലി കിട്ടാത്തതിന്റെ പേരിൽ അയാൾക്ക് ബില്ലുകൾ മാറി കിട്ടിയില്ല.

പണം കിട്ടാത്തണിന്റെ പേരിൽ വൻ ബാധ്യത മൂലം അയാൾ അയാളുടെ അവസാന നാളിൽ പറഞ്ഞത് ഇന്നും ചില മനസ്സുകളെ പിടിച്ച് കലുക്കാൻ പോന്നതാണ്. "ഇത് കേരളമാണ് ഇവിടെ കാര്യങ്ങൾ നിയന്ത്രിക്കുന്നത് ചില മാമൂല്യകളാണ് എന്നായിരുന്നു ആ വാക്കുകൾ "

എന്റെ കണക്കുകൂട്ടലുകൾ ശരിയാണെങ്കിൽ എനിയും ഒരു 20 വർഷം കൂടി ഒരു പ്രശ്നവും ഇല്ലാണ്ട് ഈ റോഡ് നിലനിൽക്കും. എനി നിങ്ങൾക്ക് ഈ.. റോഡിനെ കുറിച്ച് എന്തെങ്കിലും സംശയം ഉണ്ടങ്കിൽ ഒന്ന് യൂട്യൂബിൽ നോക്കിയാൽ മതി. പാലക്കാട് കുളപ്പുളി ഹൈവേ എന്ന്.

നമ്മുക്ക് തൽകാലം കഥയിലേക്ക് വരാം.

ഡാ... നമ്മുക്കൊരോ ബിയറ് കഴിച്ചാലോ.. യാത്രക്കിടയിൽ ഞാൻ ചേട്ടന്റെ ഷോൾഡറിൽ തട്ടിക്കൊണ്ടു ചോദിച്ചു.

എന്റെ പൊന്നുമോനെ എന്നെ കൊലയ്ക്ക് കൊടുക്കരുത്. നിന്റെ ഏട്ടത്തി മണം പിടിക്കുന്ന കാര്യത്തിൽ പോലീസ് പട്ടിനെ കവച്ചുവെക്കും.

എനി നിനക്ക് അത്രക്ക് നിർബന്ധം ആണെങ്കിൽ നമ്മുക്ക് നാളെ നോക്കാം.

എന്ത് നിർബന്ധം. എനിക്ക് ഒരു നിർബന്ധവുമില്ല. ഞാൻ അല്പം കലിപ്പിൽ തന്നെ പറഞ്ഞു.

ഹേയ്.. നീ അങ്ങനെ പറയലെ. നീ എന്നെ നിർബന്ധിക്കണം.

അവൻ അത് പറഞ്ഞപ്പോൾ തന്നെ എനിക്ക് എന്തോ അപകടം മണത്തു. നാളെ കഴിച്ചത് എന്റെ നിർബന്ധം മൂലമാണ് എന്ന് പറയാനുള്ള പ്ലാനാണ്. അവന്റെ ഉദ്ദേശം മനസ്സിലായെങ്കിലും ഞാൻ അതിന് തിരിച്ച് ഒന്നും പറയാൻ പോയില്ല.

ഡാ.. വണ്ടി ഒന്ന് സൈടക്ക്.. ഞാൻ അവന്റെ ഷോൾഡറിൽ തട്ടികൊണ്ട് പറഞ്ഞു.

ഡാ.. എനി വീട്ടിൽ ചെന്നിട്ട് പോരെ.. അവൻ വണ്ടി നിർത്താതെ എന്നോട് പറഞ്ഞു.

നീ ഒന്ന് നിർത്തട മൈരേ. ഞാൻ അല്പം കനത്തിൽ പറഞ്ഞപ്പോൾ അവൻ വണ്ടി റോഡരികിലേക്ക് നിർത്തി.

ഞാൻ വണ്ടിയിൽനിന്നും ഇറങ്ങിക്കൊണ്ട് അവനെ നോക്കി.

എനി എന്ത് മൈരാ നീ എന്നെ നോക്കി നിൽക്കുന്നത്. പോയി ഒഴിച്ചിട്ട് വാട..

ഡാ.. മൂത്രം ഒഴിക്കാനൊന്നും അല്ല. ഞാൻ അവനെ നോക്കി പരുങ്ങിക്കൊണ്ട് പറഞ്ഞു.

പിന്നെ എന്ത്.. തൂറാനോ..

അവന്റെ ഓഞ്ഞ കോമഡി കേട്ട് ഞാൻ കലിപ്പിച്ച് അവന്റെ മുഖത്തേക്ക് നോക്കി.

എന്താടാ... നീ ഈ നട്ടപാതിരക്ക് എന്നെ ഭ്രാന്തക്കുവണോ.. നീ എന്താച്ചാ കാര്യം പറ..

പറയാം. നീ എന്നെ ഒന്ന് സപ്പോർട്ട് ചെയ്യണം. പ്ലീസ്..

അപ്പോ എന്തോ ഉടായിപ്പ് ആണല്ലോ.. അവൻ പുരുകം ഉയർത്തികൊണ്ട് ചോദിച്ചു.

ഡാ.. പിന്നേയ്.. എന്റെ ബാങ്കിലുള്ള ഒരാളെ ഇക്കി ഇഷ്ടാണ്.

മ്മ്.. ആയ്കോട്ടെ. എനിപ്പോ എന്താ വെണ്ട്.. ഞാൻ അച്ഛനോടും അമ്മയോടും പറഞ്ഞ് നിങ്ങടെ കാര്യം സെറ്റാക്കണം. അതല്ലെ.. മ്മ്.. ശരി. നീ വണ്ടിയിൽ കയറ് ഇക്കി ഉറക്കം വരുന്നു. എന്തായാലും കല്യാണകാര്യം ഇന്ന് പറയണ്ടാലോ നാളെ പറഞ്ഞാൽ പോരെ…

അവൻ അതും പറഞ്ഞ് ബൈക്കിന്റെ കീ തിരിച്ചു.

ഡാ.. മൈരേ ഒന്ന് നിൽക്ക് ഞാൻ മുഴുവൻ പറയട്ടെ. ഞാൻ കീ റിട്ടൺ തിരിച്ച് വണ്ടി ഓഫ് ചെയ്തു.

അവൻ എന്റെ മുഖത്തേക് ചോദ്യഭാവത്തിൽ സൂക്ഷിച്ചുനോക്കി.

ഡാ. അവളുടെ പേര് അഭിരാമി. കൊച്ചിയിൽ തന്നെയാണ് താമസം. അമ്മയും ഒരു ചേട്ടനമുണ്ട്. അവരൊക്കെ അമേരിക്കയിലാണ്. ഇവിടെ ഇവൾ മാത്രള്ളു.

പിന്നെ.. ഡാ… അവളുടെ ഒരു കല്യാണം കഴിഞ്ഞതാണ്.

ഏ.. അപ്പോ അതാണ് കാര്യം. അവൻ ഒന്ന് നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു.

സീനാണ്. ഇത് അറിഞ്ഞാൽ അച്ഛനും അമ്മയും സമ്മതിക്കും എന്ന് എനിക്ക് തോന്നുന്നില്ല.

പിന്നെ… പിന്നെ ഒരു വഴിയുള്ളത് ഈ.. കാര്യം അവരോട് പറയണ്ട. നമ്മള് മാത്രം അറിഞ്ഞാൽ മതി. അവൻ വലിയ ഒരു ഐഡിയ പറയും പോലെ എന്നോട് പറഞ്ഞു കൊണ്ട് ചിരിച്ച.

ഞാൻ അവൻ പറയുന്നതും കേട്ട് വെറുതെ നിന്നതേയുള്ളു.

ഹാ.. പിന്നെ കുട്ടിയോന്നും ഇല്ലാലോ.. അതോണ്ട് പ്രശ്നമില്ല.

കുട്ടിയില്ല എന്ന് ഞാൻ പറഞ്ഞോ.. ഞാൻ ഒരു പരുങ്ങാലോടെ അവനെ നോക്കി പറഞ്ഞു.

ങേ.. യെന്ത്. കുട്ടികളുള്ള പെണ്ണോ… നീ.. നീ വണ്ടിയിൽ കയറിക്കെ. ഇതൊന്നും ശരിയാവില്ല.

ട. ടാ.. ഡാ… പ്ലീസ്.. ഞാൻ പറയുന്നത് ഒന്ന് കേൾക്ക്. വണ്ടി സ്റ്റാർട്ട് ചെയ്യാൻ പോയ അവന്റെ കയ്യിൽ പിടിച്ചകൊണ്ട് ഞാൻ പറഞ്ഞു.

എന്റെ പൊന്നു മോനെ കിച്ച ഇത് നടക്കില്ല. അവരും സമ്മതിക്കില്ല ഞാനും സമ്മതിക്കില്ല.

ഡാ.. ഞാൻ പറയുന്നത് ഒന്ന് കേൾക്കദ്യം.

ഹും.. അത് കേട്ട് അവൻ പുച്ഛത്തോടെ എന്നെ ഒന്ന് നോക്കി.

ഞാൻ അവളുടെ കഥയും ഞങ്ങളുടെ അടുപ്പവും എല്ലാം അവന് വിശദമായി പറഞ്ഞുകൊടുത്തു.

ഡാ... നീ പറയുന്നത് ഒക്കെ ശരിയായിരിക്കും പക്ഷേ...

ഒരു പക്ഷേയും ഇല്ല. നീ എന്റെ കൂടെ നിന്നാൽ മതി.

കിച്ചു... അതുകൊണ്ട് മാത്രം കാര്യമായോ..

നീ വണ്ടിയെടുക്ക് ബാക്കിയെല്ലാം വരുന്നിടത് വച്ചു കാണാം. ഞാൻ അതും പറഞ്ഞ് ബൈക്കിന്റെ പുറകിലേക്ക് കയറി.

അവൻ വണ്ടി സ്റ്റാർട്ട് ചെയ്തു. വീടെത്തുന്നത് വരെ അവൻ ഒന്നും സംസാരിച്ചില്ല.

വീട്ടിലെത്തിയതിനുശേഷം ഞാൻ കുളിച്ച് കുറച്ച് ഫുഡും കഴിച്ച് കിടന്നുറങ്ങി.

*********************************************

പിറ്റേന്ന് പതിവ് പോലെ ഞാൻ എട്ട് മണിക്ക് തന്നെ എഴുന്നേറ്റു. ഫോണെടുത്ത് നോക്കിയപ്പോൾ അഭിയുടെ ഒരു good മോർണിംഗും പിന്നെ അറഞ്ചം പറഞ്ചം പത്ത് പതിനഞ്ച് ഉമ്മയും.

ഞാൻ അങ്ങോട്ട് ഒരു ഉമ്മയും ഒരു ഹാർട്ടും അയച്ചു. അതിനുശേഷം ഞാൻ വീടിന്റെ ഉമ്മറത്തേക് നടന്നു.

ചേട്ടൻ തിണയിലിരുന്ന് പത്രം വായിക്കുകയാണ്. എന്റെ കൽപെരുമാറ്റം കേട്ട് അവൻ തലഉയർത്തി നോക്കി ശേഷം വീണ്ടും പത്രത്തിലേക്ക് തന്നെ കണ്ണ് പൂഴ്ത്തി.

എന്താ മോനെ ചരമ കോളത്തില് പേര് വന്നോ നോക്കുകയാണോ... ഞാൻ കളിയാകും പോലെ ചോദിച്ചു.

അവൻ എന്നെ ഒന്ന് തുറിച്ച് നോക്കി. അതേടാ നീ മിക്കവാറും എന്നെ പടമാക്കി ചുവരിൽ കയറ്റുന്ന ലക്ഷണമുണ്ട്.

ഹാ.. ഹാ.. ഹാ... ഞാൻ അവന്റെ കോമഡി കേട്ട് ചിരിച്ചു.

ആഹാ... നല്ല കോമഡിയാണെന്ന് തോന്നുന്നു. എന്നോട് കൂടി പറ ഞാനും കേൾക്കട്ടെ. അതുവഴി വന്ന ഏട്ടത്തി ഞങ്ങളോട് പറഞ്ഞു.

എന്റെ ഏട്ടത്തി സംഭവം കോമഡി തന്നെയാണ്. കുറച്ച് കഴിയട്ടെ എല്ലാരും ഉള്ളപ്പോൾ ഞാൻ പറയാം. എന്നും പറഞ്ഞുകൊണ്ട് ഞാൻ ഉള്ളിലേക്ക് വലിഞ്ഞു.

ഏട്ടന്റെ മുഖത്ത് നോക്കി ചേടത്തി എന്താ എന്ന് ചോദിക്കുന്നുണ്ട് പക്ഷേ അവനും അതിൽനിന്നും ഒഴിഞ്ഞുമാറി.

ഉച്ചക്ക് ഊണ് കഴിക്കല് കഴിഞ്ഞ് എല്ലാവരും ടീവി കാണുന്ന തിരക്കിലാണ്.

ഞാൻ റിമോട്ട് എടുത്ത് ടീവി മ്യൂട്ട് ചെയ്തു.

എന്റെ ആ പ്രവർത്തി കണ്ട് എല്ലാരും എന്റെ മുഖത്തേക് നോക്കി.

അതേയ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഞാൻ എല്ലാവരോടുമായി പറഞ്ഞു.

എല്ലാവരുടെയും മുഖത്ത് ഞാൻ എന്താണ് പറയാൻ പോകുന്നത് എന്നറിയുവാൻ ഒരു ആകാംഷയുണ്ട്.

കാര്യം പറയുന്നതിനുമുൻപ് ഞാൻ ശ്വാസം നല്ല രീതിയിൽ വലിച്ചുവിട്ടു.

എനിക്ക് ഒരാളെ ഇഷ്ടാണ്.

എന്റെ ബാങ്കിലുള്ള ആള് തന്നെയാണ്.

പേര് അഭിരാമി മേനോൻ.

ആഹാ മേനോൻ കുട്ടിയാണോ.. അച്ഛൻ ഇടയിൽ കയറിക്കൊണ്ട് പറഞ്ഞു.

അത് കേട്ട് അമ്മ അച്ഛനെ ഒന്ന് നോക്കി അത് കണ്ടപ്പോൾ അച്ഛൻ പിന്നെ ഒന്നും മിണ്ടിയില്ല.

എന്റെ അസിസ്റ്റന്റ് മാനേജറാണ്. അത് കേട്ടപ്പോൾ ഏട്ടത്തിയുടെ മുഖത്ത് ആകാംഷ. കോളേജിൽ പോയി പ്രൊഫസറെ വളയ്ക്കുന്നത് പോലെയാണല്ലോ ഇതും.

അച്ഛൻ ജീവിച്ചിരിപ്പില്ല. അമ്മയും ചേട്ടനുമുണ്ട് അവരൊക്കെ അമേരിക്കയിലാണ്.

എല്ലാവരും ഞാൻ പറയുന്നതും കേട്ട് എന്നിൽ തന്നെ കണ്ണും നാട്ടിരിപ്പാണ്. ഞാൻ അവർക്ക് മുന്നിൽ കഥാപ്രസംഗം നടത്തുന്ന കാഥികനെപ്പോലെ അവളെ കുറിച്ച് വിവരിച്ചുകൊണ്ടിരുന്നു.

ആളുടെ ഒരു കല്യാണം കഴിഞ്ഞതാണ് അതിൽ ഒരു കുഞ്ഞുമുണ്ട്. അത് ഞാൻ ഒറ്റ ശ്വാസത്തിൽ പറഞ്ഞു തീർത്തു.

അവിടെ ഇരിക്കുന്നവർ പരസ്പരം മുഖത്തോടുമുഖം നോക്കുന്നുണ്ട്. പെട്ടെന്ന് അമ്മ ചാടി എഴുനേറ്റു.

ഞാൻ സമ്മതിക്കില്ല.. ബാഹുബലിയിലെ ശിവകാമി ദേവിയെ പോലെ ചീറികൊണ്ട് എന്റെ നേരെ തിരിഞ്ഞു.

നിങ്ങള് ഇവൻ പറഞ്ഞത് കെട്ടിലെ.. അമ്മ അച്ഛന് നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു.

ഞാൻ കേട്ടു. കേൾക്കാതിരിക്കാൻ ഞാൻ ചെവിട് പൊട്ടനൊന്നും അല്ലാലോ.. അച്ഛൻ അമ്മയോട് തിരിച്ച് ചോദിച്ചു.

പിന്നെ എന്താ മനുഷ്യ നിങ്ങള് ഒന്നും മിണ്ടാത്തത്. അമ്മ അച്ഛന് നേരെ ചീറി.

അത് കേട്ട് അച്ഛൻ എനിക്ക് നേരെ കണ്ണും തുറിച്ച് നോക്കി.

അച്ഛന്റെ ഭാഗത്തുനിന്നും പ്രദീക്ഷിച്ച പ്രതികരണം കിട്ടാത്തത് കൊണ്ടാണെന്ന് തോന്നുന്ന അമ്മ ചേട്ടനുനേരെ തിരിഞ്ഞു.

ഡാ.. നീ ഇവൻ പറഞ്ഞത് കെട്ടിലെ..

ആ.. കേട്ടു. അവൻ വോൾട്ടേജ് കുറഞ്ഞതുപോലെ മറുപടി കൊടുത്തു.

ഏട്ടത്തി പിന്നെ എന്റെ സംസാരം കേട്ട് കിളി പോയതുപോലെ ഇരിക്കുകയാണ്. എനി പറന്നുപോയ കിള്ളി എപ്പോൾ തിരിച്ച് കൂട്ടിൽ കയറാനാണ്.

ഇവളോട് പിന്നെ പറഞ്ഞിട്ട് കാര്യല്ല്യ. അമ്മ ഏട്ടത്തിയെ നോക്കികൊണ്ട് പറഞ്ഞു. അതിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല.

അമ്മേ അവളൊരു പാവാണ്. ഞാൻ അവളുടെ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ദുരനുഭവങ്ങൾ എല്ലാവരോടുമായി പറഞ്ഞു കൊടുത്തു.

അമ്മേ ഞാൻ അവളെ കല്യാണം കഴിക്കുന്നതിൽ എന്താണ് തെറ്റ്. എന്താണ് അമ്മ അവളിൽ കാണുന്ന പോരായിമ്മ.. അവൾക്ക് ഒരു കുഞ്ഞ് ഉണ്ട് എന്നതോ..

എനി ഞങ്ങൾക്ക് ആർകെങ്കിലുമാണ് ഈ.. അവസ്ഥ വന്നിരുന്നതെങ്കിലും അമ്മ ഞങ്ങളെ വേറെ വിവാഹം കഴിക്കാൻ നിർബന്ധിക്കില്ലേ... ഞാൻ ചോദിച്ചു.

എടി.. അവൻ പറഞ്ഞതിൽ എന്താ തെറ്റ്.. ഇവർക്കാർക്കെങ്കിലുമാണ് ഇങ്ങനെ ഒരു അവസ്ഥ വന്നിരുന്നെങ്കിൽ നമ്മൾ അവരോട് രണ്ടാമത് കല്യാണം കഴിക്കാൻ പറയില്ലേ.. അച്ഛന്റെ ആ ഒരൊറ്റ ചോദ്യത്തിൽ നിന്നുതന്നെ അച്ഛൻ കാര്യത്തെ എത്ര പോസിറ്റീവ് ആയാണ് എടുത്തിരിക്കുന്നത് എന്നെനിക്ക് മനസിലായി.

നിങ്ങൾ എന്തൊക്കെ പറഞ്ഞാലും വേണ്ടില്ല ഞാൻ ഇതിന് സമ്മതിക്കില്ല. അമ്മ ഉറച്ച ശബ്ദത്തോടെ പറഞ്ഞു.

അത് കേട്ടതും ചേട്ടൻ എന്റെ മുഖത്തേക് ഒന്ന് പാളി നോക്കി.

ആരൊക്കെ എന്തൊക്കെ പറഞ്ഞാലും വേണ്ടില്ല എന്റെ ജീവിതത്തിൽ ഒരു പെണ്ണെ ഒള്ളു അത് അഭിരാമിയാണ്. ഞാൻ ഉറച്ച വാക്കുകളോടെ അവിടെ കൂടി നിന്നവരോടായി പറഞ്ഞുകൊണ്ട് എന്റെ റൂമിനുള്ളിലേക്ക് നടന്നു.

സത്യം പറഞ്ഞാൽ അങ്ങനെ പറയാനുള്ള ധൈര്യം എവിടന്നു കിട്ടി എന്നെനിക്ക് ഒരു പിടിയുമില്ല.

റൂമിൽ എത്തിയതും പോവാൻ വേണ്ടി ബാഗ് പാക്ക്ചെയ്യാണോ.. അതോ ഇവിടെത്തന്നെ നിൽക്കണോ. ഞാൻ എന്ത് ചെയ്യണം എന്ന് അറിയാത്ത അവസ്ഥയിലായി.

അമ്മേ.. അച്ഛൻ പറഞ്ഞതിലും കാര്യമുണ്ട്. ഇന്നത്തെ കാലത്ത് ഇതൊക്കെ സർവസാദാരണമാണ്. അതോണ്ട് നമ്മളായിട്ട് അവന്റെ ഇഷ്ടത്തിന് എതിര് നിൽക്കണോ.. ഏടത്തി അമ്മയോട് പറയുന്നത് ഞാൻ കേട്ടു.

സത്യം പറഞ്ഞാൽ ചേട്ടൻ ഇന്നലെ അങ്ങനെ ഒക്കെ പറഞ്ഞപ്പോൾ സ്വന്തം ഭാര്യയെ വെള്ള പൂശാൻ നോക്കിയതാണ് എന്നാണ് ഞാൻ കരുതിയത്. പക്ഷേ ഏടത്തിയുടെ ഇപ്പോഴത്തെ സംസാരം കേൾക്കുബോൾ മനസ്സിലെ ചേട്ടത്തിയെന്ന ക്ലാവ് പിടിച്ച വിഗ്രഹം തിളക്കം വെക്കുന്നത് പോലെ തോന്നി.

ഞാൻ ഒന്നുകൂടി അങ്ങോട്ട് ചെവിയോർത്തു. ഒരു പൊട്ടിത്തെറി ഞാൻ പ്രദീക്ഷിച്ച പക്ഷേ അതുണ്ടായില്ല. സ്വതവേ മരുമകൾ നല്ലത് പറഞ്ഞാൽ തന്നെ കേൾക്കാത്ത ടീംസാണ് അമ്മായിയാമ്മമാർ അപ്പോപ്പിന്നെ ഇത് പറയണോ... പക്ഷേ എന്തുകൊണ്ടോ ഞാൻ പ്രദീക്ഷിച്ചത് നടന്നില്ല.

ഞാൻ റൂമിന്റെ വാതിൽ ചാരിയ ശേഷം ബഡിൽ നിവർന്ന് കിടന്നു. വാതിൽ അടച്ച് കിടന്നാൽ ഞാൻ വല്ല ആത്മഹത്യായും ചെയ്തോ എന്ന് ഭയക്കേണ്ട എന്ന് കരുതിയിട്ടാണ് ഞാൻ അങ്ങനെ ചെയ്തത്.

അപ്പോഴാണ് അഭിയുടെ കാൾ വന്നത്.

ഞാൻ കാൾ എടുത്തു.

ഹലോ...

മ്മ്... എന്താ പരുപാടി... എനിക്കുള്ള ചോദ്യമെത്തി.

ഹേയ് പ്രത്യകിച്ച് പരുപാടിയൊന്നുമില്ല. ഞാൻ കിടക്ണ്.

എന്തുപറ്റി... ആ വാക്കുകളിൽ വ്യാകുലതയുടെ സ്വാരം.

ഹേയ് ഒന്നല്ല ഫുഡ് കഴിച്ചപ്പോ ജസ്റ്റ് ഒന്ന് കിടന്ന അത്രോള്ളൂ. ഞാൻ പറഞ്ഞു.

മ്മ്...

ഫുഡ് കഴിച്ചോ... ഞാൻ തിരിച്ച് ചോദിച്ചു.

ആ.. കഴിച്ച്യ.

നീനു എവിടെ..

ഉച്ചമയക്കത്തിലാണ്.. അവൾ ചിരിയോടെ പറഞ്ഞു.

ഇന്നലെ എന്താ പറയാനുണ്ട് എന്ന് പറഞ്ഞത്. ഞാൻ ചോദിച്ചു.

ആ അതോ.. അത് ഇന്നലെ കിച്ചു പോയതിനുശേഷം ഞാൻ നീനുവിനോട് ചോദിച്ച്യ. മോൾക്ക് അച്ഛനെ കാണണ്ടേന്ന്.

ഞാൻ അവൾ പറയാൻ പോകുന്നതിനെ ആകാംശയോടെ കേട്ടിരുന്നു.

അപ്പോ അവള് പറയാ ആ കാണണംന്ന്.

അപ്പോ ഞാൻ ചോദിച്ചു. മോൾക്ക് കിച്ചുനെ ഇഷ്ടമാണെന്ന്..

അപ്പോ അവളെന്തുപറഞ്ഞു.. ഞാൻ ഇടയിൽ കയറി ചോദിച്ചു.

ഇഷ്ടാണ്ന്ന് പറഞ്ഞു.

അപ്പോ ഞാൻ പറഞ്ഞു കുച്ചുവാണ് എന്റെ നീനുമോൾടെ അച്ഛൻ എന്ന്.

അത് കേട്ടതും എനിക്കെന്റെ കണ്ണുകൾ നിറഞ്ഞു പോയി.

എന്നിട്ട്.. ഞാൻ എന്റെ വിതുമ്പുന്ന ചുണ്ടുകളോടെ അവളോട് ചോദിച്ചു.

അപ്പോ അവള് പറയാ... അപ്പോ എനിഞാൻ കിച്ചുനെ അച്ഛന് വിളിക്കാന്. അത് പറയുമ്പോൾ അഭിരാമിക്ക് തന്റെ വാക്കുകൾ മുറിഞ്ഞു പോയിരുന്നു.

പിന്നേയ്... വീട്ടിൽ പറഞ്ഞോ.. അവൾ ആകാംക്ഷയോടെ ചോദിച്ചു.

ഇല്ല.. വൈകിട്ട് പറയാം എന്നുകരുതി. ഞാൻ മനഃപൂർവം ആ കാര്യം മറച്ചുവച്ചു.

അവര് സമ്മതിക്കില്ലേ കിച്ചൂ.. അവൾ തെല്ലൊരു ഭയത്തോടെ ചോദിച്ചു.

സമ്മതിക്കും അതെനിക്ക് ഉറപ്പുണ്ട്. ഞാൻ അവൾക്ക് ആത്മവിശ്വാസം നൽകി.

ഹ്മം.. അവളിൽ നിന്നും ആശ്വാസത്തിന്റെ നെടുവീർപ്പിന്റെ സ്വരം ഞാൻ കേട്ടു.

അതേയ്..

മ്മ്...

ഇന്നലെ എന്തൊരു പിടിയ പിടിച്ചത്. ഞാൻ നോക്കുമ്പോൾ അവിടം ആകെ ചുവന്നിരുന്നു. അവൾ നാണത്തോടെ ചിരിച്ചു കൊണ്ട് പറഞ്ഞു.

അയ്യോ... എന്നിട്ട് വേദനിച്ചോ.. ഞാൻ വിഷമത്തോടെ ചോദിച്ചു.

ചെറുതായിട്ട്. അത് സാരില്ല. അവൾ എന്നെ സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞു.

അത് പരിജയകുറവ് കാരണം. നമ്മുക്ക് അടുത്ത പ്രാവശ്യം റെഡിയാകാം. ഞാൻ ഒരു ചിരിയോടെ പറഞ്ഞു.

അത് കേട്ട് അവളും ചിരിച്ചു.

എനി വേദന മാറിയില്ലങ്കിൽ ഞാൻ അവിടെ വന്നിട്ട് ഊതിതരാം. മതിയോ.. ഞാൻ ശബ്ദത്തിൽ അൽപം വികാരം വരുത്തികൊണ്ട് പറഞ്ഞു.

മ്മ്... അപ്പുറത്തുനിന്നും വികാരത്തിന്റെ കുറുകൽ ഞാൻ കേട്ടു.

ഞങ്ങൾ കുറച്ച് നേരം കൂടി സംസാരിച്ചതിനുശേഷം ഞാൻ കാൾ കട്ട് ചെയ്തു.

എല്ലാ പ്രാവശ്യവും നാട്ടിൽ വന്നാൽ വൈകിട്ട് ഫ്രണ്ട്സിനെ കാണാൻ ഇറങ്ങാറുണ്ട് പക്ഷേ ഇന്ന് അതിനും തോന്നുന്നില്ല.

ഞാൻ രാത്രി എട്ട് മണി വരെ എന്റെ റൂമിൽ തന്നെ കഴിച്ചുകൂട്ടി. ഇടക്ക് ആരെങ്കിലുമൊക്കെ വന്ന് റൂമിലേക്ക് എത്തിനോക്കും.

ഞാനെങ്ങാനും വല്ല കടും കയ്യും ചെയ്തല്ലോ എന്ന് കരുതിയിട്ടാണ് എന്നുതോന്നുന്നു.

ഡാ.. നീ കഴിക്കാൻ വരുന്നില്ലേ.. ചേട്ടൻ എന്റെ റൂമിലേക്ക് കയറിവന്നുകൊണ്ട് ചോദിച്ചു.

ഇക്കി വേണ്ട.. ഞാൻ ഒറ്റവാക്കിൽ മറുപടി കൊടുത്തു.

അതെന്താ അമ്മ നിന്നോട് അങ്ങനെ പറഞ്ഞോണ്ടാണോ..

ഹേയ്.. അതല്ല ഇക്കി എന്തോ വിശപ്പില്ല. ഞാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

ഡാ.. നമ്മുക്ക് എന്തെങ്കിലും വഴിയുണ്ടാക്കാം. അല്ലാതെ നീ ഇങ്ങനെ പട്ടിണി കിടന്നിട്ടെന്താ..

ചേട്ടാ.. നീ തൽകാലം ഒന്ന് മിണ്ടാണ്ട് പ്പോ..

അവൻ പിന്നെ ഒന്നും മിണ്ടിയില്ല കുറച്ച് കഴിഞ്ഞ് അവൻ അവിടെനിന്നും ഇറങ്ങി പോയി.

നന്നായി വിശക്കുന്നുണ്ട്. പക്ഷേ നിരാഹാരം കിടന്നുനോക്കാം വല്ലതും നടന്നല്ലോ. ഞാൻ തലയിണയിൽ മുഖം പൊതി കമിഴ്ന്ന് കിടന്നു.

ഡാ... കിച്ച എഴുന്നേൽക്ക്. ശബ്ദം കേട്ടപ്പോൾത്തന്നെ അച്ഛനാണ് എന്ന് മനസ്സിലായി. ഞാൻ ഒന്നും മിണ്ടാൻ പോയില്ല.

ഡാ.. വാ.. ചോറുണ്ണാം. അച്ഛൻ എന്റെ പുറത്ത് തട്ടികൊണ്ട് പറഞ്ഞു.

നിങ്ങൾക്ക് വിശക്കുന്നുണ്ടെങ്കിൽ കഴിച്ചോ എന്നെ എന്തിനാ നിർബന്ധിക്കുന്നത്. ഞാൻ അല്പം ഈർഷ്യയോടെ ചോദിച്ചു.

അതെങ്ങനാടാ നീ ഇവിടെ ഒന്നും കഴിക്കാതെ കിടക്കുമ്പോൾ ഞങ്ങള് കഴിക്കുന്നത്.

അച്ഛാ.. ഒന്ന് പോവുന്നുണ്ടോ എന്നെ ദേഷ്യം പിടിപ്പിക്കാതെ.. ഞാൻ ഒച്ചയിട്ടു.

അച്ഛൻ പിന്നെ ഒന്നും മിണ്ടാതെ റൂമിൽ നിന്നും ഇറങ്ങിപ്പോയി.

കുറച്ച് കഴിഞ്ഞ് ഏകദേശം ഒരു മണിക്കൂറ് കഴിഞ്ഞുകാണും. റൂമിനുള്ളിൽ ഒരു കാൽ പെരുമാറ്റം കേൾക്കുന്നുണ്ട്.

അമ്മയാണെന്ന് തോന്നുന്നു. ഞാൻ തല ഉയർത്താൻ പോയില്ല.

കിച്ച.. ഞാൻ ഒട്ടും പ്രദീക്ഷിക്കാത്ത സൗണ്ട് കേട്ടതുമൂലം ഞാൻ തലഉയർത്തി നോക്കി. ഏടത്തിയാണ്. അവർ എന്നെ നോക്കി ഒന്ന് ചിരിച്ചു.

ദാ.. ഇത് കുറച്ച് കഴിഞ്ഞിട്ട് കഴിക്ക് ട്ടോ. അവർ ചെറിയ ടേബിളിൽ വച്ചിരുന്ന രണ്ട് നേന്ത്രപ്പഴം ചൂണ്ടി കൊണ്ട് പറഞ്ഞു. പിന്നെ ഒരു ജഗ് വെള്ളവും.

പിന്നേയ് ഇത് അവര് അറിയാതെ കൊണ്ടുവന്നതാണ് അതോണ്ട് നീ പേടിക്കണ്ട. ഇത് കഴിച്ചോണ്ട് നിന്റെ നിരാഹാരം മുറിയില്ല അവർ അതും പറഞ്ഞു പുറത്തേക്കിറങ്ങി. ഞാൻ അവരെ അന്ധം വിട്ടു നോക്കിയിരുന്നു.

സത്യം പറഞ്ഞാൽ അവരുടെ ഉദ്ദേശം എനിക്ക് മനസ്സിലായില്ല.

ഞാൻ കട്ടിലിൽ നിന്നും ഇറങ്ങി വാതിലിന്റെ അടുത്തുപോയി നോക്കി. ഇല്ല ആരും വരുന്നില്ല എന്ന് ഉറപ്പുവരുത്തിയ ശേഷം ഞാൻ ചേട്ടത്തി കൊണ്ടുതന്ന പഴം എടുത്ത് കഴിച്ചു. കൂടെ കുറച്ച് വെള്ളം കൂടി കുടിച്ചപ്പോൾ തൽകാലം നാളെ രാവിലെ വരെ നിരാഹാരം കിടക്കാനുള്ള എന്നർജി കിട്ടി.

അഭിയെ ഒന്ന് വിളിക്കണം ഉച്ചക്ക് വിളിച്ചതാണ് വീട്ടിൽ ആയതുകൊണ്ട് അതികം വിളി വേണ്ട എന്ന് അവളുടെ ഉഗ്രശാസനയുണ്ട്. ഇവിടത്തെ അവസ്ഥയൊന്നും ഞാൻ പറഞ്ഞിട്ടില്ല. എന്തിനാ വെറുതെ ആ പാവത്തിനെ കൂടി വിഷമിപ്പിക്കുന്നത് എന്നുവിചാരിച്ചു.

ഞാൻ അഭിക്ക് കാൾ ചെയ്തു. റിങ് ചെയ്യുന്നതിന് മുൻപ് തന്നെ കാൾ എടുത്തു. So ഫാസ്റ്റ്

എന്താ ഇത്ര നേരം വിളിക്കാഞ്ഞേ.. കാൾ എടുത്തതും അവൾ പരിഭവം പറയാൻ തുടങ്ങി. ഞാൻ ടെൻഷനായിട്ടാണ് ഇവിടെ ഇരിക്കുന്നെ. അവൾ പറഞ്ഞു.

ഞാൻ തിരിച്ച് ഒന്നും പറയാൻ പോയില്ല.

കിച്ചു.. എന്താ മിണ്ടാതെ.. അവരോട് പറഞ്ഞോ..

മ്മ് പറഞ്ഞു.

അവര് എന്താ പറഞ്ഞെ.. അവൾ ആകാംഷയോടെ ചോദിച്ചു.

പകുതി സമ്മതം.

എന്താണെങ്കിലും ഒന്ന് തെളിച്ച് പറ കിച്ചു. അവൾ തിടുക്കം കൂട്ടി.

ഞാൻ നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞു കൊടുത്തു. നിരാഹാരം ഒഴികെ.

മ്മ്... എല്ലാം കേട്ടുകഴിഞ്ഞ് വോൾട്ടേജ് കുറഞ്ഞ ഒരു മൂളലായിരുന്നു അവളുടെ പ്രതികരണം.

ഞാൻ കുറച്ച് നേരം കൂടി അവളോട് സംസാരിച്ചു. എന്നെകൊണ്ട് പറ്റുന്നിടത്തോളം അവൾക്ക് എല്ലാം ശരിയാകും എന്ന ആത്മവിശ്വാസം പകർന്നു കൊടുത്തു.

കുറച്ചു നേരത്തെ സംസാരത്തിന് ശേഷം ഞാൻ കാൾ കട്ട് ചെയ്ത് കിടന്നു.

ഉറക്കത്തിനിടയിൽ ഞാൻ പെട്ടൊന്ന് കണ്ണുതുറന്നു.

എന്തോ മനസ്സിൽ വല്ലാത്ത ഒരു ഭയം പോലെ. എനി ഇവിടെ നിന്നാൽ കാര്യങ്ങൾ കൈവിട്ട് പോകും എന്നൊരു തോന്നൽ.

ഞാൻ എഴുനേറ്റ് ലൈറ്റിട്ടു. സമയം 11. മണി കഴിഞ്ഞിരിക്കുന്നു.

ഞാൻ ബാഗ് എടുത്തു. ശബ്ദം ഉണ്ടാകാതെ പുറത്തേക്കിറങ്ങി. പുറത്ത് നല്ല ഇരുട്ടാണ്.

ഞാൻ വീടിന് പുറത്തിറങ്ങി ഗേറ്റ് തുറന്ന് നേരെ നടന്നു.

ഞാൻ എങ്ങിനെയോ തപ്പി തടഞ്ഞ് മെയിൻ റോഡിലെത്തി.

റോഡ് വിജനമാണ്. പെട്ടെന്ന് എവിടെനിന്നോ ഒരു ബൈക്ക് കാരൻ എന്റെ മുന്നിൽ വന്ന് നിർത്തി. അയാൾക്ക് ദുൽകർ സൽമാന്റെ നല്ല മുഖചായ.

ചേട്ടാ.. ഈ... ലഡാക്കിലേക്ക് എങ്ങനെയാ പോവുക... അവൻ ചോദിച്ചു.

അത് നേരെ പോയി ലെഫ്റ്റ് തിരിഞ്ഞാൽ മതി. ഞാൻ അയാൾക്ക് വഴി പറഞ്ഞുകൊടുത്തു.

അതേയ് ഞാനും കൂടി വന്നോട്ടെ.. ഞാൻ അയാളോട് ചോദിച്ചു.

ആ കയറിക്കോ.. അയാൾ എന്നോട് കയറിക്കോളാൻ പറഞ്ഞു.

ഞാൻ കയറിയതും അവൻ വേഗത്തിൽ ചവിട്ടാൻ തുടങ്ങി. ഞാൻ നോക്കുമ്പോൾ അവൻ ഓടിച്ച വന്നിരുന്ന ഹിമാലയൻ ബൈക്ക് ഒരു ഹെർക്കുലീസ് സൈക്കളായി മാറിയിരിക്കുന്നു.

സൈക്കിളെങ്കിൽ സൈക്കിൾ എന്ന് വിചാരിച്ച് അവന് പുറകിൽ താനെയിരുന്നു.

നല്ല സ്പീഡിലാണ് ഞങ്ങൾ പോകുന്നത്. ഞാൻ സൈക്കിളിന്റെ മീറ്ററിലേക്ക് നോക്കി. ഡിജിറ്റൽ മീറ്ററാണ് അതിൽ 110 km /h എന്ന് കാണിക്കുന്നു.

ഞാൻ വീഴാതിരിക്കാൻ കണ്ണുകൾ അടച്ച് അവനെ ചുറ്റി പിടിച്ചിരുന്നു .

പെട്ടൊന്ന് കണ്ണുഉറന്നപ്പോൾ സൈക്കിളുമില്ല ഓടിച്ച് വന്ന റൈഡറും ഇല്ല. ഞാൻ നിൽക്കുന്നത് നടുറോഡിലാണ്.

എനിക്ക് നേരെ ഒരു പാണ്ടിലോറി പാഞ്ഞു വരുന്നത് ഞാൻ കണ്ടു.

അതിലെ ഡ്രൈവറെ കണ്ട് ഞാൻ ശരിക്കും ഞെട്ടി.

അമ്മേ... എന്നെ കൊല്ലല്ലേ... ഞാൻ ഉറക്കെ കരഞ്ഞു.

പെട്ടന്ന് ഞാൻ കണ്ണുതുറന്നു. ഹോ.. സ്വപ്നമായിരുന്നോ.. ഞാൻ കുറച്ച് നേരം ഇരുന്ന് കിതച്ചു.

അമ്മ രാവിലെതന്നെ പാണ്ടി ലോറി എടുത്ത് ഇറങ്ങിയിരിക്കുകയാണ് മനുഷ്യനെ കൊല്ലാൻ.

അതൊരു ഭീകരമായ സ്വപ്നമായിരുന്നു.

പക്ഷേ ആ സ്വപ്നം എന്റെ ജീവിതത്തിന്റെ ഗതി മാറ്റും എന്ന് ഞാൻ അറിഞ്ഞില്ല.

ഒരുപാട് അക്ഷര തെറ്റുകൾ വരുന്നുണ്ട് എന്നെനിക്കറിയാം. ക്ഷമിക്കണം എന്നതിനപ്പുറം മറ്റൊരു വാക്ക് പറയാൻ കഴിയില്ല.

കാരണം എന്റെ മലയാള പരിജ്ഞാനം വച്ചുകൊണ്ട് കഥ എഴുതാൻ പോയിട്ട് മര്യാദയ്ക്ക് ഒരു കഥ വായിക്കാൻ പോലും കഴിയില്ല.

പക്ഷേ.. ഇവിടെനിന്നും കഥകൾ വായിച്ച് വായിച്ച് ഞാനൊരു എഴുത്തുകാരനായി മാറി. അല്ലങ്കിൽ ഒരു കഥ എഴുതണം എന്നൊരു പ്രേരണ എനിക്കുണ്ടായി.

തെറ്റാണെങ്കിലും കൂടി ഞാനത് മാക്സിമം എഴുതി ഫലിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

എന്റെ ഇഷ്ടങ്ങൾക്കാനുസരിച്ച് ഞാൻ ഇവിടെ എഴുതുന്നു. അത് കഥയാണോ.. നോവലാണോ.. എന്നൊന്നും എനിക്ക് ഒരു പിടിയുമില്ല.

ഞാൻ എഴുതുന്നത് നിങ്ങൾക്ക് ഇഷ്ടമാകുന്നുണ്ട് എന്ന് ഞാൻ കരുതുന്നു.

ഈ.. ഭാഗം നിങ്ങള് പ്രദീക്ഷിക്കുന്ന ഒന്നുതന്നെ ഉണ്ടാവാൻ സാധ്യതയില്ല.

കാരണം ഈ പാർട്ട് കഥയുടെ അവസാന ഭാഗത്തേക് കടക്കുന്നതിന്റെ ഒരു ക്രോഡീകരണം മാത്രമാണ്. അതുകൊണ്ട് ഓവറായി ഒന്നും expect ചെയ്യാതിരിക്കുക.

പ്രതീക്ഷിച്ചപോലെ വന്നില്ല എന്നുകരുതി like ചെയ്യാതിരിക്കരുത്. Next പാർട്ട് (climax) എഴുതാനുള്ള പ്രചോദനമാണ് നിങ്ങളുടെ ഓരോ ലൈകും.

സ്നേഹത്തോടെ dear . jk

%%%%%%%%%%%%%%%%%%%%%%%%%

സ്വപ്നം കണ്ട് കിളി പോയി കണ്ണും തുറിച്ച് കിടക്കുമ്പോഴാണ് വാതിലും തള്ളിതുറന്നുകൊണ്ട് അമ്മയുടെ വരവ്.

ആ വരവ് കണ്ടതും ഞാനൊന്ന് ഞെട്ടി.

സ്വപ്നത്തിൽ പാണ്ടി ലോറിയുംകൊണ്ട് വന്നയാളാണ് എനി നേരം വെളുത്തപ്പോ വല്ല വെട്ട്കത്തിയും കൊണ്ട് വരുകയാണോ.. ഞാൻ ചിന്തിച്ചു.

ഇല്ല കയ്യിൽ വെട്ടുകത്തിയൊന്നും കാണുന്നില്ല. ഞാൻ അമ്മയുടെ രണ്ട് കൈകളിലും കത്തി ഇല്ല എന്ന് ഉറപ്പുവരുത്തി.

എന്താടാ... അമ്മ വേവലാതിയോടെ എന്നോട് ചോദിച്ചു.

ങേ... എന്താ... ഞാൻ അമ്മയുടെ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാവാത്തതുപോലെ തിരിച്ചു ചോദിച്ചു.

നീ എന്തിനാ ഇവിടെകിടന്ന് ഒച്ചയെടുത്തത്.

ഒച്ചയെടുത്തനോ.. അപ്പോഴാണ് ഞാൻ സ്വപ്നം കണ്ടാകാര്യം മനസ്സിലേക്ക് കയറിവന്നത്.

ഓ.. അതോ. അത് ഞാനൊരു സ്വപ്നം കണ്ടതാ. ഞാൻ നിസാര മട്ടിൽ പറഞ്ഞു.

ഹോ.. അപ്പോ അതിനാണോ നീ ഇങ്ങനെ കിടന്ന് കാറിയത്.. മനുഷ്യനെ പേടിപ്പിക്കാനായിട്ട്. അമ്മ ഒരല്പം ദേഷ്യത്തിൽ പറഞ്ഞു.

പിന്നെ.. പാണ്ടി ലോറിയുടെ മുന്നിൽ ചാടി ആത്മഹത്യ ചെയുന്നത് സ്വപ്നം കണ്ടാൽ കിടന്ന് ചിരിക്കാൻ പറ്റുമോ.. സംഭവം അങ്ങനെ അല്ലങ്കിലും സ്വപ്നത്തിൽ ഞാനല്പം തിരുത്തൽ നടത്തികൊണ്ട് അമ്മയോട് പറഞ്ഞു. അല്ലാതെ പിന്നെ അമ്മ പാണ്ടി ലോറി കൊണ്ട് എന്നെ കൊല്ലാൻ വന്നു എന്ന് പറയാൻ പറ്റുമോ.

ഞാൻ സ്വപ്നത്തെക്കുറിച്ച് പറഞ്ഞത് കേട്ട് അമ്മയുടെ മുഖത്ത് ഒരു മങ്ങൽ അനുഭവപ്പെട്ടു.

ഇത് തന്നെ അവസരം. എന്റെ കുരുട്ട് ചിന്തകൾ തലപൊക്കി.

ഹും... രാവിലെ കണ്ട സ്വപ്നം ഫലിക്കും എന്ന് കേട്ടിട്ടുണ്ട്.. ഞാൻ അമ്മയുടെ മുഖത്തേക്ക് പാളി നോക്കികൊണ്ട് പറഞ്ഞു.

ഹാ... എന്റെ ഇഷ്ടം നടന്നില്ലങ്കിൽ അതൊക്കെത്തന്നെയാ എന്റെ മനസ്സിൽ. ഞാൻ അമ്മ കേൾക്കാൻ പാകത്തിന് പതിയെ പറഞ്ഞു കൊണ്ട് കട്ടിലിൽ നിന്നും എഴുനേറ്റു.

അത് കേട്ടതും പെട്ടൊന്ന് അമ്മ എന്റെ മുഖത്തേക്ക് തറപ്പിച്ചോന്ന് നോക്കി.

ഞാൻ അമ്മക്ക് മുഖം കൊടുക്കാതെ റൂമിൽ നിന്നും പുറത്തേക്കിറങ്ങി.

അച്ഛൻ തൂമ്പയും കൊണ്ട് വയലിലേക്ക് പോകുന്നത് കണ്ടു. പാടത്ത് പാരമ്പര്യമായി കിട്ടിയ രണ്ട് ഏക്കർ ഭൂമിയുണ്ട്. പോരാത്തതിന് പാട്ടത്തിനെടുത്ത ഒരേക്കറിൽ വേറെയുമുണ്ട്. അവിടെ എല്ലാ കൊല്ലവും കൃഷിയിറക്കുന്നതാണ് അച്ഛന്റെ പ്രദാന പണി. രാവിലെതന്നെ അങ്ങോട്ടുള്ള പോക്കാണ്.

ചേട്ടനെ അവിടെയൊന്നും കണ്ടില്ല. ചിലപ്പോൾ നടക്കാൻ പോയികാണും.

ആള് അങ്ങനെയാണ് സ്ഥിരമായി ഇല്ലങ്കിലും ഇടക്ക് നടക്കാൻ പോകുന്ന പരുപാടിയുണ്ട്.

ഇന്നലെ രാത്രിയിലെ ഫുഡ് ശരിയാവാത്തത് കൊണ്ട് നല്ല വിശപ്പ് തോന്നുന്നുണ്ട് .

ഞാൻ പിന്നെ സമയം കളയാതെ പോയി പല്ല് തേച്ചുവന്നു.

കിച്ചു.. നിനക്ക് ചായയെടുക്കട്ടെ... ഏട്ടത്തിയുടെ ചോദ്യമെത്തി.

ഞാനൊന്ന് പുറത്ത് പോയിട്ട് വരാം ഏടത്തി. ഞാൻ ഏട്ടത്തിക്ക് മറുപടി കൊടുത്ത ശേഷം ബൈക്കിന്റെ കീയുമെടുത്ത് പുറത്തേക്ക് നടന്നു.

ഫോണിൽ അഭിയുടെ മെസ്സേജ് വന്ന് കിടപ്പുണ്ട്. ഞാൻ അത് എടുത്ത് നോക്കി.

ഓപ്പൺ ചെയ്ത വഴിക്ക് തന്നെ സെറ്റ് സാരിയുടുത്ത അഭിയുടെ സെൽഫി പിക്കാണ് കണ്ടത്

പച്ച ബ്ലൗസും കസവ് സാരിയും. ആ ഫോട്ടോ കണ്ടപ്പോൾ തന്നെ എന്റെ ഉള്ളിൽ വല്ലാത്തൊരു തണുപ്പ് അനുഭവപെട്ടു.

ഞാൻ ആ പിക് ഒന്നുടെ സൂം ചെയ്ത് നോക്കി. എഫക്ട് ഒന്നും ഉപയോഗിക്കാതെ തന്നെ എന്തോരു തെളിച്ചമാണ് പെണ്ണിന്റെ മുഖത്തിന്. മുഖമകട്ടെ വെണ്ണപോലെ തിളങ്ങുന്നു.

ചുണ്ടിന് ചായം തേക്കാതെ തന്നെ അതങ്ങനെ ഇളം ചുവപ്പ് നിറത്തിൽ എന്നെയും കൊതിപ്പിച്ച് നിൽക്കുകയാണ്.

ഇങ്ങോട്ട് വരുന്ന ദിവസം ആ ചുണ്ടുകൾ നുണഞ്ഞത് എന്റെ മനസ്സിലേക്ക് കയറിവന്നു.

ഹോ... എന്റെ ശരീരം മൊത്തം ഒരു കോരി തരിപ്പ് അനുഭവപ്പെട്ടു.

എത്ര നേരം വേണമെങ്കിലും ആ ഫോട്ടോയും നോക്കി നിൽകാം പക്ഷേ എനിയും അത് നോക്കി നിന്നാൽ ശരിയാവില്ല.

ഞാൻ ഫോട്ടോക് ആടിയിൽ വന്ന മെസ്സേജ് എടുത്ത് നോക്കി.

ഞാൻ പള്ളിപ്പറമ്പുകവ് അമ്പലത്തിൽ പോവാണ്. പോയി വന്നിട്ട് വിളിക്കാട്ടോ.. "Ummmmaaaaaaa " അതായിരുന്നു ആ മെസ്സേജ്.

ok ഉമ്മ.. ഞാൻ റിപ്ലൈ അയച്ചിട്ടു.

അഭിക്കുള്ള റിപ്ലൈയും കൊടുത്ത് പുറത്തേക്ക് ഇറങ്ങുമ്പോഴാണ് നടത്തവും കഴിഞ്ഞ് വരുന്ന ചേട്ടനെ കണ്ടത്.

ഞാൻ അവനെ മൈൻഡ് ചെയ്യാതെ ബൈക്കിലേക്ക് കയറി.

നീ എങ്ങോട്ടാ...

ഞാൻ ഊറാൻ. എന്താ നീ പോരുന്നോ... ഞാൻ അല്പം കലിപ്പിൽ പറഞ്ഞപ്പോൾ ആളൊരു പുള്ളിങ്ങാചിരി ചിരിച്ചു.

ഞാൻ ഇന്നലത്തെ ദേഷ്യം തീർത്തതാണെന്ന് അവന് മനസ്സിലായി. ഇന്നലെ എന്നെ ഒന്ന് സപ്പോർട്ട് ചെയ്യാത്തതിനുള്ള ചെറിയൊരു ഡോസ് കൊടുത്തതാണ്.

ഞാൻ ബൈക്ക് കൊണ്ട് മെയിൻ റോഡ് ലക്ഷ്യമാക്കി നീങ്ങി.

മെയിൻ റോഡിൽ എത്തിയ ശേഷം ഞാൻ തരക്കേടില്ലാത്ത ഒരു ഹോട്ടലിലേക്ക് വിട്ടു.

ഹോട്ടലിൽ എത്തിയ ശേഷം അവിടെ നിന്നും കഴിക്കാൻ ഉഴുന്ന് ദോശ പറഞ്ഞു.

കുറച്ച് കഴിഞ്ഞതും ഓർഡർ ചെയ്ത നല്ല ചൂടുള്ള ദോശ മുന്നിലെത്തി.

അതിലേക്ക് നല്ല തേങ്ങ ചട്ട്ണിയും. പിന്നെ കൊഴപ്പുള്ള വെണ്ടയ്ക്ക സാമ്പാറുമുണ്ട്.

ഞാൻ ഒരു കഷ്ണം ദോശ കീറി അത് സാമ്പാറിലും ചട്ട്ണിയിലും മാറിമാറി മുക്കിയ ശേഷം അത് വായിലേക്ക് വാക്കുമ്പോൾ വായിലെ രുചി മുകുളങ്ങൾ ത്രസിച്ചുകൊണ്ട് എഴുനേറ്റ് നിന്നു.

പടക്കം പൊട്ടുന്നതുപോലെ ഠപ്പോ.. ഠപ്പോ.. ന് മൂന്ന് ദോശ ഞാൻ അകത്താക്കി.

ഒരു ചായയും കുടിച്ച ശേഷം ഞാൻ ക്യാഷും കൊടുത്ത് പുറത്തേക്കിറങ്ങി.

എനി അവിടെ നിന്ന് തിരിഞ്ഞിട്ട് കാര്യമില്ലത്തത് കൊണ്ട് ഞാൻ ബൈക്കും എടുത്ത് വീട്ടിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു.

പകുതി വഴിയേതിയതും പോക്കറ്റിൽ കിടന്ന് ഫോൺ റിങ് ചെയ്തു.

ഞാൻ വണ്ടി സൈഡാക്കിയശേഷം ഫോണെടുത്ത് നോക്കി.

എന്റെ പ്രദീക്ഷ തെറ്റിക്കാതെ അത് അഭിരാമിയായിരുന്നു.

ഞാൻ ചിരിയോടെ കാൾ എടുത്തു.

വയറ് നിറഞ്ഞ ആലസ്യവും കാത്തിന് കുളിർമയേകി അഭിയുടെ സംസാരവും.

ഹലോ...

എന്താ മാഡം.. കണ്ണൻ കൂടെ ഇറങ്ങി പൊന്നോ... ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു.

എന്റെ ചോദ്യം കേട്ട് അപ്പുറത് നിന്നും വളകിലുക്കം പോലെ അഭിയുടെ ചിരി ഉയർന്നു.

മ്മ്... കണ്ണൻ എന്നോട് ചോദിച്ചു. ഞാൻ പോരട്ടെന്ന്.... അവൾ അത് പറഞ്ഞ് വീണ്ടും ചിരിക്കാൻ തുടങ്ങി.

എന്നിട്ട് എന്തുപറഞ്ഞു എന്റെ ദേവി...

ഞാൻ പറഞ്ഞു.... വരണ്ടാന്ന്. എനിക്കൊരു കള്ള.. ചെക്കനുണ്ട്. അതോണ്ട് സമയം കളയേണ്ടാന്ന് പറഞ്ഞു മൂപ്പരോട്. അവൾ അതും പറഞ്ഞ് വീണ്ടും ചിരിക്കാൻ തുടങ്ങി.

അവളുടെ സംസാരം കേട്ട് എനിക്കും ചിരി വന്നിരുന്നു.

എന്തുപറ്റി ഇന്ന് അമ്പലത്തിൽ പോകാൻ. ഞാൻ ചോദിച്ചു.

ദൈവത്തിനെ നേരിട്ട് കണ്ട് പറയേണ്ട ചില കാര്യങ്ങളുണ്ട്. പിന്നെ കുറെയായി അമ്പലത്തിലൊക്കെ പോയിട്ട്.

അതേയ്... രാവിലെ എഴുന്നേറ്റപ്പോ തോന്നിയതാണ് അമ്പലത്തിൽ പോണെന്ന്. സോറി. മുൻകൂട്ടി പറയാനൊന്നും പറ്റില്ല. അവൾ ഒരു ക്ഷമാപണം എന്ന പോലെ എന്നോട് പറഞ്ഞു.

അതിനെന്തിനാ സോറിയൊക്കെ. എന്റെ പോന്നഭി.. ഇങ്ങനൊന്നും പറയല്ലെട്ടോ. പിന്നെ എനിക്ക് വേറെ ഒരു കാര്യത്തിൽ ദേഷ്യമുണ്ട്...

അയ്യോ... അതെന്താ. അവൾ തേല്ലൊരു ഭയത്തോടെ തിരിച്ച് ചോദിച്ചു.

എന്താ.. നീ എന്റെ കുഞ്ഞിന്റെ ഫോട്ടോ അയക്കാഞ്ഞേ..

ഹോ.. അതാണോ.. അവളുടെ വാക്കിൽ ചെറിയ ഒരാശ്വാസം നിഴലിച്ചു.

ആ.. അതെ അത് തന്നെ. എനിക്ക് ഈ.. മര മോന്ത മാത്രം കണ്ടാൽ പോരാ..

എന്ത്... മര മോന്തയോ...

മ്മ്... അതെ.. മരമോന്ത തന്നെ. ഞാൻ ചിരിച്ചുംകൊണ്ട് പറഞ്ഞു.

ആയ്കോട്ടെ. എന്ന എനി മരമോന്ത കാണാൻ ഇങ്ങുവാ..ട്ടോ. ഞാൻ കാണിച്ച് തരാം.

അയ്യോ... ഞാൻ വെറുതെ പറഞ്ഞതാ. ഞാൻ പറഞ്ഞത് അവൾ ഗൗരവത്തിൽ എടുത്തു എന്ന് തോന്നിയപ്പോൾ ഞാനവളെ അനുനയിപ്പിക്കാൻ ശ്രമിച്ചു.

അതേയ്.... അഭി.... പക്ഷേ അപ്പുറത്ത് നിന്നും പ്രതികരണം ഒന്നും ഉണ്ടായില്ല.

ഹലോ.... പോയ്യോ... എന്റെ അഭി... ഞാൻ ഒരു തമാശ പറഞ്ഞതല്ലെ. എന്റെ പെണ്ണിനെ കാണാൻ എന്തോരു ചന്താനറിയോ..

ശരിക്കും.. അവളുടെ നാണം കലർന്ന ചോദ്യമെത്തി.

ഹ ഹ ഹാ.. ഇതുവരെ കിട്ടാതിരുന്ന മറുപടി ഒന്ന് പുകഴ്ത്തിയപ്പോ കിട്ടിയത് കണ്ടോ... ഞാൻ അവളെ കളിയാക്കും പോലെ പറഞ്ഞു.

ഞാൻ വെറുതെ പറഞ്ഞതാട്ടോ അഭി. എന്റെ പെണ്ണ് ഒരുപാടൊരുപാട് സുന്ദരിയാണ്. ഞാനത് പറഞ്ഞത് എന്റെ ഹൃദയം കൊണ്ടായിരുന്നു.

അപ്പുറത്ത് നിന്നും മുത്ത് പൊഴിയുന്ന ചിരി ഞാൻ കേട്ടു.

എനിക്കറിയായിരുന്നു എന്നെ കളിപ്പിക്കാൻ വേണ്ടി മരമോന്തയ എന്ന് പറഞ്ഞതാന്ന്. അവളെന്നെ കളിയാക്കി.

അതേയ്.. മോനെ കിച്ചൂട്ട.. ആ മനസ്സ് എന്താന്ന് എനിക്ക് നന്നായിട്ടറിയാം കേട്ടോ...

ഈ... അതിന് ഞാനൊരു ഇളിഞ്ഞ ചിരി വച്ചുകൊടുത്തു. അതേയ് കിച്ചൂട്ട.. എനി സംസാരിച്ച് നിൽക്കാൻ നേരല്ല്യ ഞാൻ വീട്ടിലെത്തിട്ട് വിളിക്കാ ട്ടോ.. അവൾ കൊച്ചു കുഞ്ഞിനോട് കൊഞ്ചി പറയും പോലെ എന്നോട് പറഞ്ഞു.

ഡാ.. അഭി. പിക് അയക്ക്. എന്റെ മോളുടെ മാത്രല്ല എന്റെ പെണ്ണിന്റെയും. പിന്നേയ് ഫുൾ സൈസ് ആയിക്കോട്ടെ. ആ സെറ്റ് മുണ്ട് ഉടുത് നിക്കണത് കാണാൻ കൊതിയായി.

മ്മ്... ശരി. അവിടെ എത്തിട്ട് വിളിക്കവേ. അവൾ അതും പറഞ്ഞു കാൾ കട്ട് ചെയ്തു.

അല്പം കഴിഞ്ഞതും അഭിയുടെ മെസ്സേജ് വന്നു. ഞാൻ അത് ഓപ്പൺ ചെയ്തു. ആഹാ... കണ്ണിന് കുളിര്മയുള്ള കാഴ്ച.

നീനു അമ്പലത്തിന്റെ മുന്നിലെ കവാടത്തിന് മുന്നിൽ നിന്നുകൊണ്ടുള്ള അതി മനോഹരമായ ഫോട്ടോ.

ഉടുപ്പ് തന്നെയാണ് വേഷം. നീനുവിനെ പോലെ തന്നെ മനോഹരമാണ് പുള്ളിപ്പറമ്പ് കാവിന്റെ കവാടവും. അതി മനോഹരമായ ചുവർ ചിത്രങ്ങൾ കൊണ്ട് മനോഹരമാക്കിയ കവാടം. അതിന് മുന്നിൽ എന്റെ കുഞ്ഞ് മാലാഖ.

ഞാനാ ഫോട്ടോ നോക്കി നിൽക്കുന്നതിനിടയിൽ നീനുവിന്റെ തന്നെ പല പോസിലുള്ള ഫോട്ടോകൾ ഫോണിലേക്ക് വന്നു കൊണ്ടിരുന്നു.

ഞാൻ അവയിൽ എല്ലാം ഒന്ന് കണ്ണോടിച്ചശേഷം അഭിയുടെ ഫോട്ടോയ്ക്ക് വേണ്ടി കാത്തുനിന്നു.

എവിടെ.... ഞാൻ അവൾക്ക് ഒരു റിപ്ലൈ കൊടുത്തു.

എന്ത്...

പിക്...

അത് ഞാൻ അയച്ചല്ലോ.

അതെന്റെ മോളുടെ പിക്കലെ. എനി എന്റെ ഭാര്യടെ പിക് എവിടെ.

ഭാര്യയോ... അപ്പോ ഒക്കെ തീരുമാനിച്ചോ.

മ്മ്... ഞാൻ തീരുമാനിച്ചു. എന്താ സമ്മതമല്ലേ... ഞാൻ അവളോട് ചോദിച്ചു.

100 വട്ടം

ആ മെസ്സേജിനു പുറകെ അഭിയുടെ കുറച്ച് ഫോട്ടോസ് കൂടി വന്നു.

കള്ളത്തി ഞാൻ ചോദിക്കാൻ വേണ്ടി കാത്ത് നിൽക്കുകയായിരുന്നു. ഞാൻ ചിന്തിച്ചു.

Ok ട്ടോ കിച്ചു. ഞാൻ അവിടെ എത്തിട്ട് വിളിക്കാം. അവളുടെ ലാസ്റ്റ് മെസ്സേജും വന്നു.

ഞാൻ കുറച്ച് നേരം കൂടി അവിടെ നിന്ന് രണ്ട് പേരുടെയും ഫോട്ടോകൾ കണ്ട് തൃപ്തിയടഞ്ഞതിനുശേഷമാണ് തിരിച്ച് വീട്ടിലേക്ക് പോന്നത്.

ഞാൻ തിരിച്ച് വീട്ടിലെത്തുമ്പോൾ സമയം 10 മണി കഴിഞ്ഞിരുന്നു.

അമ്മ ഉമ്മറത്ത് തന്നെ ഇരിപ്പുണ്ട്.

ഞാൻ ബൈക്ക് കൊണ്ടുപോയി നിർത്തിയശേഷം ഉമ്മറത്തേക്ക് കയറി.

നീ എവിടായിരുന്നു ഇത്രയും നേരം.. അമ്മയുടെ ചോദ്യമെത്തി.

ഞാൻ പറഞ്ഞല്ലോ പുറത്ത് പോവാന്ന്.

നിനക്ക് ചായ വേണ്ടേ..

വേണ്ട ഞാൻ കഴിച്ചു.

എവിടുന്ന്...

ഞാൻ ഒരു ഫ്രണ്ടിന്റെ വീട്ടിന് കഴിച്ചു.

വീണ്ടും അമ്മയുടെ ചോദ്യങ്ങൾ വരുന്നതിന് മുൻപ് ഞാൻ അവിടെ നിന്നും റൂമിലേക്ക് വലിഞ്ഞു.

********************************************

എല്ലാ പ്രാവശ്യവും ലീവിന് വന്നാൽ ഉച്ചതെ ഫുഡും കഴിച്ച് 4.30 ന്റെ PALARUVI എക്സ്പ്രസ്സിനാണ് പോവാറ്. പക്ഷേ ഇപ്രാവശ്യം ഞാൻ ഉച്ചക്ക് മുൻപ് വിട്ടിൽനിന്നും ഇറങ്ങി.

നീ എങ്ങോട്ടാ... എന്റെ ബാഗും തൂക്കിയുള്ള വരവ് കണ്ടതും ഏടത്തിയുടെ ചോദ്യമെത്തി. അത് കേട്ട് കാര്യമറിയാൻ വേണ്ടി അടുക്കളയിൽ നിന്നിരുന്ന അമ്മ തിരിഞ്ഞു നോക്കിയതും ഞാൻ ബാഗും തൂക്കി നിൽക്കുന്നതാണ് കണ്ടത്.

പെട്ടെന്ന് അമ്മയുടെ മുഖത്തേക് ഒരു ചോദ്യഭാവം കടന്നുവന്നു.

ഞാൻ പോവാണ് ഏട്ടത്തി.. ഞാൻ അമ്മയുടെ മുഖത്ത് നിന്നും ഏട്ടത്തിയുടെ മുഖത്തേക്ക് നോക്കി അല്പം പുച്ഛവും മുഖത്ത് വാരിത്തേച്ചുകൊണ്ട് പറഞ്ഞു.

അപ്പോ നീ ഒന്നും കഴിക്കുന്നില്ലേ... ഏട്ടത്തി ചോദിച്ചു.

ഇല്ല.. ഞാൻ മുഖം തിരിച്ചുകൊണ്ട് പറഞ്ഞു.

ഡാ.. കിച്ചു. നീ ഇന്നലെ ഉച്ചക്ക് ഈ വീട്ടിൽ നിന്നും അരിഭക്ഷണം കഴിച്ചതല്ലേ.. പിന്നെ എന്തെങ്കിലും ഇതുവരെ കഴിച്ചിട്ടുണ്ടോ... അല്ല എന്താ നിന്റെ വിചാരം. ഏട്ടത്തി ദേഷ്യത്തിൽ എന്ന പോലെ പറഞ്ഞശേഷം അമ്മ കാണാതെ എന്നെ നോക്കി കണ്ണിറുക്കി കാണിച്ചു.

എനിക്ക് ചിരി വന്നെങ്കിലും ഞാൻ അത് പണിപെട്ട് അടക്കിപിടിച്ചു.

എന്താ നിന്റെ ഉദ്ദേശം... അമ്മയുടെയും ചോദ്യമെത്തി.

ഞാൻ പട്ടിണി കിടന്ന് ചത്താലും ഇവിടെ ആർക്കും ഒന്നും ഇല്ലാലോ.. ഞാൻ അമ്മയെ നോക്കി ചുണ്ട് ഒരു സൈഡിലേക്ക് കോട്ടികൊണ്ട് പറഞ്ഞു.

നീ.. ഇങ്ങനൊക്കെ പറയുന്നത് എന്തുകൊണ്ടാണ് എന്നെനിക്ക് നന്നായിട്ടറിയാം.

എന്റെ കുഞ്ഞിനെ കൊണ്ട് ഇങ്ങനൊക്കെ പറയിപ്പിക്കാൻ ആ ഒരുമ്പേട്ടോള് എന്ത് കൂടോത്രാ ചെയ്തെ ഇക്കറിയില്ല എന്റെ ഗുരുവായൂരപ്പാ... അമ്മ നെഞ്ചിൽ കൈവെച്ചുകൊണ്ട് പറഞ്ഞു.

പക്ഷേ അമ്മ ആ പറഞ്ഞത് എനിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല എന്ന് മാത്രമല്ല അതെന്നെ ഒരുപാട് വേദനിപ്പിക്കുകയും ചെയ്തു.

ഞാൻ അമ്മയുടെ മുഖത്തേക്ക് തറപ്പിച്ചൊന്ന് നോക്കി. ആ നിമിഷം എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഞാൻ പിന്നെ ഒന്നും മിണ്ടാതെ അവിടെ നിന്നും തിരിഞ്ഞ് നടന്നു.

മനസ്സിൽ വല്ലാത്തൊരു ഭാരം പോലെ. അമ്മ അഭിയെ അങ്ങനെ പറഞ്ഞതുകൊണ്ടാണെന്ന് തോന്നുന്നു. അതിന്റെ ഹാങ്ങോവറിൽ ഞാൻ മെയിൻ റോഡ് വരെ നടക്കാൻ തീരുമാനിച്ചു.

ഗേറ്റിന് പുറത്ത് എത്തിയതും ഞാൻ ഫോണെടുത്തു. അഭിയെ ഒന്ന് വിളിക്കണം. വല്ലാത്തൊരു ഒറ്റപ്പെടല് പോലെ. അവളുടെ ശബ്ദം കേൾക്കാൻ ഉള്ള് വല്ലാതെ തുടിക്കുന്നുണ്ട്.

പക്ഷേ ഒരു ഫുൾ റിങ് കഴിഞ്ഞിട്ടും കക്ഷി ഫോണെടുത്തില്ല. വല്ല തിരക്കിലും ആകും എന്ന് കരുതി ഞാൻ പിന്നെ വിളിക്കാൻ പോയില്ല.

വീട്ടിൽ നിന്നും അല്പ ദൂരം നടന്നാൽ പിന്നെ നെൽവയലിനോട് അരിക് പറ്റിയാണ് റോഡ് . ഏകദേശം നൂറ് മീറ്ററോളം അങ്ങനെതന്നെയാണ്.

നടക്കുന്നതിനിടയിൽ ഞാൻ വയലിലേക്ക് നോക്കി. നോക്കെത്താദൂരത്തോളം പച്ച പുതച്ച് കിടക്കുകയാണ്.

ചിലയിടങ്ങളിൽ കതിരിടാൻ തുടങ്ങിയതിന്റെ മഞ്ഞ നിറം കാണാം . എങ്കിലും എന്റെ അടുത്തുള്ളവ ഇളം നാമ്പുകളാണ്. അതിന്റെ തലപ്പത് മഴവിൽ നിറമണിഞ്ഞ നീർമണികൾ. അവ വെയിൽ കിരണമേൽകുമ്പോൾ എന്നെ നോക്കി ചിരിക്കും പോലെ.

നേരം പതിനൊന്ന് മണിയായിരിക്കുന്നു യെങ്കിലും വയലിന്റെ മറുകരയോരം മഞ്ഞിന്റെ മൂടലിൽ മങ്ങിയ കാഴ്ച അതൊരു മനോഹരമായ കാഴ്ചയായിതോന്നി.

പല വയൽ വരൻബിൻ മേലും കരിമ്പനകൾ നിൽക്കുന്നുണ്ട്. അവയങ്ങനെ വയലിന് നടുക്ക് തലയും ഉയർത്തി പിടിച്ച് നിൽക്കുന്നത് കാണുമ്പോൾ ആരോ ക്യാൻവാസിൽ പകർത്തിയ നിറ കൂട്ടുകളാണെന്ന് തോന്നി പോകും.

പാലക്കാടൻ വയലുകളേ മറ്റ് വയലിടങ്ങളിൽ നിന്നും വ്യത്യസ്തവും മനോഹരവുമാക്കുന്നതും ഈ ഒരു കാഴ്ച തന്നെയാണ്.

ഒരു കരിമ്പനയിൽ നിന്നും ആരോ ഇറങ്ങുന്നത് കണ്ടു. ഞാൻ സൂക്ഷിച്ചു നോക്കി. കൃഷ്ണേട്ടനാണ്. ഞങ്ങടെ നാട്ടിലെ ചെത്തുകാരൻ.

അന്യം നിന്നു പോകുന്ന കലാരൂപം ഇന്നും തനിമയോടെ നിലനിർത്തി പോരുന്ന അദ്ദേഹത്തോട് എനിക്ക് വളരെ ബഹുമാനമാണ്.

ഞാൻ നാട്ടിൽ ഉള്ള സമയത്ത് ചേട്ടനെയും കൂട്ടുപിടിച്ച് പലപ്പോഴും അങ്ങേരുടെ കൈയിൽനിന്നും കള്ള് വാങ്ങി കുടിക്കാറുണ്ട്.

കള്ള് എന്ന് പറഞ്ഞാൽ അത് പനംകള്ള്. തെങ്ങിൻ കള്ളിനെക്കാൾ ഒരു പാടി മുകളിൽ നിൽക്കും.

കൃഷ്ണേട്ടന്റെ അരയിൽ കള്ളും കുടം കാണുന്നുണ്ട്. കുറച്ച് വാങ്ങി കുടിച്ചല്ലോ.. മനസ്സിൽ അങ്ങനൊരു ചിന്ത കടന്നു വന്നു.

അപ്പോഴാണ് പോക്കറ്റിൽ ഇരുന്ന് ഫോൺ റിങ് ചെയ്തത്.

ഞാൻ ഫോൺ എടുത്ത് നോക്കി. അഭിയാണ്.

ഞാൻ കാൾ എടുത്ത് ഫോൺ ചെവിയിൽ വച്ചു.

ഹലോ... കള്ളിനെക്കാൾ ലഹരിയുള്ള അഭിയുടെ സ്വരം എന്റെ കാതിൽ വന്ന് പതിച്ചു.

ഞാൻ ബാത്‌റൂമിലായിരുന്നു. അവൾ പറഞ്ഞു.

മ്മ്... ഞാൻ റെയിൽവേ സ്റ്റേഷനിലേക്ക് പോയികൊണ്ടിരിക്യാ.

ഉച്ചക്ക് ശേഷെ ഇറങ്ങു എന്നാണല്ലോ പറഞ്ഞത് . ഇതെന്തുപറ്റി... അഭിരാമിയുടെ വ്യാകുലത കലർന്ന ചോദ്യമെത്തി.

അത് വേറെ ഒന്നും കൊണ്ടെല്ല. ആ പിക് കണ്ടപ്പോ എനിക്ക് ഇവിടെ ഇരിക്കാൻ തോന്നുന്നില്ല. അതുകൊണ്ടാ. ഞാനൊരു തമാശ പറയും പോലെ പറഞ്ഞു.

അതല്ല. വേറെ എന്തോ ഉണ്ട്. എന്താ കിച്ചു.. പറ.

എന്റെ പെണ്ണെ ഒന്നല്ല. ശോ.. ഇത് നല്ല കഥയായല്ലോ... ഞാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

അഭി.. അച്ഛൻ വരുന്നുണ്ട്. ഞാൻ അങ്ങോട്ട് വിളിക്കാം. ഞാൻ അതും പറഞ്ഞ് കാൾ കട്ട് ചെയ്തു.

അച്ഛൻ പാടത്തുനിന്നും എന്റെ അരികിലേക്ക് നടന്ന് വന്നു. കയ്യിലും കാലിലുമെല്ലാം ചെളി പറ്റിപ്പിടിച്ചിരിക്കുന്നുണ്ട്.

അച്ഛന്റെ ആ രൂപം കണ്ടപ്പോൾ നെഞ്ചിനകത്ത് ഒരു കൊളുത്തിവലി അനുഭവപ്പെടാതിരുന്നില്ല.

എന്താ നീ ഇന്ന് നേരത്തെ.

ഹേയ് അത് ഒന്നുല്ലച്ഛാ..

എന്റെ രണ്ട് മകൾക്കും ഒരു വിചാരണ്ട് നിങ്ങള് വല്ല്യാതങ്ങു വളർന്നൂന്ന്. പക്ഷേ.. എനിക്ക് അന്നും ഇന്നും ഇങ്ങളെന്റെ കുഞ്ഞ് മകളാണ്. നിന്റെയൊക്കെ മുഖമോന്ന് വാടിയാൽ എനിക്ക് മനസ്സിലാവും.

നിനക്ക കുട്ടിനെ മറക്കാൻ പറ്റില്ല എന്നാണോ... അച്ഛൻ ദയനീയമായി എന്റെ മുഖത്തേക്ക് നോക്കികൊണ്ട് ചോദിച്ചു.

അതെ അച്ഛാ. അവളൊരു പാവാണ്.

ഹും... നീ സമാദാനപെട്. ഞാൻ എന്തെങ്കിലും വഴി ഉണ്ടാക്കാൻ പറ്റുമോ നോക്കട്ടെ.

അച്ഛൻ അതും പറഞ്ഞ് ചെളി പിടിച്ച കൈ തന്റെ മുണ്ടിൽ തുടച്ച ശേഷം പോക്കറ്റിൽ കയ്യിട്ട് രണ്ടായിരത്തിന്റെ ഒരു നോട്ട് എടുത്ത് എനിക്ക് നേരെ നീട്ടി.

നാ... ഇത് വച്ചോ.

അയ്യോ വേണ്ടച്ഛാ. എന്റെലുണ്ട്. ഞാൻ അച്ഛന്റെ കൈ തടഞ്ഞുകൊണ്ട് പറഞ്ഞു.

ഹേയ്.. അതൊന്നും സാരില്ല്യ. ഇത് വച്ചോ എന്ന് പറഞ്ഞ് അച്ഛൻ ആ നോട്ട് എന്റെ പോക്കറ്റിൽ തിരുകി വച്ചു.

ശ്രദ്ധിച്ച് പോണട്ടോ. അച്ഛൻ അതും പറഞ്ഞുകൊണ്ട് പാട വരമ്പിലൂടെ നടന്നകന്നു.

ഞാൻ അച്ഛൻ തന്ന രണ്ടായിരത്തിന്റെ നോട്ടെടുത്ത് നിവർത്തി നോക്കി.

ആ നോട്ടിന് കുറച്ച് പഴക്കം ചെന്ന് മുഷിച്ചിൽ വരാൻ തുടങ്ങിയിരുന്നു. അത് അച്ഛന്റെ പ്രതിബിംബമായി എനിക്ക് തോന്നി. എന്റെ കണ്ണിൽ നിന്നും ചൂടുള്ള രണ്ട് തുള്ളി കണ്ണുനീർ ആ നോട്ടിലേക്ക് ഇറ്റിറ്റു വീണു.

*********************************************

ട്രെയിൻ യാത്രക്കിടെ അച്ഛന്റെയും അമ്മയുടെയും അഭിയുടെയും നീതുവിന്റെയും മുഖങ്ങൾ പലകുറി ആവർത്തനമായി മനസ്സിലേക്ക് കടന്ന് വന്നു കൊണ്ടിരുന്നു.

ഇടയ്ക്കെപ്പോഴോ ചേട്ടന്റെ കോളുണ്ടായിരുന്നു. അച്ഛൻ പറഞ്ഞതൊക്കെ തന്നെയാണ് അവനും പറയാനുണ്ടായിരുന്നുള്ളു.

ഞാൻ ഫുഡ് കഴിക്കാതെ പോന്നതിന് അവന്റെ വക നല്ല തെറിയും കേട്ടു. തിരിച്ച് ഞാൻ ഒന്നും പറയാതെ ചിരിക്കുക മാത്രം ചെയ്തപ്പോൾ തെറി പറച്ചിൽ നിർത്തിയ ശേഷം അവൻ അഭിയുടെ കാര്യം വീട്ടിൽ പറഞ്ഞ് സമ്മതിപ്പിക്കാൻ ശ്രമിക്കാമെന്നും ഉറപ്പ് തന്നു.

പക്ഷേ എത്രയൊക്കെ ചിന്തിച്ചിട്ടും ഏട്ടത്തി എന്നെ സപ്പോർട്ട് ചെയ്യുന്നതിന്റെ അർത്ഥം മാത്രം എനിക്ക് പിടികിട്ടിയില്ല.

ട്രെയിൻ എറണാകുളം നോർത്തിൽ എത്തുമ്പോൾ സമയം 5 മണി കഴിഞ്ഞിരുന്നു.

ഞാൻ ഹോസ്റ്റലിൽ എത്തിയ ശേഷം അഭിക്ക് ഞാനെത്തി എന്ന് പറഞ്ഞൊരു മെസ്സേജ് അയച്ചു. അല്ലെങ്കിൽ പിന്നെ അതിനായിരിക്കും പുകില്.

അവളെ വിളിച്ച് നടന്നതെല്ലാം പറയണം എന്നെനിക്ക് ആഗ്രഹമുണ്ട്. പക്ഷേ ഞാനത് അവളോട് പറഞ്ഞാൽ അതവളെ വിഷമിപ്പിക്കാനേ ഉപകരിക്കു. എങ്കിലും മനസ്സിലുള്ളത് ആരോടെങ്കിലും ഷെയർ ചെയുകയും വേണം എന്നെനിക്ക് തോന്നി.

പെട്ടെന്ന് രമ്യയുടെ മുഖമാണ് മനസ്സിലേക്ക് കടന്ന് വന്നത്. ഞാൻ അപ്പോൾ തന്നെ ഫോണെടുത്ത് അവളെ വിളിച്ചു.

എന്താ മോളെ നിന്റെ പിജി പഠനമൊക്കെ എവിടെവരെ എത്തി.

ഹും... പഠനം. മണ്ണാങ്കട്ട... കെട്ടാൻ വരുമ്പോ വലിയ വാർത്തനൊക്കെ പറയും. കേട്ട് കഴിഞ്ഞാലല്ലേ യെതാർത്ഥ സ്വഭാവം പുറത്തുവരുന്നത്.

ങേ... അതെന്തുപറ്റി... ഞാൻ കാര്യമറിയുവാനുള്ള ആകാംഷയോടെ ചോദിച്ചു.

എന്നോട് ഇപ്പോ പഠിക്കാൻ പോണ്ടാന്ന് പറഞ്ഞു. അത് പറയുമ്പോൾ അവളുടെ വാക്കുകളിൽ നല്ല വിഷമം ഉള്ളതായി എനിക്ക് തോന്നി. ഞാൻ പിന്നെ അതിനെപ്പറ്റി കൂടുതലൊന്നും ചോദിച്ച് അവളെ വിഷമിപ്പിക്കേണ്ട എന്ന് കരുതി .

ഞാൻ നിങ്ങളെ വിളിച്ചാൽ ഇതൊക്കെ പറയേണ്ടി വരില്ലേ എന്ന് കരുതിയിട്ടാണ് നിങ്ങളെയൊന്നും വിളിക്കാത്തത്.

നീയിപ്പോ എന്റെ അടുത്തുണ്ടെങ്കിൽ എന്റെ കയ്യിന്ന് വാങ്ങിയേനെ. ഞാൻ പറഞ്ഞു നിന്റെ വിഷമങ്ങൾ ഷെയറ് ചെയ്യാനല്ലേ ഞങ്ങളൊക്കെ ഫ്രണ്ട്സ് ആണെന്ന് പറഞ്ഞിരിക്കുന്നത്.

ഇപ്പോ എനിക്കൊരു സങ്കടം വന്നപ്പോൾ ഞാൻ നിന്നെ വിളിച്ചിലെ. അതുപോല്ലേ. ഞാൻ പറഞ്ഞു.

ങേ... നിനക്ക് സങ്കടോ.. എന്തുപറ്റി...

ഞാൻ നടന്ന കാര്യങ്ങളെല്ലാം രമ്യയോട് പറഞ്ഞു.

എല്ലാം കേട്ടശേഷം അവളെന്നെ നല്ല രീതിയിൽ സമാധാനിപ്പിക്കുകയും ചെയ്തു.

ഒരു കോള് കൊണ്ട് രണ്ടാളുടെ മനസ്സിലെ വിഷമങ്ങൾ ഏറെക്കുറെ കുറഞ്ഞുകിട്ടുകയും ചെയ്തു.

അന്ന് പതിവ് പോലെ അഭിരാമിയുമായുള്ള ഫോൺ വിളിയും കഴിഞ്ഞ് 11 മണിക്ക് തന്നെ ഉറങ്ങാൻ കിടന്നു.

ഉറക്കത്തിനിടയിൽ ഫോൺ റിങ് ചെയുന്നത് കേട്ടാണ് ഞാൻ ഉണർന്നത്.

ഫോണെടുത്ത് നോക്കി. ഡിസ്പ്ലേയിൽ achan calling... എന്ന് കണ്ടു.

പെട്ടെന്ന് ഒരു ഭയം എന്റെ സിരകളിലൂടെ ഓടിപ്പോയി. എന്താണാവോ ഈ... നേരത്ത്. ഞാൻ വേഗം കോൾ എടുത്തു.

ഹലോ...

അപ്പുറത് നിന്നും കിതയ്ക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്.

ഹലോ... അച്ഛാ... എന്താ.. ഞാൻ പരിഭ്രമത്തോടെ ചോദിച്ചു.

അമ്മയാടാ... അപ്പുറത് നിന്നും മറുപടിയെത്തി.

എന്തമ്മ.. എന്തുപറ്റി.... ഞാൻ വേഗം ചോദിച്ചു.

നിനക്ക് കുഴപ്പൊന്നും ഇല്ലാലോ...

ങേ... എനിക്കോ.. എനിക്കെന്ത് കുഴപ്പം...

ഞാനൊരു സ്വപ്നം കണ്ടു. അത നിന്നെ വിളിച്ചേ. അമ്മ ശ്വാസം എടുക്കുന്നതിനിടയിൽ പറഞ്ഞു.

അത് കേട്ടപ്പോൾ തന്നെ കാര്യത്തിന്റെ കിടപ്പ് ഏറെക്കുറെ എനിക്ക് മനസ്സിലായി.

ഞാൻ കുറച്ച് നേരം കൂടി അമ്മയോട് സംസാരിച്ച് അമ്മയെ സമാധാനിപ്പിച്ച ശേഷമാണ് ഫോൺ വെച്ചത്. അതിനുശേഷം ഞാൻ കിടന്നുറങ്ങുകയും ചെയ്തു.

പിറ്റേന്ന് ബാങ്കിലേക്ക് പോകുമ്പോൾ രണ്ട് ദിവസത്തിന് ശേഷം അഭിയെ കാണാലോ എന്ന സന്തോഷത്തിലാണ് ഞാൻ.

ഞാൻ തന്നെയാണ് ബാങ്കിൽ നേരത്തെ എത്തിയതും.

കുറച്ച് സമയം കഴിഞ്ഞതും അഭി കയറി വന്നു.

രണ്ട് ദിവസം കഴിഞ്ഞ് കാണുന്നതുകൊണ്ടാണോ എന്നറിയില്ല പെണ്ണിന് ഒന്നൂടെ തിളക്കം വച്ചതുപോലെ.

ഞാനവളുടെ വരവ് കൺകുളിർക്കെ നോക്കി കണ്ടു. ഇപ്പോൾ ആ ബാങ്കിലുള്ള എല്ലാവരുടെയും നോട്ടം അവളിൽ തന്നെയാവും എന്നെനിക്ക് നന്നായിട്ടറിയാം. എന്തുചെയ്യാം നോക്കണ്ട എന്നുപറയാൻ പറ്റില്ലല്ലോ.

അവൾ ബാങ്കിനുള്ളിലേക്ക് വരും തോറും അവളുടെ നോട്ടം എനിൽ തന്നെ തങ്ങിനിന്നു.

ഒരു വൈലറ്റ് ചുരിദാറാണ് വർഷം. സൗന്ദര്യത്തിന്റെ കാര്യം പിന്നെ പറയേണ്ടല്ലോ. കത്തി നിൽക്കണ്.

ഇന്നലെ അമ്പലത്തിൽ പോയതിന്റെ ബാക്കിപത്രം എന്നോണം ഇന്നും ആ നെറ്റിതടത്തിൽ ചന്ദനത്തിന്റെ ചെറിയൊരു നിഴലാട്ടം കാണാം.

അവളെന്റെ അടുത്തെത്തിയതും എനിക്ക് നേരെ എല്ലാവരും കാൺകേ അതിമനോഹരമായ ഒരു ചിരി സമ്മാനിച്ച. ആ ചിരിക്ക് ഒരുപാട് അർത്ഥങ്ങൾ ഉണ്ടായിരുന്നു.

അവള ചിരിയും തന്നുകൊണ്ട് മറ്റാരെയും മൈൻഡ് ചെയ്യാതെ അവളുടെ സീറ്റിലേക്ക് പോയിരുന്നു.

ഞാൻ ചുറ്റുപാടുമുള്ളവരുടെ പ്രതികരണമറിയുവാൻ വേണ്ടി ചുറ്റുമൊന്ന് കണ്ണോടിച്ചു.

എല്ലാവരും അതിശയം കലർന്ന മുഖത്തോടെ എന്നെതന്നെയാണ് നോക്കുന്നത്. അവരെ പറഞ്ഞിട്ടും കാര്യമില്ല. ആദ്യമായിട്ടാണ് അഭിരാമിയിൽ നിന്നും ഇങ്ങനൊരു പ്രവർത്തി ഉണ്ടാവുന്നത്. അതും കുറച്ച് മാസങ്ങൾക്ക് മുൻപ് മാത്രം വന്ന എന്നോട്.

ഞാൻ രാഹുലിന്റെ മുഖത്തേക്ക് നോക്കി. ആഹാ... അവിടെ പിന്നെ അതിശയത്തിനപ്പുറം അസൂയയുടെ ഭാവങ്ങളുമുണ്ടായിരുന്നു.

മൺഡേ ആയോണ്ട് ബാങ്കിൽ നല്ല തിരക്കാണ്. പ്രത്യേകിച്ച് രണ്ട് ദിവസത്തിന് ശേഷമുള്ള വർക്കിംഗ് ഡേ കൂടിയാണല്ലോ. ഇടം വലം തിരിയാൻ നേരം കിട്ടാത്ത അവസ്ഥ.

12.30 ആവേണ്ടിവന്നു ബാങ്കിലെ തിരക്കിന് അല്പം ശമനം കിട്ടാൻ. ഒരു മണി ആയപ്പോൾ ബാങ്കിലെ സ്റ്റാഫുകളെല്ലാം ഭക്ഷണം കഴിക്കുവാൻ വേണ്ടി പോയി.

പക്ഷേ എന്റെ അടുത്ത് ഒരാൾ ഉണ്ടായിരുന്നതുകൊണ്ട് ഞാൻ അല്പം വൈകി. ലോൺ സെക്ഷൻ ആയോണ്ട് എനിക്ക് തോന്നിയ പോലെ ഇട്ടെറിഞ്ഞ് പോകാനും കഴിയില്ല.

